# കൊച്ചിരാജ്യചരിത്രം.

(മൂന്നാം ഫാറത്തിലേയ്ക്കു്)


ഗ്രന്ഥകൎത്താക്കന്മാർ:

എ. ഗോവിന്ദവാരിയർ, ബി. എ., ബി. എൽ.

പാണ്ടിയാട്ടു ശങ്കരമേനോൻ.



*Third Impression—1942.*

ERNAKULAM

V. SUNDRA IYER AND SONS.

# പ്രസ്താവന.

---

ഏഴാംക്ലാസ്സിലേയ്ക്കു നിർദ്ദിഷ്ടമായിരിക്കുന്ന പാഠ്യപദ്ധതിയെ കഴിയുന്നത്ര അനുവർത്തിച്ചു രചിച്ചിട്ടുള്ളതാണു് ഈ ചെറിയ ചരിത്രഗ്രന്ഥം. കൊച്ചിരാജ്യചരിത്രപരമായി ഒരു പന്തീരാണ്ടിലധികംകാലം നടത്തിയ ഗവേഷണങ്ങളുടെ ഫലം ഈ ഗ്രന്ഥരചനയിൽ ഞങ്ങൾക്കു വളരെ സഹായമായിരുന്നിട്ടുണ്ടു്. ഇതു വിദ്യാർത്ഥികളെ ഉദ്ദേശിച്ചു രചിച്ചിട്ടുള്ളതാകയാൽ ഇതിലെ ഭാഷ ലളിതമാക്കുന്നതിനും, ദുർഗ്രഹങ്ങളും സന്നിഗ്ദ്ധങ്ങളുമായ ഭാഗങ്ങൾ കടന്നുകൂടാതിരിക്കുന്നതിനും മനസ്സിരുത്തിയിരിക്കുന്നു. തങ്ങളുടെ മാതൃരാജ്യത്തെക്കുറിച്ചും പൂർവ്വികസംസ്കാരത്തെക്കുറിച്ചും വിദ്യാർത്ഥികൾക്കു് അഭിമാനവും അഭിനിവേശവും ഉണ്ടാക്കണമെന്നുള്ള ഒരുദ്ദേശ്യവും ഈ ചരിത്രരചനയിൽ ഞങ്ങൾക്കുണ്ടു്. ഈ ഗ്രന്ഥംമൂലം തദ്വിഷയകമായി വിദ്യാർത്ഥിലോകത്തിനു് എന്തെങ്കിലും പ്രയോജനമുണ്ടാകുന്നുവെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി.

ഗ്രന്ഥകർത്താക്കൾ.

# വിഷയവിവരം.


൧. പുരാതനകേരളം 1

പരശുരാമകഥ 1—മഹാബലി 2—ബാണൻ 3

൨. ഭരണസമ്പ്രദായം 4

രക്ഷാപുരുഷന്മാരും തളിയാതിരിമാരും 4—പെരുമാക്കന്മാരുടെ ഭരണം 6

൩. പെരുമാക്കന്മാരുടെ കാലം 8

ഉദയൻചേരൻ ആതൻ 8—നെടുംചേരൻ ആതൻ 9—കുട്ടവൻ ആതൻ 10—ഇമയവമ്മൻ പെരുംചേരൻ ആതൻ 11—ചെങ്കുട്ടവപ്പെരുമാൾ 12—കുട്ടവൻചേരൻ 17

൪. പെരുമാൾവാഴ്ചയുടെ അധഃപതനം 19

൫. പെരുമ്പടപ്പുരാജവംശം 25

വീരകേരളവമ്മ 25—അന്നത്തെ രാഷ്ട്രീയസ്ഥിതി 28—മതവും സമുദായവും സാഹിത്യവും 32

൬. പെരുമ്പടപ്പുരാജാക്കന്മാർ 37

സ്തോത്രകർത്താവായ കുലശേഖരൻ 37—നാടകകർത്താവായ കുലശേഖരൻ 38—സ്ഥാണുരവി 39—ഗോദരവിവർമ്മ 40—ഭാസ്കരരവിവർമ്മ 41—രാജരാജൻ 43—വീരരാഘവചക്രവർത്തി 44—രാമവർമ്മ 45—വീരകേരളവർമ്മ 47—രാമവർമ്മ 49.

൭. പറങ്കികളുടെ ആഗമനം 51

൮. പറങ്കികളുടെ പ്രതാപം 55

൯. പറങ്കികളുടെ അധഃപതനം 63

രവിവർമ്മ 63—വീരകേരളവർമ്മ 65—അധഃപതനകാരണങ്ങൾ 65—ദത്തുവഴക്ക് 68 ലന്തക്കാരും പറങ്കികളും 69

൧൦. ലന്തക്കാരുടെ കാലം 74

വീരകേരളവർമ്മ 74—രാമവർമ്മ 80—രവിവർമ്മ 81

൧൧. ലന്തക്കാരും സാമൂതിരിയും 83

രാമവർമ്മ 83—രാമവർമ്മ 84

൧൨. കൊച്ചിയും തിരുവിതാംകൂറും 89

൧൩. 18-ാംനൂററാണ്ടിലെ കൊച്ചി 95

കോഴിക്കോടും തിരുവിതാംകൂറും 95—പുതിയ ഭരണസമ്പ്രദായം 100

൧൪. കൊച്ചിയും മൈസൂരും 102

ഹൈദരാലി 102—ടിപ്പുവിന്റെ പടയോട്ടം 106

൧൫. 19-ാംനൂററാണ്ടിലെ കൊച്ചി 113

ഭരണസമ്പ്രദായം 113—ദിവാൻ ശങ്കരവാരിയർ 116—ദിവാൻ ശങ്കുണ്ണിമേനോൻ 117

൧൬. മൂന്നു രാജർഷികൾ 119

സർ ശ്രീ രാമവർമ്മ 119—സർ ശ്രീ രാമവർമ്മ 122—ധാർമ്മികചക്രവത്തി 123

൧൭. ശ്രീ കേരളവർമ്മമഹാരാജാവു് 126

---

~~I III~~

M. G. H. S.

Ernakulam



ശ്രീ കേരളവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു്.

# കൊച്ചിരാജ്യചരിത്രം.

---

## അദ്ധ്യായം ൧.

### പുരാതനകേരളം.

നാം വസിക്കുന്ന കേരളം ഇന്ത്യാസാമ്രാജ്യത്തിന്റെ തെക്കുപടിഞ്ഞാറേ ഭാഗത്തു്, വടക്കു ഗോകൎണ്ണംമുതൽ തെക്കു കന്യാകുമാരിവരെ നീണ്ടുകിടക്കുന്ന ഒരു വീതികുറഞ്ഞ പ്രദേശമാകുന്നു. ഇതിന്റെ പടിഞ്ഞാറെ അതിൎത്തി അറബിക്കടലും, കിഴക്കേ അതിൎത്തി സഹ്യപൎവ്വതനിരയുമാകുന്നു.

**പരശുരാമകഥ.** ഈ പ്രദേശം പണ്ടേക്കു പണ്ടേയുള്ള ഒരു ഭൂഭാഗമായിരുന്നില്ലെന്നു ചിലർ വിശ്വസിച്ചുപോരുന്നു. ഇതിന്റെ സൃഷ്ടികൎത്താവു ശ്രീപരശുരാമമഹൎഷിയാണെന്നാണു് ഐതിഹ്യം. അദ്ദേഹം ഈ പ്രദേശത്തെ സമുദ്രത്തിൽനിന്നു പൊക്കിയെടുത്തു് ബ്രാഹ്മണൎക്കു ദാനം ചെയ്തുവെന്നും മററും കേരളമാഹാത്മ്യത്തിലും കേരളോല്പത്തിയിലും പ്രതിപാദിച്ചുകാണുന്നു. ഇതിന്റെ വാസ്തവം എന്താണെന്നു തീൎച്ചപറയുവാൻ നമുക്കു സാധിക്കയില്ല. പക്ഷെ, പണ്ടു ബ്രാഹ്മണർ ഇല്ലാതിരുന്ന ഈ പ്രദേശത്തു പരശുരാമന്റെ നേതൃത്വത്തിൽ പല ബ്രാഹ്മണകുടുംബങ്ങളും, പല സ്ഥലങ്ങളിൽനിന്നും, വന്നു കുടിയ

റിപ്പാൎത്തതിനെയായിരിക്കാം ഈ ഐതിഹ്യം സൂചിപ്പിക്കുന്നതു്. പരശുരാമന്റെ ബ്രാഹ്മണപ്രതിഷ്ഠക്കു ശേഷവും പലതവണയായി ബ്രാഹ്മണർ കേരളത്തിൽ കുടിയേറിപ്പാൎത്തതിനു ലക്ഷ്യങ്ങളുണ്ടു്. അങ്ങിനെ അവരുടെ സംഖ്യ വൎദ്ധിക്കുകയും കാലക്രമത്തിൽ ബലവാന്മാരായിത്തീരുകയും ചെയ്തു. കേരളത്തെ അറുപത്തിനാലു ഗ്രാമങ്ങളായി വിഭജിച്ചു ഭരണകാൎയ്യത്തിൽ ചില നിശ്ചയങ്ങൾചെയ്തു് അവർ ഭരണയന്ത്രത്തിന്റെ ഒരു പ്രധാനഭാഗമായിത്തീൎന്നു. ഗ്രാമങ്ങൾതോറും ഗ്രാമക്കാരുടെ വകയായി ക്ഷേത്രങ്ങൾ നിൎമ്മിച്ചു് ഈശ്വരാരാധനാവിഷയത്തിൽ ആകൎഷണീയങ്ങളായ പല ചടങ്ങുകളും ഏൎപ്പെടുത്തി.

**മഹാബലി.** കേരളത്തിൽ ഇപ്പോഴും നടപ്പുള്ള ചില പഴംകഥകളിൽ മഹാബലി എന്ന ഒരു മഹാരാജാവിനെക്കുറിച്ചു പ്രസ്താവിക്കുന്നുണ്ടു്. ആ കഥ ഇങ്ങിനെയാണു്:— മഹാബലി ധൎമ്മിഷ്ഠനായ ഒരു അസുരചക്രവൎത്തിയായിരുന്നു. മഹാവിഷ്ണു വാമനാവതാരംചെയ്തു് അദ്ദേഹത്തിൽനിന്നു രാജ്യം അപഹരിച്ചശേഷം അദ്ദേഹത്തെ നാഗലോകത്തേക്കയച്ചു. അദ്ദേഹം അവിടെ എത്തി ഒരു രാജധാനി ഏൎപ്പെടുത്തി ജനക്ഷേമത്തിനൊത്തവണ്ണം രാജ്യം ഭരിച്ചുവന്നു. ആ പ്രദേശമാണത്രേ കേരളം. അദ്ദേഹത്തിന്റെ രാജധാനി എറണാകുളത്തിനടുത്തു് ഇപ്പോൾ ജീൎണ്ണാവസ്ഥയിൽ കിടക്കുന്നതും പല ചരിത്രലക്ഷ്യങ്ങളുടെ അവശിഷ്ടങ്ങളാൽ നിറയപ്പെട്ടതുമായ തൃക്കാക്കരെയാ

യിരുന്നു. അവിടെ ഒരു മഹത്തായ വിഷ്ണുക്ഷേത്രമുണ്ടു്. അതിലെ അധിഷ്ഠാനദേവത വാമനമൂൎത്തിയുമാകുന്നു. കേരളത്തിൽ വാമനമൂൎത്തിയെ പ്രതിഷ്ഠിച്ചു പൂജിക്കുന്ന ക്ഷേത്രങ്ങൾ മറെറങ്ങുമില്ല. അതിനാൽ മഹാബലിക്കും കേരളത്തിനും തമ്മിൽ ഒരു പ്രത്യേകബന്ധമുണ്ടായിരുന്നതായി അനുമാനിക്കാം. മലയാളികളായ നാം കൊല്ലംതോറും ചിങ്ങമാസത്തിൽ കൊണ്ടാടുന്ന ഓണമഹോത്സവം അദ്ദേഹത്തിന്റെ സ്മരണയെ നിലനിൎത്തുന്ന ഒരു ലക്ഷ്യമാകുന്നു.

**ബാണൻ** എന്ന രാജാവായിരുന്നു മഹാബലിയുടെ അനന്തരഗാമി. മച്ചാട്ടുമലയുടേയും വെള്ളാനിമലയുടേയും മുകളിലുള്ള ഓരോ കോട്ടകളുടെ അവശിഷ്ടങ്ങളും വയനാട്ടുമലമുകളിൽ കാണപ്പെടുന്ന പല പുരാതനവസ്തുക്കളും ബാണന്റെ പേരിനേയും ചരിത്രത്തേയും അനവധികാലമായി നിലനിൎത്തിവരുന്ന വിശേഷലക്ഷ്യങ്ങളാണെന്നു പറയപ്പെടുന്നു. കോയമ്പത്തൂർ, സേലം, നീലഗിരി മുതലായ പ്രദേശങ്ങളിൽ പിൽക്കാലത്തു രക്ഷാശിക്ഷാധികാരം നടത്തിവന്ന പല രാജകുടുംബങ്ങളും ബാണന്റേയും മഹാബലിയുടേയും സന്തതിപരമ്പരയിൽപ്പെട്ടവരായിരുന്നുവത്രേ.

ആ രണ്ടു രാജാക്കന്മാരുടേയും കാലത്തു രാജ്യത്തിൽ ക്ഷാമം തീരെയുണ്ടായിരുന്നില്ല. നീതിയും ന്യായവും ശരിയായി നിലനിന്നുപോന്നിരുന്നു. ചതിയും കളവും രാജ്യത്തെങ്ങുംതന്നെ ഉണ്ടായിരുന്നില്ല. ആ കാലം എല്ലാംകൊണ്ടും കേരളത്തിന്റെ ഒരു സു

വൎണ്ണദശയായിരുന്നുവത്രെ. അവരുടെ ഭരണാനന്തരം ആരാണു രാജ്യം ഭരിച്ചതെന്നു് അറിയുവാൻ ലക്ഷ്യങ്ങൾ തീരെയില്ല. എന്നാൽ ചിലപ്പതികാരത്തിൽ വേൾകുമാരൻ എന്ന ഒരു രാജാവിനെക്കുറിച്ചു പ്രസ്താവിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ കാലത്തു സമുദ്രം ക്ഷോഭിച്ചു്, കന്യാകുമാരിനദിയുൾപ്പടെയുള്ള വലിയൊരു ഭൂഭാഗം വെള്ളത്തിൽ ആണ്ടുപോവുകയും ലങ്ക ഇന്ത്യയുടെ കരയിൽനിന്നു വേറിട്ടു് ഒരു ദ്വീപായിത്തീരുകയും ചെയ്തുവത്രെ.

---

## അദ്ധ്യായം ൨.

## ഭരണസമ്പ്രദായം

**രക്ഷാപുരുഷന്മാരും തളിയാതിരിമാരും.** ബാണവംശത്തിന്റെ അധഃപതനത്തിനുശേഷം കേരളത്തെ ഭരിച്ചിരുന്നതു രക്ഷാപുരുഷന്മാരായിരുന്നു. മുമ്പു പ്രസ്താവിച്ചിട്ടുള്ള അറുപത്തിനാലു ഗ്രാമക്കാർ ഒത്തൊരുമിച്ചു യോഗ്യനായ ഒരു നാഗനെ തിരഞ്ഞെടുത്തു രക്ഷാപുരുഷനായി അവരോധിച്ചു്, പന്ത്രണ്ടു കൊല്ലത്തേക്കു വാഴിക്കുക എന്നതായിരുന്നു അന്നത്തെ പതിവു്. അദ്ദേഹത്തിന്റെ കീഴിൽ തളിയാതിരിമാർ എന്നു പറയപ്പെടുന്ന ചില ബ്രാഹ്മണമന്ത്രിമാരും ഉണ്ടായിരുന്നു. ഇവരെ നിശ്ചയിച്ചിരുന്നതും ഗ്രാ

മജനങ്ങൾ തന്നെയായിരുന്നു. ഗ്രാമജനങ്ങൾ നാലു കഴകങ്ങളായി തിരിഞ്ഞു് അവയിൽ ഓരോന്നിൽനിന്നും ഓരോരുത്തരെ തിരഞ്ഞെടുത്തു രാജധാനിയിലേക്കയക്കുക പതിവായിരുന്നു.

രക്ഷാപുരുഷന്മാരുടെ ഭരണത്തെക്കുറിച്ചു് അശോകചക്രവൎത്തിയുടെ ശിലാലിഖിതങ്ങളിൽ ചിലതിൽ രേഖപ്പെടുത്തിട്ടുള്ളതായി ചിലർ വിചാരിച്ചുവരുന്നു. രക്ഷാപുരുഷന്മാർ ബലവാന്മാരായിരുന്നില്ല. രാജ്യരക്ഷക്കുവേണ്ട ഉപകരണങ്ങൾപോലും അവൎക്കു സുലഭമല്ലായിരുന്നു. നാഗന്മാരും നമ്പൂതിരിമാരും തമ്മിൽ നല്ല ഒരുമയുണ്ടായിരുന്നുമില്ല. തളിയാതിരിമാരുടെ ഉദ്യോഗകാലം മുമ്മൂന്നുകൊല്ലം വീതമായിരുന്നതിനാൽ ആ കാലത്തിനുള്ളിൽ പാടുള്ളേടത്തോളം ദ്രവ്യം കൈക്കലാക്കണമെന്നല്ലാതെ രാജ്യരക്ഷയെക്കുറിച്ചു് അവർ അത്ര കാൎയ്യമായി കരുതിയിരുന്നില്ല. ഈ ഭരണസമ്പ്രദായം കാലപ്പഴക്കത്തിൽ ജനക്ഷേമത്തിനു ഹാനികരമായിത്തീരുകയും അവസാനത്തിൽ രാജ്യത്തെ ഒരു വിപ്ലവത്തിൽ ചാടിക്കുകയും ചെയ്തു. ഈ ആഭ്യന്തരകലഹം വളരെക്കാലത്തോളം നീണ്ടുനിന്നുവെങ്കിലും പറയത്തക്ക ജയമൊന്നും നാഗന്മാൎക്കാകട്ടെ, നമ്പൂതിരിമാൎക്കാകട്ടെ ഉണ്ടായില്ല. പക്ഷെ രാജ്യത്തിന്റെ സാമ്പത്തികാവസ്ഥ തീരെ ക്ഷയിച്ചു.

ഈ ദുർഘടാവസ്ഥയിൽ ഇരുകൂട്ടരെയും സമയോചിതം സഹായിച്ചിരുന്നതു കൊങ്ങുനാട്ടിലെ ബാണവംശജനായ **ഉദയൻ ചേരൻ ആതൻ** എന്ന

ചേരരാജാവായിരുന്നു. അദ്ദേഹം ഇവക്ക് ആവശ്യമുള്ളേടത്തോളം ഭക്ഷണപദാൎത്ഥങ്ങൾ അയച്ചുകൊടുത്തിരുന്നു. ഒടുവിൽ നാഗന്മാരും നമ്പൂതിരിമാരും അവരുടെ ശത്രുതയെ അവസാനിപ്പിച്ച്, തങ്ങളുടെ ബന്ധുവായ ആതനെത്തന്നെ അഭയം പ്രാപിച്ചു. അവർ അദ്ദേഹത്തെ തങ്ങളുടെ രാജാവായി സ്വീകരിച്ച്, കേരളത്തിൽ കൊണ്ടുവന്ന് ഒന്നാമത്തെ പെരുമാളായി വാഴിച്ചു. ഇങ്ങനെ വാഴിച്ചതു ക്രിസ്ത്വബ്ദത്തിനു 113 കൊല്ലങ്ങൾക്കു മുമ്പായിരുന്നുവത്രെ. ഈ കാലത്തെയാണു "ദദ്ദ്ധ്വരാം" എന്ന കവിവാചകം സൂചിപ്പിക്കുന്നതു്.

**പെരുമാക്കന്മാരുടെ ഭരണം.** ഇങ്ങനെ പെരുമാക്കന്മാരുടെ ഭരണം തുടങ്ങിയതിനുശേഷം കേരളത്തിന്റെ സ്ഥിതിക്ക് ഒരു ഗണ്യമായ മാററം ഉണ്ടായി. ചോളം, പാണ്ഡ്യം തുടങ്ങിയുള്ള രാജാക്കന്മാർ കേരളപ്പെരുമാക്കന്മാരെ സവിശേഷം ബഹുമാനിപ്പാനും അവരുടെ സഹായത്തേയും ഉപദേശത്തേയും ആവശ്യപ്പെടുവാനും തുടങ്ങി. പെരുമാക്കന്മാരിൽ മിക്കവരും അതിപരാക്രമികളും രാജ്യപരിപാലനത്തിൽ സദാ ശ്രദ്ധാലുക്കളും ആയിരുന്നു. അവരുടെ ഭരണകാലത്തു രാജ്യത്തിന്റെ ധനസ്ഥിതിയും പ്രജകളുടെ ക്ഷേമാവസ്ഥയും ഉപൎയ്യുപരി അഭിവൃദ്ധി പ്രാപിച്ചു. കൊടുങ്ങല്ലൂർ ആയിരുന്നു പെരുമാക്കന്മാരുടെ രാജധാനി. അതു വഞ്ചി എന്ന പേരിലാണു തമിഴ്സാഹിത്യത്തിൽ അറിയപ്പെടുന്നതു്.



കൊടുങ്ങല്ലൂർ—മാലിയാങ്കര

(മാർത്തോമ്മാ ആദ്യമായി വന്നിറങ്ങിയ സ്ഥലം.)

കൃഷിയും, കച്ചവടവും, കൈത്തൊഴിലും ക്രമേണ വർദ്ധിച്ചു. കേരളീയർ കപ്പൽക്കച്ചവടത്തിൽ കൂടുതൽ പങ്കെടുത്തുതുടങ്ങി. പടിഞ്ഞാറു യൂറോപ്പുവരേയും കിഴക്കു ജാവ, ചൈന, മലയാ, മുതലായ രാജ്യങ്ങൾവരേയും അവരുടെ കപ്പലുകൾ എത്തിയിരുന്നു. ജനങ്ങളിൽ അധികപക്ഷവും ഹിന്ദുമതക്കാരായ നാഗന്മാരും, നമ്പൂതിരിമാരും, കൃഷിപ്രവൃത്തി ചെയ്തിരുന്ന പുലയരും മററു മലവാസികളും ആയിരുന്നു. ബ്രാഹ്മണരല്ലാത്തവർക്കു് അക്ഷരജ്ഞാനം കുറേ കുറവായിരുന്നു. ബുദ്ധമതത്തിന്റെ പ്രചാരം കേരളത്തിൽ വന്നതോടുകൂടിയായിരിക്കണം അബ്രാഹ്മണർക്കു് അക്ഷ

രവിദ്യയിൽ പരിശീലനം സിദ്ധിച്ചതു്. അവരുടെഭാഷ ദ്രമിഡഭാഷയുടെ ഒരു വകഭേദമായിരുന്നു. പിന്നീടു സംസ്കൃതഭാഷ അതിനെ പ്രത്യേകംപോഷിപ്പിച്ചിട്ടുണ്ടു.

കേരളീയർ വലിയ നാഗരികന്മാരായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. രാജ്യഭരണവിഷയത്തിൽ അവർ അംഗീകരിച്ച പദ്ധതി അവരുടെ നാഗരികത്വം ബുദ്ധിവൈഭവത്തിനും ദൃഷ്ടാന്തമാണു്. വേദം, വേദാന്തം, സാഹിത്യം, തൎക്കം, വ്യാകരണം, ജ്യൌതിഷം, വൈദ്യം തുടങ്ങിയുള്ള സകലവിജ്ഞാനശാഖകളിലും അനവധി വിദ്വാന്മാർ അക്കാലത്തു കേരളത്തിൽ ഉണ്ടായിട്ടുണ്ടു്.

---

## അദ്ധ്യായം ൨.

### പെരുമാക്കന്മാരുടെ കാലം.

**ഉദയൻ ചേരൻ ആതൻ** ആയിരുന്നു ഒന്നാമത്തെ പെരുമാൾ എന്നു പറഞ്ഞുവല്ലോ. അദ്ദേഹം മഹാനായ ഒരു രാജാവായിരുന്നു. മേൽതളി, കീഴ്ത്തളി, ചിങ്ങപുരത്തുതളി, നെടിയംതളി എന്നീ നാലു തളികളിലേയും തളിയാതിരിമാരുടെ ഉപദേശം അനുസരിച്ചാണു് അദ്ദേഹം രാജ്യം ഭരിച്ചുവന്നതു്. പെരുമാളുടെ ഭരണചാതുൎയ്യംനിമിത്തം രാജ്യക്ഷേമം വൎദ്ധിച്ചു. കച്ചവടത്തിനു പ്രത്യേകം ഉണൎവ്വുണ്ടായി. വിദ്വാന്മാരെ മാനിക്കുന്നതിലും അവൎക്കു

വിലപിടിച്ച സമ്മാനങ്ങളും ബിരുദങ്ങളും മററും നല്കുന്നതിലും അദ്ദേഹം അത്യന്തം ഉത്സുകനായിരുന്നു. കൊടുങ്ങല്ലൂക്കടുത്തു കുഴൂർ എന്ന പ്രദേശത്തു പെരുമാളുടെ വകയായി ഉണ്ടായിരുന്ന അഗ്രശാല ചരിത്രപ്രസിദ്ധമത്രേ. ഉദയൻചേരൻെറ ഭാര്യ വെൺമാറം നളിനി എന്ന ഒരു കുലീനയായിരുന്നു. അദ്ദേഹത്തിന് അവരിൽ നെടുംചേരൻ ആതൻ എന്നും കുട്ടവൻ ആതൻ എന്നും രണ്ടു പുത്രന്മാർ ഉണ്ടായി.

ഉദയംചേരൻെറ കാലശേഷം പുത്രൻ **നെടുംചേരൻ ആതൻ** ക്രി. മു. 101-ൽ സ്ഥാനാരോഹണംചെയ്തു. അദ്ദേഹം പാണ്ഡ്യചോളരാജാക്കന്മാരേയും മററ് അനവധി സാമന്തരാജാക്കന്മാരേയും കീഴടക്കി. കൊങ്ങുനാടു മുതലായ പല പ്രദേശങ്ങളേയും ചേരരാജ്യത്തോടു കൂട്ടിച്ചേർത്തു. പിന്നീടു വടക്കേ ഇന്ത്യയെ ആക്രമിച്ച്, ഹിമവൽപാശ്വങ്ങളിൽ അദ്ദേഹത്തിൻെറ വിജയക്കൊടി നാട്ടി. ഈ വിജയം നിമിത്തം അദ്ദേഹത്തിനു ഇമയവമ്മൻ (ഇമയവരമ്പൻ) എന്ന ബിരുദു സിദ്ധിച്ചു. ഇമയവമ്മൻ എന്ന വാക്കിൻെറ താല്പയ്യം ഹിമാലയത്തിലെ രാജാവ് എന്നാണ്. (ഇമയവരമ്പൻ എന്നതിനു ഹിമാലയം രാജ്യാതിത്തിയായവൻ എന്നത്ഥം കല്പിക്കാം.) അദ്ദേഹം അവിടെനിന്നു് അഫ്ഘാനിസ്ഥാനംവരെ എത്തി അവിടങ്ങളിൽ ഉള്ള രാജാക്കന്മാരെ എല്ലാം തോല്പിച്ചു കീഴടക്കി. ഇതിനുശേഷം "എഴുമുടിമണാളൻ" എന്ന അഭിധാനം സ്വീകരിച്ചു.

കേവലം ഒരു യോദ്ധാവിന്റെ വൃത്തിയിൽ അദ്ദേഹത്തിനു കാലപ്പഴക്കത്തിൽ വിരക്തി തോന്നി. മനസ്സിന്റെ അന്ധകാരം നീങ്ങി സാത്വികതേജസ്സുദിച്ചു. അക്കാലത്തു ധർമ്മശാസനൻ എന്നു പേരായ ഒരു ബുദ്ധമതസന്ന്യാസി കേരളത്തിൽ എത്തി, കോവലൻ എന്ന വാണിഗപ്പരനെ ബുദ്ധമതത്തിൽ ചേൎത്തു. കോവലൻ പെരുമാളുടെ സമ്മതത്തോടുകൂടി അനവധി പണം ചിലവുചെയ്തു് "ഗുണവായിൽ കോട്ടം" എന്ന പേരിൽ തലസ്ഥാനനഗരത്തിന്റെ കിഴക്കെഭാഗത്തു് ഒരു വിഹാരം നിൎമ്മിച്ചു. ബാക്കിയുണ്ടായിരുന്ന ധനമെല്ലാം കോവലൻ ധൎമ്മവിഷയത്തിൽ ചിലവുചെയ്തു്, ലോകവ്യാപാരങ്ങളിൽനിന്നു തീരേ പിന്മാറി.

നെടുംചേരനാതൻ സാഹിത്യത്തിൽ വലിയ അഭിരുചി പ്രദൎശിപ്പിച്ചിരുന്നു. അദ്ദേഹം കുമ്മട്ടൂർ കണ്ണനാർ എന്നു വിളിച്ചിരുന്ന ഒരു കവിക്കു പല പാരിതോഷികങ്ങളും നൽകിയതായിക്കാണുന്നു. ദുഃഖിതന്മാരോടു് അദ്ദേഹം പ്രത്യേകകാരുണ്യം കാണിച്ചിരുന്നു. പത്മാദേവിയെന്നുപേരായ ഒരു യുവതിയേയാണു് അദ്ദേഹം കല്യാണം കഴിച്ചിരുന്നതു്. അവൎക്കു നാർമുടിചേരൻ എന്ന ഒരു പുത്രനുണ്ടായി.

നെടുംചേരൻ ആതന്റെ പിൻഗാമി അനുജനായ **കുട്ടുവൻ ആതൻ** ആയിരുന്നു. നാർമുടിചേരനു പ്രായപൂൎത്തിയാകാഞ്ഞതിനാലാണു പിതൃവ്യൻ രാജ്യഭാരം സ്വീകരിച്ചതു്. ഇദ്ദേഹത്തിനു ഗ

ജപതി എന്നു മറെറാരു പേരുമുണ്ടായിരുന്നു. കുട്ടവൻ ആതൻ വലിയ യോദ്ധാവും അനവധി രാജ്യങ്ങൾ പിടിച്ചടക്കിയ ഒരു വിക്രമിയും ആയിരുന്നു. അദ്ദേഹത്തിൻെറ രാജ്യം കിഴക്കേസമുദ്രംമുതൽ പടിഞ്ഞാറേസമുദ്രംവരെ നീണ്ടുകിടന്നിരുന്നത്രെ. അതുനിമിത്തം അദ്ദേഹത്തിൻെറ പട്ടാഭിഷേകത്തിന്നു ഈ രണ്ടു സമുദ്രങ്ങളിലേയും വെള്ളം കൊണ്ടുവന്നിരുന്നു. കൃഷിക്കു വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുന്നതിൽ അദ്ദേഹം സദാ ശ്രദ്ധവെച്ചു. അദ്ദേഹത്തിൻെറ ഉപദേഷ്ടാവു ഗൗതമൻ എന്നു പേരായ ഒരു തത്വജ്ഞാനിയായിരുന്നു. ഗൗതമന്നു ദ്രവ്യത്തിലും മററു പ്രാപഞ്ചികസുഖഭോഗങ്ങളിലും ആഗ്രഹമുണ്ടായിരുന്നില്ല. അദ്ദേഹം ഒരു സന്യാസിയേപ്പോലെ കാലംകഴിച്ചുവന്നു. അധികം താമസിയാതെ കുട്ടവൻ ആതനും തൻെറ സിംഹാസനത്തെ ജ്യേഷ്ഠൻെറ പുത്രനായ നാർമുടിചേരന്നു ഒഴിഞ്ഞുകൊടുത്തു, സന്യാസിവൃത്തി സ്വീകരിച്ചു.

**ഇമയവമ്മൻ പെരുംചേരൻ ആതൻ** എന്നുകൂടി പേരുള്ള നാർമുടിചേരനാതൻ സ്ഥാനാരോഹണം ചെയ്തതു ക്രി. മു. 18-ൽ ആണു. അദ്ദേഹത്തിൻെറ വാഴ്ചയുടെ ആദ്യത്തെ അഞ്ചുകൊല്ലക്കാലത്തു ദുർഘടങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. അതിനുശേഷം ചോളന്മാരുമായി ഒരു യുദ്ധം വേണ്ടിവന്നു. പാണ്ഡ്യന്മാർ അന്നു കേരളീയരുടെ ബന്ധുക്കളായിരുന്നു. ഇവർ രണ്ടുകൂട്ടരുടേയും സംയുക്തസൈന്യം കരികാ

ലൻ എന്ന പ്രതാപവാനായ ചോളരാജാവിന്റെ സൈന്യത്തോട "ചെന്നിൽ' എന്ന സ്ഥലത്തുവെച്ച കൂട്ടിമുട്ടി. യുദ്ധത്തിൽ കരികാലചോളൻ വിജയം നേടുകയും പെരുമാളുടെ പുറത്തു് ഒരു മുറി ഏല്പിക്കുകയും ചെയ്തു. ഈ അപമാനം സഹിക്കാൻ വഹിയാഞ്ഞു്, പെരുമാൾ അദ്ദേഹത്തിന്റെ സ്ഥാനവും രാജ്യവും ഉപേക്ഷിച്ച നിരാഹാരവ്രതം അനുഷ്ഠിച്ച മരിച്ചു.

**ചെങ്കുട്ടവപ്പെരുമാൾ.** കേരളപ്പെരുമാക്കന്മാരിൽവെച്ച പ്രധാനി ചെങ്കുട്ടവപ്പെരുമാളത്രെ. അദ്ദേഹം പല ആക്രമണങ്ങളും നടത്തിയ ധീരനായ ഒരു യോദ്ധാവായിരുന്നു. ചെങ്കുട്ടവൻ ഒന്നാമതാക്രമിച്ചതു പാഴിരാജ്യമായിരുന്നു. അവിടത്തെ രാജാവായ ഇരുങ്കൊവെണ്മാനെ വൈനാട്ടിനടുത്തുള്ള വിയലൂർ എന്ന പ്രദേശത്തുവെച്ച തോല്പിച്ചു. ആ പ്രദേശവും കുടകും അദ്ദേഹം പിടിച്ചടക്കി. അങ്ങനെ അവിടത്തെ സ്വർണ്ണഖനികൾ അദ്ദേഹത്തിന്റെ കൈവശത്തിലായി. പാണ്ഡ്യരാജാവിന്റെ ഒരു സാമന്തനും മോഗ്രർ എന്ന പ്രദേശത്തിലെ നാടുവാഴിയുമായിരുന്ന പഴയമാരൻ ചെങ്കുട്ടവന്റെ സാമന്തനായ അരുക എന്ന നാടുവാഴിയെ അപമാനിക്കുക നിമിത്തം പെരുമാൾ ആ നാടുവാഴിയോട് എതിൎത്തു. പൊതിയിൽമലയുടെ സമീപത്തുവെച്ച നടന്ന യുദ്ധത്തിൽ പഴയമാരൻ തോററു; സ്വാതന്ത്ര്യത്തിനു് ഒരു പാഠം പഠിച്ചു. അതിനുശേഷം സ്വന്തം

രാജ്യത്തിന്റെ ഒരു ഭാഗമായ കോയമ്പത്തൂരിൽ കൊങ്ങന്മാർ കലഹിച്ച ലഹളക്കൊരുങ്ങിയ സംഗതികേട്ട് ചെങ്കുട്ടവൻ അവിടെ എത്തി ആ ലഹള ഒതുക്കി!

ചോളരാജാവായ നലൻകിള്ളിയുടെ മരണാനന്തരം കിള്ളിരാജകുമാരന്മാർ ആ സിംഹാസനത്തെ കൈക്കലാക്കുവാൻവേണ്ടി ഒരു വലിയ കലഹം തുടങ്ങി. ഇതുകേട്ടപ്പോൾ ചെങ്കുട്ടവൻ യുദ്ധസന്നാഹത്തോടുകൂടി അവിടേയും എത്തി. നെരിവായിൽ എന്ന പ്രദേശത്തുവെച്ച്, ശത്രുപക്ഷത്തുണ്ടായിരുന്ന രാജകുമാരന്മാരെ നിഷ്പ്രയാസം തോല്പിച്ചു. അന്തരിച്ച രാജാവിന്റെ പുത്രനായ വളവൻകിള്ളിയെ രാജാവാക്കി വാഴിച്ചു. ചെങ്കുട്ടവന്റെ പിന്നത്തെ ഉദ്യമം കടൽക്കള്ളന്മാരുടെ നേരെയായിരുന്നു. ഈ കള്ളന്മാരുടെ ശല്യംനിമിത്തം കടൽവ്യാപാരം ശരിക്കു നടന്നിരുന്നില്ല. അവരുടെ സങ്കേതസ്ഥലം ലങ്കയിലുള്ള മാന്തൈയ് എന്ന തുറമുഖമായിരുന്നു. ചെങ്കുട്ടവന്റെ കടൽസൈന്യം ഈ കള്ളന്മാരെ തോല്പിച്ചു മാന്തൈയ് കൈവശപ്പെടുത്തി. അനന്തരം വലിയ യുദ്ധസന്നാഹങ്ങളോടുകൂടി പുറപ്പെട്ട് കൊങ്കണന്മാർ, കലിംഗന്മാർ, ബങ്കാളികൾ, ഗംഗന്മാർ തുടങ്ങിയവരെ എതിർത്തു. യുദ്ധത്തിൽ അവരുടെ സംയുക്തസൈന്യം തോററോടുകയും, അങ്ങനെ കാശിവരെയുള്ള സകല രാജ്യങ്ങളും ചെങ്കുട്ടവനു് അധീനമാകയും ചെയ്തു.

ഈ പെരുമാൾ ഒരു വിദ്വാനും സുകുമാരകലക
ളിൽ താല്പൎയ്യമുള്ളവനുമായിരുന്നു. കോവലന്റേയും
ഭാൎയ്യ കണ്ണകിയുടേയും ദുർദ്ദശയെക്കുറിച്ചുള്ള കഥ നമു
ക്കു സുപരിചിതമാണല്ലൊ. ആ സംഭവം ഉണ്ടായതു
ചെങ്കുട്ടവന്റെ വാഴ്ചക്കാലത്താണു്. ചെങ്കുട്ടവന്റെ
പട്ടമഹിഷി ഈ സംഗതി കേട്ടപ്പോൾ അത്യന്തം
വ്യാകുലപ്പെട്ടു. കണ്ണകിയുടെ ചാരിത്രശുദ്ധിയും ഭൎത്തൃ
സ്നേഹവും ജനങ്ങൾക്കു് ഒരു സാധനപാഠമായിത്തീരു
വാൻവേണ്ടി, അവളെ ദേവിയായി കല്പിച്ചു്, അ
വൾക്കു് ഒരു ക്ഷേത്രം നിൎമ്മിച്ചു് അതിൽ അവളെ പ്ര
തിഷ്ഠിക്കണമെന്നു രാജ്ഞി ഭൎത്താവിനോടു് അപേക്ഷി
ച്ചു. അപ്രകാരം ചെയ്യാമെന്നു് അദ്ദേഹം സമ്മതി
ച്ചു. കണ്ണകിയുടെ വിഗ്രഹം പണിയുവാനുള്ള ശില
പൊതിയിൽമലയിൽനിന്നോ ഹിമാലയത്തിൽനി
ന്നോ കൊണ്ടുവരണമെന്നാണു തീൎച്ചപ്പെടുത്തിയിരു
ന്നതു്. ഈ സന്ദൎഭത്തിലാണു ഹിന്ദുസ്ഥാനത്തിലെ
രാജാവു തന്നെ അപഹസിച്ചതായി അദ്ദേഹം കേ
ട്ടതു്. ഇതിൽ കുപിതനായിത്തീൎന്ന പെരുമാളാക
ട്ടെ, ആ രാജാക്കന്മാരെക്കൊണ്ടുതന്നെ കല്ലു ചുമപ്പി
ച്ചുകൊണ്ടുവന്നു വിഗ്രഹം പണിയിക്കണമെന്നു തീരു
മാനിച്ചു.

ഒരു വലിയ സൈന്യത്തോടുകൂടി ചെങ്കുട്ടവൻ
നീലാദ്രിക്കു പുറപ്പെട്ടു. അവർ ഗംഗാനദീതീരത്തെ
ത്തിയപ്പോഴേക്കും ശാതകൎണ്ണികളും അവരുടെ പടത്ത
ലവനായ സഞ്ജയനുംവന്നു ചെങ്കുട്ടവനേയും സൈന്യ

ത്തേയും വിനയപുരസ്സരം എതിരേററ വഞ്ചികളിൽ കേററി ഗംഗാനദി കടത്തി. അതിനുശേഷം അദ്ദേഹം തൻെറ സൈന്യത്തെ കനകൻ, വിജയൻ, എന്നീ രാജാക്കന്മാരുടെ രാജ്യത്തേയ്ക്കു നയിച്ചു. കുയിലാഴ്വം എന്ന പ്രദേശത്തുവെച്ചു് അവരും ചെങ്കുട്ടവനും തമ്മിൽ ഒരു ഭയങ്കരയുദ്ധം നടന്നു. യുദ്ധത്തിൽ അവർ തീരെ തോററു. അവരും അവരുടെ സഹായികളായ ഉത്തരൻ, വിചിത്രൻ, രുദ്രൻ, ഭൈരവൻ, ചിത്രസിംഹൻ, ധനുദ്ധരൻ, ശ്വേതൻ മുതലായവരും ചെങ്കുട്ടവൻെറ തടവുകാരായി. പെരുമാൾ അവരെ കാവിവസ്ത്രം ധരിപ്പിച്ചു്, കല്ലു ചുമന്നുകൊണ്ടു വരുവാനായി മലമുകളിലേയ്ക്കു് അയച്ചു. കണ്ണകിയുടെ വിഗ്രഹത്തിനു തിരഞ്ഞെടുക്കപ്പെട്ട കല്ലു കുറച്ചുദൂരം ഈ തടവുകാരെക്കൊണ്ടു പേരിനുമാത്രം എടുപ്പിച്ചു്, മലമുകളിൽനിന്നു താഴെ ഇറക്കി, പെരുമാളുടെ മുമ്പിൽ കൊണ്ടുവന്നു വെച്ചു. പെരുമാൾ അതു മഹോദയപുരത്തേയ്ക്കു് അയക്കുകയും ചെയ്തു.

സദാ യുദ്ധത്തിൽ ഏൎപ്പെട്ടുകനിമിത്തം ചെങ്കുട്ടവനു് ഈശ്വരസ്മരണയ്ക്കോ, ഈശ്വര കാരുണ്യത്തിനു വേണ്ടി മററു സൽപ്രവൃത്തികൾ ചെയ്യുന്നതിനോ അതുവരെ സന്ദർഭം കിട്ടിയില്ല. അതിനാൽ അദ്ദേഹം ഒരു യാഗം കഴിക്കുന്നതിനും കണ്ണകിയുടെ വിഗ്രഹം സ്ഥാപിക്കുന്നതിനും അതികേമമായി വട്ടംകൂട്ടി. അമ്പലത്തിൻെറ ശുദ്ധികലശത്തിനു ലങ്കയിലെ രാജാവായ ഗജബാഹുവും, മാൾവാ, കൊങ്ങു് മുതലായ

രാജ്യങ്ങളിലെ രാജാക്കന്മാരും എത്തിച്ചേൎന്നിട്ടുണ്ടായിരുന്നു. അമ്പലത്തിൽ കൊല്ലംതോറും കൎക്കടകമാസത്തിന്റെ ആദ്യപക്ഷത്തിൽ ഒരു മഹോത്സവം കഴിപ്പാനും അദ്ദേഹം തീൎച്ചപ്പെടുത്തി. കൊടുങ്ങല്ലൂരിൽ ഉള്ള ഭഗവതിക്ഷേത്രം ഇതാണത്രെ.

കേരളത്തിലെ പെരുമാക്കന്മാരിൽവെച്ച് ഏററവും ശക്തൻ ചെങ്കുട്ടവനായിരുന്നു. അദ്ദേഹത്തിന്റെ കാലത്താണു കേരളത്തിന്റെ അഭ്യുന്നതി പരമകാഷ്ഠയെ പ്രാപിച്ചതു്. കടൽക്കള്ളന്മാരുടെ സാഹസം നിമിത്തം അധഃപതിച്ചുപോയ കപ്പൽക്കച്ചവടം അദ്ദേഹം പുനൎജ്ജീവിപ്പിച്ചു. വഞ്ചിരാജധാനി അദ്ദേഹത്തിന്റെ കാലത്തു് ഒരു വിദ്വൽസങ്കേതമായിരുന്നു. ചെങ്കുട്ടവന്റെ സഹോദരനായ ഇളംകുറടികൾ ഒരു വലിയ കവിയായിരുന്നു. ചിലപ്പതികാരം എന്ന തമിഴ്ഗ്രന്ഥം അദ്ദേഹമാണു നിൎമ്മിച്ചതു്. ഇളംകുറിന്റെ വാസസ്ഥലമായ തൃക്കണാമതിലകവും വഞ്ചിയെപ്പോലെതന്നെ ഒരു സങ്കേതസ്ഥാനമായിരുന്നു. നാടകാഭിനയത്തിലും നൃത്തഗീതാദികളിലും ചെങ്കുട്ടവനു വലിയ അഭിരുചിയുണ്ടായിരുന്നു. ഇന്നത്തെ ചാക്യാർകൂത്തായിരുന്നു അന്നത്തെ നാടകാഭിനയം. വേനൽക്കാലത്തു് അദ്ദേഹം പരിവാരസമേതം പെരിയാററിന്റെ തീരത്തുള്ള മണൽപുറത്തു കൂടാരമടിച്ചു താമസിക്കുക പതിവായിരുന്നു. അന്നു് അവിടങ്ങളിലുള്ള കാടർ, മലയർ മുതലായ കാട്ടുജാതിക്കാരുടെ വിനോദങ്ങളിൽ അദ്ദേഹം പങ്കുകൊണ്ടു സന്തോഷി

ങ്ങകയും അവരുടെ ക്ഷേമാവസ്ഥയെക്കുറിച്ചു പ്രത്യേകിച്ച് അന്വേഷിക്കുകയും ചെയ്തിരുന്നു.

അമ്പത്തഞ്ചുകൊല്ലം പ്രശസ്തമായ വിധത്തിൽ രാജ്യഭാരം ചെയ്തതിനുശേഷം അദ്ദേഹം തന്റെ സിംഹാസനത്തേയും, വിശാലമായ രാജ്യത്തേയും പുത്രനായ **കുട്ടവൻചേരന്** ഒഴിഞ്ഞുകൊടുത്തു പരലോകം പ്രാപിച്ചു.

പെരുമാൾഭരണകാലം പലതുകൊണ്ടും കേരളചരിത്രത്തിന്റെ സൗവർണ്ണദശയാകുന്നു. മലയാളികൾ മതവിശ്വാസത്തിലും സംസ്കാരത്തിലും പുരോഗമിച്ചുകൊണ്ടിരുന്നു. കേരളത്തിൽ കുടിയേറിപ്പാർത്ത ബ്രാഹ്മണരെപ്പറ്റിയും നായന്മാരെപ്പറ്റിയും മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. ഈശ്വരവിശ്വാസത്തിലും ഈശ്വരകഥാകഥനത്തിലും പ്രത്യേകതല്പരരായിരുന്ന അവരുടെ നേതൃത്വത്തിൽ ഹിന്ദുമതം വളരെ അഭിവൃദ്ധിപ്പെട്ടു. ചാക്യാർക്കൂത്തിനു ഹിന്ദുക്കളുടെ വിനോദങ്ങളുടെ കൂട്ടത്തിൽ, പ്രചാരം സിദ്ധിച്ചുതുടങ്ങി. ബുദ്ധമതക്കാർ, ജൈനമതക്കാർ മുതലായവർ കേരളത്തിൽ വന്നതും മതപ്രചാരണം നടത്തിയതും ഇക്കാലത്താണ്.

കേരളവും പാശ്ചാത്യരാജ്യങ്ങളുമായി കച്ചവടം നടത്തിയിരുന്നതായി പറഞ്ഞുവല്ലോ. അങ്ങനെ യഹൂദന്മാർക്കു കേരളവുമായി പരിചയപ്പെടുന്നതിനു സാധിച്ചു. സ്വരാജ്യത്തിൽ മർദ്ദനമുണ്ടായപ്പോൾ ഏതാനും യഹൂദന്മാർ കേരളത്തെ അഭയം പ്രാപിച്ചു. കൊ

ടുങ്ങല്ലൂർ കുടിയേറിപ്പാർത്ത അവർ ക്രമേണ കൊടുങ്ങല്ലൂക്കടുത്ത മാള, ചേന്നമംഗലം മുതലായ സ്ഥലങ്ങളിലേയ്ക്കും കൊച്ചിയിലേയ്ക്കും മററും മാറിത്താമസിക്കുകയുണ്ടായിട്ടുണ്ടു്. യൂദന്മാരെ പെരുമാക്കന്മാർ ആദരപൂർവ്വം സ്വീകരിക്കുകയും, അവരുടെ മതാചാരങ്ങൾ അനുഷ്ഠിക്കുന്നതിനു സൗകര്യങ്ങൾ അനുവദിക്കുകയുംചെയ്തു.



യൂദന്മാരുടെ വരവിനുശേഷം, ക്രിസ്ത്വബ്ദം ഒന്നാംശതകത്തിൽ, ക്രൈസ്തവശിഷ്യനായ തോമ്മാശ്ലീഹാ മാലിയാങ്കര എന്നുകൂടി വിളിച്ചുവരുന്ന കൊടുങ്ങല്ലൂർ വന്നിറങ്ങി. പെരുമാളിൽനിന്നു പല സൗജന്യങ്ങളും അദ്ദേഹം സ്വീകരിച്ചതായിക്കാണുന്നു. അദ്ദേഹം കേരളത്തിൻെറ പല ഭാഗങ്ങളിലും മതപ്രസംഗം നടത്തുകയും, വിവിധജാതികളിൽനിന്നു പലരേയും ക്രിസ്തുമതാനുയായികളാക്കുകയും ചെയ്തി

ട്ടുണ്ടു് അദ്ദേഹവുമായി ബന്ധപ്പെട്ട മലയാററൂർ ഇന്നും ക്രിസ്ത്യാനികൾ ഒരു പുണ്യസ്ഥലമായിട്ടാണു ഗണിച്ചുപോരുന്നതു്.

---

## അദ്ധ്യായം ൪.

### പെരുമാൾവാഴ്ച്ചയുടെ അധഃപതനം.

പെരുമാക്കന്മാരുടെ വാഴ്ച തുടങ്ങിയതു ക്രി. മു. 113 മുതൽക്കാണല്ലോ. ആ കാലം മുതൽ ക്രി. പി. 427 വരെ അവർ രാജ്യം ഭരിച്ചു. ഈ കാലത്തിനുള്ളിൽ 19 പെരുമാക്കന്മാർ വാണിട്ടുള്ളതായി തമിഴ ഗ്രന്ഥങ്ങളിൽ കാണുന്നു. ഇവരെ കൂടാതെ മററു ചിലരുടെ വാഴ്ചക്കാലത്തെക്കുറിച്ചും ചില രേഖകളിലും ഗ്രന്ഥങ്ങളിലും കാണുന്നുണ്ടു്. പെരുമാൾവാഴ്ചക്കാലം ഒട്ടാകെ 540 സംവത്സരമായിരുന്നു. ഈ കാലത്തിന്റെ ഏകദേശം അവസാനമായപ്പോഴേക്കും ബുദ്ധമതം കേരളമൊട്ടുക്കു പ്രചരിച്ചു. കുലശേഖരപ്പെരുമാൾ എന്ന ഒരു രാജാവു ഹിന്ദുമതത്തെ നിലനിത്തുവാൻ തിരുവഞ്ചിക്കുളത്തു ഒരു ശിവക്ഷേത്രം നിർമ്മിച്ചു എന്നു കേരളോൽപത്തി പ്രസ്താവിക്കുന്നു.

അതിനുശേഷം പെരുമാൾസ്ഥാനത്തു വന്ന ചേരമാൻപെരുമാൾ ഒന്നാമൻ ക്രി. പി. 345-ൽ ക്‌നായിത്തൊമ്മൻ എന്ന ഒരു ക്രിസ്ത്യാനിക്കും അനുചരന്മാക്കും വലിയ സ്ഥാനമാനങ്ങൾ ചെമ്പുപട്ടയ



ചേരമാൻ പെരുമാൾ.

ത്തിൽ എഴുതികൊടുത്തു. അന്യമതങ്ങളോടുള്ള പെരുമാളുടെ അനുഭാവം ഹിന്തുക്കൾക്കു രുചിച്ചില്ല. ഈ മതങ്ങളുടെ പ്രചാരത്തെ തടയുവാൻ അവർ ക്ഷേത്രങ്ങൾ നിൎമ്മിച്ചു് ഊൎജ്ജിതമായ ദൈവാരാധന തുടങ്ങി. യാഗാദികൎമ്മങ്ങൾ നടത്തുന്നതിലും അവർ പ്രത്യേകം മനസ്സിരുത്തി. വരരുചിയുടെ ജ്യേഷ്ഠപുത്രനായ മേളത്തോൾ അഗ്നിഹോത്രിയെക്കൊണ്ടു് അവർ ആറിലധികം യാഗങ്ങൾ കഴിപ്പിച്ചു. പക്ഷെ മൃഗങ്ങളെ ബലികൊടുക്കുന്ന യാഗാദികൎമ്മങ്ങൾ ബുദ്ധമതസിദ്ധാന്തങ്ങൾക്കു വിപരീതമാണല്ലോ. ബുദ്ധമതത്തിന്റെ അസ്ഥിവാരം അഹിംസയാണു്. ഈ തത്വത്തെ അടിസ്ഥാനമാക്കി പെരുമാൾ പ്രവൎത്തിച്ചപ്പോൾ, അതു ഹിന്ദുക്കൾക്കു് ഒട്ടും രസമായില്ല. ആ പ്രവൃത്തി അവരുടെ മതവിശ്വാസത്തെ തടയുവാനും ഹിന്ദുമതത്തെ അധഃപതിപ്പിക്കുവാനും വേണ്ടിയാണെന്നു് അവർ ധരിച്ചു.

അധികതാമസംകൂടാതെ ഹിന്ദുക്കൾ ഒത്തൊരുമിച്ചുകൂടി പെരുമാൾവാഴ്ച അവസാനിപ്പിക്കുവാനുള്ള ശ്രമങ്ങൾ ശക്തിയായിത്തുടങ്ങി. അന്നത്തെ പെരുമാളെ അവർ സ്ഥാനഭ്രഷ്ടനാക്കുകയാണോ, അതോ അദ്ദേഹംതന്നെ സ്ഥാനം ഒഴിയുകയാണോ, ചെയ്തുതെന്നു വ്യക്തമല്ല. സ്ഥാനഭ്രംശിതനായ പെരുമാളെ പള്ളിബാണപ്പെരുമാൾ എന്നു പറഞ്ഞുവരുന്നു. അദ്ദേഹം ചങ്ങനാശ്ശേരിക്കടുത്തുള്ള നീലമ്പേരൂരാണു പിന്നീട താമസിച്ചിരുന്നതു്.




പള്ളിബാണപ്പെരുമാൾ.

അതിനുശേഷം രാജ്യംഭരിച്ച പെരുമാൾ വലിയൊരു നയജ്ഞനും ധൎമ്മിഷ്ഠനുമായിരുന്നു. കേരളത്തെ പെരുമാക്കന്മാർ നേരിട്ടു ഭരിക്കുന്ന സമ്പ്രദായം വിട്ടു്, തന്റെ സാമ്രാജ്യത്തെ ഇദ്ദേഹം പതിനാറു സാമന്തരാജാക്കന്മാൎക്കു വീതിച്ചുകൊടുത്തു. തലസ്ഥാനനഗരിയായ തിരുവഞ്ചിക്കുളവും, അതിനടുത്ത ഭൂവിഭാഗവും,

തിരുത്തകമുടിയെന്നു വിളിച്ചുവന്ന പൊന്നിൻകിരീടവും, മററു രാജചിഹ്നങ്ങളും, പരദേവതയായ തിരുവഞ്ചിക്കുളത്തപ്പന്റെ സംരക്ഷകസ്ഥാനം മൂലമുണ്ടായിരുന്ന ഗംഗാധരതിരുകോവിലധികാരികൾ എന്ന ബിരുദവും, കേരളരാജ്യത്തു നടത്തിവന്നിരുന്ന മേൽക്കോയ്മസ്ഥാനവും അദ്ദേഹം തന്റെ അനന്തിരവനായ (സഹോദരീപുത്രനായ) പെരുമ്പടപ്പുതമ്പുരാനാണ കൊടുത്തതു്. രാജാക്കന്മാരേയും സ്വരൂപികളേയും വിളിച്ചുകൂട്ടി തന്റെ അനന്തരാവകാശിയോടു്, തന്നോടെന്നപോലെ, അടിയറവെച്ചു കീഴ്വണങ്ങി നടന്നുകൊള്ളണമെന്നു് അദ്ദേഹം കല്പിച്ചു. അതിനുശേഷം പെരുമാളുടെ നിര്യാണംവരെ അദ്ദേഹം പേരിനുമാത്രം പെരുമാൾസ്ഥാനം വഹിച്ചു എന്നല്ലാതെ രാജ്യകാര്യങ്ങളിൽ ഏർപ്പെട്ടിരുന്നില്ല. ഈ സംഭവത്തെക്കുറിക്കുന്ന ഒരു കലിവാചകം ഉണ്ടു്. അതു് 'ഷോഡശാംഗം സ്വരാജ്യം' എന്നാണു്. ക്രിസ്തുവർഷം 391നു് അടുത്തകാലത്താണു് ഈ സംഭവം ഉണ്ടായതു്. ഒടുവിലത്തെ പെരുമാൾ നിര്യാതനായതു ക്രി. വ. 427ലാണു്. അന്നുമുതൽ ഒരു പുതിയ വർഷക്രമം തുടങ്ങുകയും അതിനു "പെരുമാൾ അബ്ദം" എന്ന പേർ സിദ്ധിക്കുകയും ചെയ്തു.

പെരുമാൾവാഴ്ച അവസാനിച്ചതോടുകൂടി കേരളം ഒരു ഐക്യസംസ്ഥാനമായി. അതിൽ പല സാമന്തരാജ്യങ്ങളുമുണ്ടായിരുന്നു. അവയിൽ പ്രധാനപ്പെട്ടവ കോലത്തുനാടു്, ഏറനാടു്, വള്ളുവനാടു്, ആല


കേരളത്തിലെ
പ്രധാന
രാജ്യങ്ങൾ
ചിറക്കൽ
കണ്ണൂർ
തലശ്ശേരി
മയ്യഴി
കോഴിക്കോട്
ചാലിയം
വെട്ടത്തു
കൊടുങ്ങല്ലൂർ
എറണാകുളം
കൊച്ചി
വടക്കുംകൂർ
തെക്കുംകൂർ
കോട്ടയം
(വെമ്പനാട്ട്)
ആലപ്പുഴ
പുറക്കാട്
ചെങ്ങന്നൂർ
പന്തളം
കായംകുളം
കൊല്ലം
അഞ്ചുതെങ്ങ്
തിരുവനന്തപുരം
കൊളച്ചൽ
വേണാട്ട

ങ്ങാട്ട്, പറവൂർ, വെമ്പനാട്ട്, ഓണാട്ട്, (കായംകുളം), കൊല്ലം, വേണാട്ട് എന്നിവയായിരുന്നു. ഇവ എല്ലാററിൻേറയും മേൽക്കോയ്മ പെരുമ്പടപ്പുമൂപ്പിലേയ്ക്കു ആയിരുന്നു. സാമന്തരാജാക്കന്മാർ മിക്കവാറും സ്വാതന്ത്ര്യഭരണാധികാരികളായിരുന്നു. സ്വന്തരാജ്യാതിത്തിക്കള്ളിൽ വേണ്ടതു നടത്തുവാൻ അവൎക്കു മേൽക്കോയ്മയുടെ അനുമതി ആവശ്യമുണ്ടായിരുന്നില്ല. അന്യരാജ്യങ്ങളുമായി ഇടപെട്ടു പ്രവൎത്തിക്കേണ്ട കാൎയ്യങ്ങളിൽ മാത്രമേ മേൽക്കോയ്മയുടെ അനുമതി അവൎക്കു ആവശ്യമുണ്ടായിരുന്നുള്ളൂ. അതുപോലെതന്നെ പെരുമ്പടപ്പുമൂപ്പിലേയ്ക്കു ശത്രുക്കളോടു യുദ്ധം ചെയ്യേണ്ടിവരുമ്പോൾ വേണ്ട ഒത്താശകളെല്ലാം ചെയ്യുന്നതിനും അവർ ബാദ്ധ്യസ്ഥരായിരുന്നു.

---

## അദ്ധ്യായം ൫.

## പെരുമ്പടപ്പുരാജവംശം.

### ൧. വീരകേരളവൎമ്മ.

കേരളവിലത്തെ പെരുമാൾ രാജ്യം വിഭജിച്ചപ്പോൾ, അനന്തരാവകാശിയായി നിശ്ചയിച്ചതു സഹോദരീപുത്രനായ പെരുമ്പടപ്പുരാജകുമാരനെയാണെ

ന്നു പറഞ്ഞുവല്ലോ. ഇതരഭരണാധികാരികൾക്കു കിട്ടാത്ത പല അവകാശങ്ങളും അധികാരങ്ങളും പെരുമ്പടപ്പുതമ്പുരാനു ലഭിച്ചു. തിരുവഞ്ചിക്കുളം ക്ഷേത്രത്തിലെ അധിഷ്ഠാനദേവതയായ നടരാജമൂർത്തിയെ പെരുമ്പടപ്പിലെ കുലദൈവമായി സ്വീകരിക്കുകയും, ആ ക്ഷേത്രത്തിലെ മേൽക്കോയ്മസ്ഥാനം ആ വംശത്തിനു സിദ്ധിക്കുകയും ചെയ്തു. തിരുവഞ്ചിക്കുളം രാജധാനിയും പെരുമാക്കന്മാരുടെ കിരീടവും മെയ്യാഭരണങ്ങളും പെരുമ്പടപ്പുമൂപ്പിലേയ്ക്കു കിട്ടി. അദ്ദേഹത്തിനു സിദ്ധിച്ച ക്ഷേത്രാധികാരംനിമിത്തം "ഗംഗാധരതിരുകോവിലധികാരികൾ" എന്ന ഒരു ബിരുദും അദ്ദേഹം സ്വീകരിച്ചു. ഈ ബിരുദ സ്വീകരിച്ചതോടുകൂടി ഹിന്ദുമതത്തേയും, ഹിന്ദുമതസംബന്ധമായ കർമ്മങ്ങളേയും ആചാരങ്ങളേയും കാലോചിതം നടത്തി നിലനിർത്തുന്നതിനു് അദ്ദേഹം ചുമതലപ്പെടുകയും, കേരളത്തിലെ ഹിന്ദുമതാധിപതിയായിത്തീരുകയും ചെയ്തു.

ഇങ്ങനെ പെരുമ്പടപ്പുരാജാവിനു പെരുമാക്കന്മാരുടെ സ്ഥാനംതന്നെ സിദ്ധിച്ചു. അതിനാൽ അവരെ കേരളചക്രവർത്തികളെന്നുപോലും വിളിച്ചിരുന്നു. പെരുമാൾരാജധാനിയായിരുന്ന തിരുവഞ്ചിക്കുളം തന്നെ ആയിരുന്നു വളരെക്കാലത്തേയ്ക്കു് അവരുടേയും രാജധാനി. പെരുമാക്കന്മാക്കു് ഉണ്ടായിരുന്നേടത്തോളം സ്വാധീനശക്തിയും പ്രതാപവും അവക്കു

മുണ്ടായിരുന്നു. അപ്രകാരമുള്ള പദവിക്കു് അവക്കു് എല്ലാംകൊണ്ടും അർഹതയുമുണ്ടായിരുന്നു.

**വീരകേരളവർമ്മ**യെ രാജാവാക്കി അഭിഷേകം ചെയ്തതു ചിത്രകൂടത്തിൽ വെച്ചായിരുന്നു. പുതുതായി സൃഷ്ടിക്കപ്പെട്ട സാമന്തന്മാരും 72 മാടമ്പിമാരും, 64 ഗ്രാമങ്ങളുടെ പ്രതിനിധികളും ഈ അരിയിട്ടുവാഴ്ചയ്ക്കും (സ്ഥാനാരോഹണത്തിനും), കിരീടംവെച്ചുവാഴ്ചയ്ക്കും സന്നിഹിതരായിരുന്നു. അവർ എല്ലാവരും പെരുമ്പടപ്പുരാജാവിനെ തങ്ങളുടെ മേൽക്കോയ്മയായി സ്വീകരിച്ചു സഖ്യംചെയ്തു. സ്വരൂപിമാരും മാടമ്പിമാരും കൊല്ലംതോറും മേൽക്കോയ്മസ്ഥാനത്തു കൊടുക്കേണ്ടതായ കപ്പം ഇത്രയെന്നു് ആ മഹാസദസ്സിൽ വെച്ചു തീർച്ചപ്പെടുത്തി. സാമന്തന്മാരുടെ രാജ്യവിസ്താരത്തേയും സൈനികശക്തിയേയും അടിസ്ഥാനപ്പെടുത്തിയായിരുന്നു കപ്പത്തിന്റെ തോതു നിർണ്ണയിച്ചതു്. അതു തരാതരംപോലെ 51 രാശിപ്പണം മുതൽ 361 രാശിപ്പണംവരെയായിരുന്നു. ഈ സംഖ്യ അവർ കൊല്ലംതോറും തിരുവഞ്ചിക്കുളം ക്ഷേത്രത്തിൽ കൊണ്ടാടാറുള്ള ശിവരാത്രിമഹോത്സവദിവസം തങ്ങൾതന്നേയോ, തേവാരിവഴിക്കോ എത്തിക്കേണ്ടതാണെന്നും തീർച്ചപ്പെടുത്തി. പിന്നീടുണ്ടായ അരിയിട്ടുവാഴ്ചകളിലും കിരീടംവെച്ചുവാഴ്ചകളിലും ഈവക ചടങ്ങുകൾ നിഷ്കർഷയായി ആചരിച്ചുപോന്നു. ആ ചടങ്ങുകളുടെ അവശിഷ്ടങ്ങളിൽ ചിലതു് ഇന്നും നിലനില്ക്കുന്നുണ്ടു്.

## ൨. അന്നത്തെ രാഷ്ട്രീയസ്ഥിതി.

വീരകേരളവൎമ്മയുടെ പിൻഗാമികളായ രാജാക്കന്മാർ അദ്ദേഹത്തെപ്പോലെ ധീരന്മാരോ നയശാലികളോ ആയിരുന്നില്ല. അതിനാൽ കേരളത്തിലെ രാഷ്ട്രീയസ്ഥിതിക്കു കുറച്ചു് അവശത സംഭവിച്ചു. പല്ലവന്മാർ ഇടക്കിടെ കേരളത്തിന്റെ മേൽക്കോയ്മകളായി വൎത്തിച്ചിരുന്നു. എങ്കിലും ഈ സ്ഥാനം അവൎക്കു അധികകാലത്തേക്കു കൈവശം വെക്കുവാൻ സാധിച്ചില്ല. ബനവാസിയിലെ കദംബരാജാവായ മയൂരവൎമ്മന്റെ വംശപരമ്പരയിൽപ്പെട്ട കാകുസ്ഥവൎമ്മൻ ഈ സ്ഥാനം പല്ലവന്മാരിൽനിന്നും അപഹരിച്ചു. ആറാംനൂററാണ്ടിന്റെ അവസാനഘട്ടത്തിൽ കദംബവംശക്കാരുടെ ശക്തിക്കും ഉടവുതട്ടി. അവർ ചാലൂക്യരാജാവായ കീൎത്തിവൎമ്മന്നു കീഴടങ്ങേണ്ടിവന്നു. ചാലൂക്യന്മാരുടെ ശക്തിക്കും കാലക്രമത്തിൽ ഹാനിവന്നു. പല്ലവന്മാർ അവരുടെ ക്ഷയിച്ച ശക്തിയെ പുനരുദ്ധരിച്ചു വീണ്ടും യുദ്ധസന്നദ്ധരായി. 7-ാംനൂററാണ്ടിന്റെ തുടക്കത്തിൽ പല്ലവരാജാവായ അവനിസിംഹൻ ചാലൂക്യന്മാരെ തോല്പിച്ചു. അവൎക്കുണ്ടെന്നു വെച്ചിരുന്ന കേരളാധിപത്യം ഈ തോൽവിനിമിത്തം ഇങ്ങനെ നഷ്ടപ്പെട്ടു. ചാലൂക്യന്മാർ ഇതുകൊണ്ടൊട്ടും കുലുങ്ങിയില്ല. അല്പകാലത്തിനുള്ളിൽ അവർ വീണ്ടും യുദ്ധത്തിനൊരുങ്ങി.

രണ്ടാംപുലകേശി എന്ന രാജാവിന്റെ നേതൃ

തപത്തിൽ ചാലൂക്യന്മാർ, 7-ാം നൂററാണ്ടിൻെറ മദ്ധ്യ കാലത്തോടുകൂടി, പല്ലവന്മാരേയും അവരുടെ സഹാ യികളായ പാണ്ഡ്യം, ചോളം, കേരളം മുതലായ രാ ജാക്കന്മാരേയും തോല്പിച്ചു. പക്ഷെ പല്ലവന്മാർ അതു കൊണ്ടൊതുങ്ങിയില്ല. ക്രിസ്ത്വബ്ദം 642-ൽ ചാലൂക്യ തലസ്ഥാനമായ വാടാപിയിൽവെച്ചുണ്ടായ ഭയങ്കര യുദ്ധത്തിൽ അവർ ചാലൂക്യന്മാരെ നിശ്ശേഷം തോല്പി ച്ചോടിച്ചു. ഈ ജയംനിമിത്തം പല്ലവന്മാർ വീണ്ടും കേരളത്തിലെ മേൽക്കോയ്മകളായി. ഈ പദവി അ വർ നരസിംഹവർമ്മൻെറ മരണംവരെ, അതായതു ക്രിസ്ത്വബ്ദം 668വരെ, അനുഭവിച്ചു. എങ്കിലും ചാ ലൂക്യാധിപനായ പുലകേശിയുടെ മരണശേഷം ചാ ലൂക്യന്മാർ വീണ്ടും യുദ്ധസന്നദ്ധരായി. അവരുടെ രാജാവായ വിക്രമാദിത്യനും, മകൻ വിനയാദിത്യനും ദക്ഷിണാപഥത്തെ മുഴുവൻ പിടിച്ചടക്കണമെന്നു ക രുതി അതിനുവേണ്ട സകല ഒരുക്കങ്ങളും ചെയ്തു. ഈ വിവരം അറിഞ്ഞപ്പോൾ ചോളം, പാണ്ഡ്യം, കേരളം മുതലായ രാജ്യങ്ങളിലെ രാജാക്കന്മാർ ഇളകി വശായി. ഇനി മൗനം ദീക്ഷിച്ചാൽ തങ്ങളുടെ സ്വാ തന്ത്ര്യം നിശ്ശേഷം നശിക്കുമെന്നു് അവർ കണ്ടു. അതിനാൽ അവർ എല്ലാവരും ഒത്തുചേൎന്നു ശത്രുക്ക ളായ ചാലൂക്യന്മാരെ ഉരഗപുരത്തു (ഉറയൂർ) വെച്ചു തോല്പിച്ചു (ക്രി. പി. 674). ഈ ജയം പാണ്ഡ്യൻ, ചോളൻ, കേരളൻ മുതലായ രാജാക്കന്മാരുടെ ശക്തി യെ പൂർവ്വാധികം വർദ്ധിപ്പിക്കുകയും പല്ലവന്മാരേയും




ദക്ഷിണേന്ത്യയിലെ
പ്രധാനരാജ്യങ്ങൾ
ക്രി. പി. ൧൦൦൦-ാം ആണ്ട്

ചാലൂക്യന്മാരേയും വളരെക്കാലത്തേക്കു് ഒതുക്കിനിൎത്തുകയും ചെയ്തു.

പെരുമ്പടപ്പുവംശക്കാർ കേരളാധിപത്യം കയ്യേററതു് ഇങ്ങനെയുള്ള ഒരു ഘട്ടത്തിലാണു്. അവരുടെ നയംകൊണ്ടു രാജ്യത്തിൻെറ രാഷ്ട്രീയശക്തി വൎദ്ധിക്കുകയും കേരളത്തിനു ദക്ഷിണേന്ത്യയിലെ രാജ്യങ്ങളുടെ കൂട്ടത്തിൽ ഒരു പ്രമുഖസ്ഥാനം സിദ്ധിക്കുകയും ചെയ്തു. ഈ മൂന്നു രാജ്യങ്ങളുടേയും ഒത്തൊരുമിച്ചുള്ള നിലകൊണ്ടു ശത്രുക്ഷയം ഉണ്ടായി. എങ്കിലും അവർ തമ്മിൽത്തമ്മിലും ചിലപ്പോൾ പിണക്കങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. പെരുമ്പടപ്പു മൂപ്പിന്നു് ഈ മത്സരം മൂക്കാതെ നോക്കിയിരുന്നെങ്കിലും അതുകൊണ്ടു വലിയ ഫലമൊന്നുമുണ്ടായിരുന്നില്ല. ചോളവും പാണ്ഡ്യവും തമ്മിലുള്ള മത്സരം യുദ്ധത്തിൽ കലാശിച്ചു. പാണ്ഡ്യരാജാക്കന്മാരും കേരളാധിപതികളും തമ്മിൽ വിവാഹബന്ധംകൊണ്ടു് അന്യോന്യം ബന്ധുക്കളായിരുന്നു. ഒമ്പതാംനൂററാണ്ടിൻെറ മദ്ധ്യഘട്ടത്തിൽ ചോളന്മാർ പ്രബലന്മാരായിരുന്നപ്പോൾ പാണ്ഡ്യവും കേരളവും തമ്മിലുണ്ടായിരുന്ന സഖ്യം അസ്ഥാനത്തിലായി. അപ്പോൾ പെരുമ്പടപ്പു മൂപ്പിന്നു ചോളരാജാവിനോടു സഖ്യം ചെയ്തു.

ഈ സഖ്യം ഏകദേശം 10-ാംനൂററാണ്ടിൻെറ അന്ത്യഘട്ടംവരെ നിലനിന്നു. അതിനുശേഷം ചോളവും കേരളവും ബദ്ധവൈരികളായി. ചോളന്മാർ രാജേന്ദ്രചോളൻെറ കാലത്തു മഹോദയപുരം കൊള്ള

യിട്ടു്, അനവധി ദ്രവ്യം വാരിക്കൊണ്ടുപോയി. ഈ ഘട്ടത്തിൽ പെരുമ്പടപ്പുമൂപ്പിലേയ്ക്കു പാണ്ഡ്യന്മാരോടു വീണ്ടും സഖ്യം ചെയ്യേണ്ടതായിവന്നു. അന്നു പാണ്ഡ്യവംശത്തിൽ ശക്തന്മാരായ രാജാക്കന്മാർ പലരും ഉണ്ടായിരുന്നു. അവരായിട്ടുള്ള ബന്ധം കൊണ്ടല്ലാതെ ചോളന്മാരെ അമൎത്തുന്നതിനു മററു വഴിയുണ്ടായിരുന്നില്ല. ഇതിനു പ്രത്യുപകാരമായി പെരുമ്പടപ്പുരാജാക്കന്മാർ പാണ്ഡ്യന്മാൎക്കു പല സഹായങ്ങളും ചെയ്തുകൊടുത്തു. വിവാഹബന്ധങ്ങൾകൊണ്ടു് അവർതമ്മിലുള്ള മൈത്രിയെ ബലപ്പെടുത്തുകയും ചെയ്തു. പാണ്ഡ്യരാജാക്കന്മാരുടെ ശക്തി തീരെ ക്ഷയിച്ച പതിന്നാലാം നൂററാണ്ടുവരെ ഈ ബന്ധം നിലനിന്നു.

## ൯. മതവും സമുദായവും സാഹിത്യവും.

ബുദ്ധമതം പെരുമാക്കന്മാരുടെ കാലത്തുതന്നെ കേരളത്തിൽ പ്രവേശിച്ചിട്ടുണ്ടായിരുന്നുവല്ലോ. ബുദ്ധമതത്തിൽ ചേരുന്നവരുടെ എണ്ണം ദിനംപ്രതി വൎദ്ധിച്ചുവന്നു. ഏകദേശം എട്ടാം നൂററാണ്ടായപ്പോഴേയ്ക്കും ജനങ്ങളിൽ പലരും ബുദ്ധമതക്കാരായി. ഇതുമൂലം സമുദായസ്ഥിതിക്കു വലിയ കോട്ടംതട്ടി. പണ്ടുകാലംമുതൽക്കു് ഉറച്ചുനിന്നിരുന്ന ആചാരങ്ങൾക്കെല്ലാം മാററം സംഭവിച്ചു. യാഗാദികൎമ്മങ്ങളിൽ ജനങ്ങൾക്കു നിഷ്ഠ കുറഞ്ഞു. ബുദ്ധമതത്തിൽ വൎണ്ണഭേദം ഇല്ലാതിരുന്നതിനാൽ അതിൽ ചേൎന്നവരാരും

Form 1.11
H. I. H. S
Ernakulam

ഉയൎന്ന ജാതീയരായ നമ്പൂതിരിമാരെ വിലവെക്കാതെയായി. വൎണ്ണാശ്രമധൎമ്മം ക്ഷയിക്കുകനിമിത്തം ഹിന്ദുമതത്തിനു സാരമായ ഉടവുതട്ടി. ഈ ദുഷ്ഘടങ്ങളെ തള്ളിനീക്കി ഹിന്ദുമതത്തെ യഥാസ്ഥാനത്തേയ്ക്കു് ഉയൎത്തുവാൻ കേരളത്തിൽ ആരുംതന്നെയുണ്ടായിരുന്നില്ല. പ്രജകളുടെ മതവിശ്വാസത്തെ തടയുന്ന രാജാക്കന്മാരും അന്നുണ്ടായിരുന്നില്ല. ക്രിസ്തുവൎഷം 800 വരെ ഈ ദുരവസ്ഥ നിലനിന്നു. ഈ കാലത്തിനു കുറച്ചുമുമ്പാണു ശ്രീശങ്കരാചാൎയ്യർ ജനിച്ചതു്. ബുദ്ധമതപ്രചാരത്തെത്തടയുവാൻ ജനിച്ച ഒരു അവതാരപുരുഷനായിരുന്നു അദ്ദേഹം.

ആചാൎയ്യസ്വാമികളുടെ അശ്രാന്തപരിശ്രമം നിമിത്തം ഹിന്ദുസ്ഥാനം ബുദ്ധമതക്കാരുടെ പിടിയിൽനിന്നു വേറിട്ടു. ആ പ്രദേശത്തെല്ലാം അദ്ദേഹം രണ്ടാമതും ഹിന്ദുമതം പ്രചരിപ്പിച്ചു. ക്രിസ്തുവൎഷം ഏതാണ്ടു 800-മുതൽ 830വരെ രാജ്യം ഭരിച്ചിരുന്ന പെരുമ്പടപ്പുരാജാവു രാജശേഖരദേവനായിരുന്നു. അദ്ദേഹം ഒരു ശിവഭക്തനും ആചാൎയ്യസ്വാമികളുടെ വേദാന്തസാരോപദേശങ്ങളെ ദൃഢമായി ഗ്രഹിച്ച ഒരു പുണ്യപുരുഷനുമായിരുന്നു. രാജശേഖരന്റെ കാലത്തു സ്വാമികൾ അദ്ദേഹത്തിന്റെ സ്വദേശമായ കേരളത്തിൽ എത്തി, തടിച്ചുകൂടിയിരുന്ന ബുദ്ധമതത്തെ നാട്ടിൽനിന്നോടിച്ചു. ഭിന്നിച്ചുനിന്നിരുന്ന സമുദായത്തെ അദ്ദേഹം ഹിന്ദുമതത്തിലേക്കുതന്നെ തിരികെ എടുത്തു. ഈ സംഭവം ഉണ്ടായതു ക്രിസ്തുവൎഷം

824-ാമാണ്ട സെപ്തംബർ 16-ാംനു-യാണ്. ആചാര്യവാഗഭേദ്യ എന്ന കലിവാചകം ആ സംഭവത്തേയും അതിന്റെ കാലത്തേയും കുറിക്കുന്നു. ഇപ്പോൾ നടപ്പുള്ള കൊല്ലവർഷം തുടങ്ങിയതു് ഈ തീയതിക്കാണ്.

സ്വാമികളുടെ പ്രയത്നത്തിന്റെ ഫലമായി കേരളത്തിൽ പല ജാതികളുണ്ടായി. അവർ എല്ലാവരും ഹിന്ദുക്കൾതന്നെയായിരുന്നുവെങ്കിലും അവരുടെ സാമുദായികസ്ഥിതിക്കു വലിയ മേലുകീഴുണ്ടായിരുന്നു. ഉയൎന്ന ജാതിക്കാരെന്നും താഴ്ന്ന ജാതിക്കാരെന്നും ചില വിഭജനങ്ങൾ ഉണ്ടാക്കി. ഓരോ ജാതിക്കാൎക്കു് ഓരോ ജോലികളും ഏൎപ്പെടുത്തി. വേദപാരായണത്തിനും യാഗാദികൎമ്മങ്ങൾക്കും അവകാശികളായവരുടെ സാമുദായികസ്ഥിതിയായിരുന്നു എല്ലാററിലും ഉയൎന്നതു്. തൊട്ടാൽ കുളി, തീണ്ടിയാൽ കുളി എന്ന ചില നിബ്ബന്ധങ്ങളും ഈ ജാതിവ്യത്യാസം കൊണ്ടുണ്ടായി. ഈ തരത്തിൽ ഉടച്ചു വാക്കപ്പെട്ട ജാതികളും അവാന്തരജാതികളും ഇന്നും കേരളത്തിൽ സുലഭമാണ്. ഇങ്ങനെയുണ്ടായ താഴ്ന്ന ജാതിക്കാർ പല ദൈവങ്ങളേയും വെച്ചു പൂജിച്ചിരുന്നു.

യൂദന്മാരുടേയും ക്രിസ്ത്യാനികളുടേയും കേരളപ്രവേശത്തെപ്പററി ഇതിനുമുമ്പെ പറഞ്ഞിട്ടുണ്ടല്ലോ. അവരെപ്പോലെതന്നെ കച്ചവടാവശ്യത്തിനുവേണ്ടി കേരളത്തിൽ വന്നുചേൎന്നവരായിരുന്നു അറബികൾ. 7-ാം നൂററാണ്ടിന്റെ മദ്ധ്യകാലത്തു് അറേബിയാ

Form III.
M.G.H.S.
Ernakulam

യിൽ ഇസ്ലാംമതം സ്ഥാപിക്കപ്പെട്ടതോടുകൂടി, അറ
ബികളും വഴിയായി, ആ മതത്തിനും കേരളത്തിൽ
പ്രവേശനം കിട്ടി. പെരുമ്പടപ്പുമൂപ്പിലെ അനുമതി
യോടുകൂടി അവർ കൊടുങ്ങല്ലൂരിൽ ഒരു പള്ളി സ്ഥാ
പിച്ചു. ഇതാണു ഭാരതത്തിലെ ഒന്നാമത്തെ മുഹമ്മ
ദീയപ്പള്ളി. കൊടുങ്ങല്ലൂരുണ്ടായിരുന്ന അരത്തളി
അമ്പലത്തെ മുഹമ്മദീയപ്പള്ളിയായി രൂപാന്തരപ്പെടു
ത്തുകയാണുണ്ടായതു്. തന്നിമിത്തം സാധാരണ പ
തിവുപോലെ പള്ളി മക്കത്തേക്കു് അഭിമുഖമായിട്ടല്ല
സ്ഥിതിചെയ്യുന്നതു്. യഹൂദമതം, ക്രിസ്തുമതം, മുഹ
മ്മദുമതം ഇവക്കു് ഇൻഡ്യയിൽ പ്രവേശനം കിട്ടി
യതു കേരളത്തിലാണെന്നുള്ളതു പെരുമ്പടപ്പുരാജാക്ക
ന്മാരുടെ മതസഹിഷ്ണുതക്കും വിശാലമനസ്കതക്കും മകു
ടോദാഹരണമാകുന്നു.

പെരുമ്പടപ്പുസ്വരൂപത്തിലെ രാജാക്കന്മാരിൽ
പലരും വലിയ പഠിപ്പും അറിവും ഉള്ളവരായിരുന്ന
തിനാൽ അവരുടെ രാജധാനി വിദ്വാന്മാരുടെ സ
ങ്കേതസ്ഥാനമായിരുന്നു. ഇവരിൽ ചിലർ സ്തോത്രങ്ങ
ളും നാടകങ്ങളും രചിച്ചിട്ടുള്ളവരാണു്. വിദ്വാന്മാ
ക്കു് അവർ വിലപിടിച്ച പാരിതോഷികങ്ങളം സുല
ഭമായി കൊടുത്തിരുന്നു. രാജ്യസേവയെ ലാക്കാക്കി
യും, ജനോപകാരത്തിനുവേണ്ടിയും സാഹിത്യജീവിത
ത്തിൽ പ്രവേശിച്ച കേരളീയരുടേയും, അവരാൽ നി
ർമ്മിക്കപ്പെട്ട ഗ്രന്ഥങ്ങളുടേയും എണ്ണം ക്രമേണ വർദ്ധി
ച്ചു. ഇങ്ങനെയുണ്ടായ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽപ്പെട്ട



കൊട്ടുങ്ങല്ലൂർ മുഹമ്മദീയപ്പള്ളി

വയാണു ലക്ഷ്മീദാസൻ നമ്പൂതിരിയുടെ ശുകസന്ദേശം, ലീലാശുകന്റെ ശ്രീകൃഷ്ണകർണ്ണാമൃതം, വാസുദേവന്റെ യുധിഷ്ഠിരവിജയം, ശക്തിഭദ്രന്റെ ആശ്ചര്യചൂഡാമണി മുതലായ വിശിഷ്ടകൃതികൾ. ശങ്കരാചാര്യസ്വാമികളാൽ ഹിന്ദുമതം പുനഃസ്ഥാപിതമായതിനുശേഷവും വേദാദ്ധ്യയനത്തിന്നർഹന്മാരായവർക്കെല്ലാം സംസ്കൃതഭാഷ അത്യാവശ്യമായിട്ടുതന്നെയിരുന്നു. അതുനിമിത്തം സംസ്കൃതവിദ്യാഭ്യാസത്തിൽ പലൎക്കും അഭിരുചി ജനിച്ചു. അവരുടെ സാഹിത്യജീവിതം സംസ്കൃതഭാഷയെ പല പ്രകാരത്തിൽ പോഷിപ്പിക്കുകയും ചെയ്തു.

---

## അദ്ധ്യായം ൩.

### പെരുമ്പടപ്പുരാജാക്കന്മാർ (തുടൎച്ച)

### ൧. സ്തോത്രകർത്താവായ കുലശേഖരൻ.

ക്രിസ്തുവർഷം 700-നും 725-നും മദ്ധ്യേ രാജ്യം വാണിരുന്നതു്, മുകുന്ദമാല എന്ന സ്തോത്രഗ്രന്ഥത്തിന്റെ കർത്താവായ കുലശേഖരനാണു്. ഇദ്ദേഹം ഒരു വൈഷ്ണവഭക്തനായിരുന്നു. വിദ്വാന്മാരെ മാനിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ ഇദ്ദേഹം സദാ ശ്രദ്ധിച്ചിരുന്നു. കുലശേഖരന്റെ രാജധാനിയിൽ രവി എന്നും ലോകവീരനെന്നും പേരായ രണ്ടു കവികൾ ഉണ്ടായിരുന്നു. അവരായിരുന്നു

അദ്ദേഹത്തിന്റെ ആത്മസ്നേഹിതന്മാർ. രവി ഒരു ബ്രാഹ്മണനും വേദങ്ങളുടെ മറുകര കണ്ട ആളും, ലോകവീരൻ ഒരു അമ്പലവാസിയും, സംഗീതത്തിൽ വലിയ നിപുണനും ആയിരുന്നു.

കുലശേഖരൻ പാണ്ഡ്യരാജാവായ അരികേസരി മാരവർമ്മന്റെ സമകാലികനും അദ്ദേഹത്തിന്റെ ജാമാതാവുമായിരുന്നു. കുലശേഖരന്റെ രാജധാനി ചിത്രകൂടമായിരുന്നു. എറണാകുളത്തിനു സമീപത്തുള്ള കുമ്പളം സഭാമഠം സ്ഥാപിച്ചതായി വിശ്വസിച്ചു പോരുന്ന പ്രഭാകരഭട്ടൻ കുലശേഖരന്റെ സമകാലീനനും ആശ്രിതനുമായിരുന്നുവത്രെ. ഈ രാജാവിന്റെ കാലത്തു കേരളത്തിൽ ഹിന്തുക്കളും ബുദ്ധമതക്കാരും തമ്മിൽ ഒരു വലിയ സംഘട്ടനമുണ്ടായി. ബുദ്ധമതക്കാരോടു തർക്കിക്കുവാൻ ഹിന്തുക്കൾക്കു സാമർത്ഥ്യം പോരാതെവന്നതുകൊണ്ടു് അവർ പരദേശത്തു പോയി മീമാംസകന്മാരെ കൂട്ടിക്കൊണ്ടുവരികയും അവർ ബുദ്ധമതക്കാരെ തോല്പിക്കുകയും ചെയ്തു.

## ൨. നാടകകർത്താവായ കുലശേഖരൻ.

ഇദ്ദേഹം ഒരു വലിയ വിദ്വാനും, ഒരു പ്രസിദ്ധ യോദ്ധാവുമായിരുന്നു. തപതീസംവരണം, സുഭദ്രാധനഞ്ജയം എന്നീ സംസ്കൃതനാടകങ്ങൾ ഇദ്ദേഹത്തിന്റെ കൃതികളാണു്. ജനങ്ങളുടെ ഹിതമനുസരിച്ചു രാജ്യം ഭരിച്ചിരുന്ന ഒരു രാജാവായിരുന്നു ഇദ്ദേഹം. മഹോദയപുരമായിരുന്നു ഇദ്ദേഹത്തിന്റെ രാജധാനി.

ഇദ്ദേഹത്തിനു തോലൻ എന്നു പേരായി ഒരു സ്നേഹിതനുണ്ടായിരുന്നു. തോലൻ ഐരാണിക്കുളത്തു കാരനായ ഒരു നമ്പൂതിരിയായിരുന്നു. തോലന്റെ സഹായത്തോടുകൂടി കുലശേഖരൻ ചാക്യാർകൂത്തിനെ പരിഷ്കരിക്കുകയും, മലയാളഭാഷാസാഹിത്യത്തെ പോഷിപ്പിക്കുകയും ചെയ്തു. വാസുദേവൻ യുധിഷ്ഠിരവിജയം എന്ന കാവ്യം നിൎമ്മിച്ചതു് ഈ കാലത്താണു്. പുരാതനകഥാശ്രവണത്തിൽ ഇദ്ദേഹത്തിനു വലിയ താല്പൎയ്യമുണ്ടായിരുന്നു. അതിനുവേണ്ടി മഹാഭാരതം വായിപ്പാൻ പുരാണപരമാചാൎയ്യർ എന്ന ഒരാളെ അദ്ദേഹം നിയമിച്ചിരുന്നു.

## ൩. സ്ഥാണുരവി.

സ്ഥാണുരവി എത്ര കാലത്തോളം നാടു വാണു എന്നു ക്ലിപ്തപ്പെടുത്തുവാൻ നിവൃത്തിയില്ല. അദ്ദേഹത്തിന്റെ ഭരണം തുടങ്ങിയതു് ഉദ്ദേശം ക്രിസ്തുവഷം 870_ൽ ആയിരിക്കണം. കൊല്ലത്തു സാഫിർ ഈശോ എന്ന ക്രിസ്ത്യാനിക്കും അനുചരന്മാൎക്കും എഴുതിക്കൊടുത്ത ചെമ്പുപട്ടയംമൂലം ഈ രാജാവു പ്രസിദ്ധനായിട്ടുണ്ടു്. സാമ്പത്തികവും, സാമുദായികവും, മതപരവും മററുമായ ചില പ്രത്യേകാവകാശങ്ങളെ കല്പിച്ചുകൊടുത്തിട്ടുള്ള തീട്ടൂരമാണു് ഇതു്. ഇദ്ദേഹത്തിന്റെ ഒരു ശിലാശാസനം ഇരിങ്ങാലക്കുടക്ഷേത്രത്തിലും സ്ഥാപിച്ചതായി കാണുന്നുണ്ടു്. സ്ഥാണുരവി ചോളരാജാവായ പരകേസരിവൎമ്മൻ

ആദിത്യന്റെ സമകാലീനനായിരുന്നു. അവർ രണ്ടു പേരുംകൂടിയാണു് തൊണ്ടമണ്ഡലം, അഥവാ പല്ലവ രാജ്യം വെട്ടിപ്പിടിച്ചതു്. അവർ തമ്മിലുള്ള സ്നേഹത്തെ ഒരു വിവാഹബന്ധത്താൽ പൂർവ്വാധികം ബലപ്പെടുത്തിയതായി കാണുന്നു. സ്ഥാണുരവിയുടെ പുത്രിയെ ആദിത്യന്റെ പുത്രനായ പരാന്തകൻ വിവാഹം ചെയ്തു. സ്ഥാണുരവിക്കു മനുകുലാദിത്യൻ എന്ന ഒരു സ്ഥാനപ്പേരുണ്ടായിരുന്നതായി ചിലർ പറയുന്നു. സ്ഥാണുരവിക്കു ശേഷം വിജയരാഘവൻ രാജ്യഭാരം ചെയ്തു.

## ൪. ഗോദരവിവർമ്മൻ.

ക്രിസ്തുവഷം 912-മുതൽ 942വരെ ഗോദവർമ്മനാണു പെരുമ്പടപ്പു മൂപ്പിൽസ്ഥാനം വഹിച്ചതു്. കോലത്തിരിരാജവംശത്തെ അപേക്ഷിച്ചു രചിക്കപ്പെട്ടിട്ടുള്ള മൂഷികവംശം കാവ്യത്തിൽ കേരളകേതു എന്നു വിളിച്ചുകാണുന്ന ഇദ്ദേഹം ഗോദരവിവർമ്മൻ എന്ന പേരിലും അറിയപ്പെട്ടിരുന്നു. അവിട്ടത്തൂർ ക്ഷേത്രത്തിൽ ചില വഴിപാടുകൾ ചെയ്യാൻ ആ ഗ്രാമത്തിൽനിന്നുള്ള രക്ഷാഭോഗം ചേരമാൻമഹാദേവി നീക്കിവെച്ചതായി പ്രസ്താവിക്കുന്ന ഒരു ശിലാരേഖ അവിടെ കാണുന്നുണ്ടു്. അതു ഗോദരവിവർമ്മന്റെ കാലത്തു കൊത്തിവെച്ചതാണു്. ഇദ്ദേഹത്തിന്റെ ഒരു ശിലാരേഖ തലപ്പിള്ളിത്താലൂക്കിൽ നെടുമ്പുരതളിക്ഷേത്രത്തിലും, മറെറാന്നു തൃപ്പൂണിത്തുറ വിഷ്ണുക്ഷേത്രത്തിലും ഉണ്ടു്.

ചോളരാജാവായ പരാന്തകനും ഗോദരവിയും വലിയ സ്നേഹിതന്മാരും ബന്ധുക്കളുമായിരുന്നു. പരാന്തകന്റെ രണ്ടാമത്തെ ഭാൎയ്യയും ഒരു കേരളരാജകുമാരിയായിരുന്നു. കേരളീയരുടെ രണശൂരതയും സ്വാമിസ്നേഹവും കണ്ടു്, പരാന്തകൻ അനവധി യോദ്ധാക്കളെ ഇവിടെനിന്നും കൊണ്ടുപോയി അദ്ദേഹത്തിന്റേയും മകൻ രാജാദിത്യന്റേയും സൈന്യങ്ങളിൽ ചേൎത്തു. അവരിൽ പലരും സൈന്യാധിപന്മാരും മററു് ഉയൎന്നതരം ഉദ്യോഗസ്ഥന്മാരുമായിത്തീൎന്നു.

ഗോദരവിയുടെ കാലത്താണു് ഒരു കൊങ്ങൻ രാജാവു ചിററൂരിനെ ആക്രമിച്ചതു്. ഇതുണ്ടായതു് ക്രിസ്തുവൎഷം 917ലാണു്. ചിററൂർ നാട്ടുകാർ കൊങ്ങനെ തോല്പിച്ചോടിച്ചു. ഇപ്പോഴത്തെ ചിററൂർത്താലൂക്കിന്റെ പടിഞ്ഞാറുഭാഗത്തുള്ള നാല്വദേശവും കൊടകരനാട്ടും കൊച്ചിത്തമ്പുരാനു് ഈ യുദ്ധത്തിലുണ്ടായ സമ്പാദ്യമാണു്. ഈ ചരിത്രസംഭവത്തെ ഓൎമ്മപ്പെടുത്തുന്ന **കൊങ്ങൻപട** എന്ന ആഘോഷം കൊല്ലംതോറും ചിററൂക്കാർ അവിടെ നടത്തിവരുന്നുണ്ടു്.

## ൩. ഭാസ്കരരവിവൎമ്മ (978..1016.)

ഭാസ്കരരവിവൎമ്മയുടെ ഭരണകാലം പെരുമ്പടപ്പിന്റെ ദുൎദ്ദശയെ സൂചിപ്പിക്കുന്ന കാലമായിരുന്നു. സാമന്തന്മാരെ പാട്ടിൽ വെച്ചുകൊണ്ടിരിപ്പാനുള്ള സാമൎത്ഥ്യവും നയവും ഇദ്ദേഹത്തിനുണ്ടായിരുന്നുവെ

ങ്കിലും അവരിൽ പ്രമാണിയായ വേണാട്ടടികൾ പെരുമ്പടപ്പിലെ പിടിയിൽനിന്നു സ്വതന്ത്രനായി. ചോളരാജാവായ രാജരാജചോളനും, അദ്ദേഹത്തിന്റെ പുത്രൻ രാജേന്ദ്രചോളനും പെരുമ്പടപ്പിലെ ശത്രുക്കളായിരുന്നു. അവർ കേരളത്തെ ആക്രമിക്കുകയും വിഴിഞ്ഞം, കാന്തല്ലൂർശാല മുതലായ തുറമുഖപട്ടണങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. അതുകൊണ്ടുമാത്രം അവർ തൃപ്തിപ്പെട്ടില്ല. അവർ രണ്ടാമതും ആക്രമിച്ചു. ഈ ആക്രമണം പെരുമ്പടപ്പിന്റെ നേരേയായിരുന്നു. പശ്ചിമഘട്ടത്തിലുള്ള 18 ചുരങ്ങൾ വഴിയായി ചോളന്മാരുടെ സൈന്യനിരകൾ തുരുതുരെ കേരളത്തിൽ പ്രവേശിച്ചു. ഉദയഗിരിക്കോട്ട പിടിച്ചതിനുശേഷം അവർ മഹോദയപുരത്തിൽ എത്തി. ചോളന്മാരെ തോല്പിച്ചോടിപ്പാൻ പെരുമ്പടപ്പുസൈന്യത്തിനു ശക്തി പോരായിരുന്നു. അതിനാൽ ശത്രുക്കൾ ആ പട്ടണം കൊള്ളയിട്ടു. പൊന്നും പണവും രത്നങ്ങളും യഥേഷ്ടം കൊണ്ടുപോവുകയും ചെയ്തു.

ഈ നഷ്ടം തീൎക്കുവാനായി മൂപ്പിന്നു് അഞ്ചുവണ്ണം എന്ന നാമധേയത്തോടുകൂടിയ യൂദന്മാരടങ്ങിയ ഒരു കച്ചവടസംഘത്തിനു് ചില പ്രത്യേകാധികാരങ്ങളും സ്ഥാനമാനങ്ങളും കൊടുത്തു. ഇതിന്റെ പ്രതിഫലമായി കുറേ ദ്രവ്യലാഭമുണ്ടായതിനുപുറമെ കൊല്ലം തോറും ഒരു വലിയ തുക ഇവരിൽനിന്നു കിട്ടുകയും ചെയ്തിരുന്നു. യൂദന്മാരുടെ തലവൻ യൌസേപ്പ റബ്ബാൻ എന്ന ഒരാളായിരുന്നു. പിന്നീടു ഭാസ്കര

രവിവൎമ്മ ചോളന്മാരുമായി സഖ്യം ചെയ്യുകയും, രാജേന്ദ്രചോളൻ ഒരു കേരളരാജകുമാരിയെ പത്നിയായി സ്വീകരിക്കുകയും ചെയ്തു.

## ൩. രാജരാജൻ.

രാജരാജൻ പെരുമ്പടപ്പുമൂപ്പിൽസ്ഥാനത്തു് ആരോഹണം ചെയ്തതു ക്രിസ്തുവൎഷം 1217-ാമാണ്ടിടയ്ക്കായിരുന്നു. ചോളന്മാർ തീരെ ക്ഷയിച്ചതും പാണ്ഡ്യന്മാർ ഉന്നതി പ്രാപിച്ചതും ഈ കാലത്തത്രേ. മാരവൎമ്മൻ സുന്ദരപാണ്ഡ്യൻ ചോളന്മാരെ തോല്പിച്ചുകൊണ്ടു രാജ്യം കൈവശപ്പെടുത്തി. ആ പ്രദേശം ഭരിക്കുന്നതിനു് പെരുമ്പടപ്പുമൂപ്പിലെ സഹായം അത്യാവശ്യമായിരുന്നതിനാൽ പാണ്ഡ്യന്മാർ അദ്ദേഹത്തിന്റെ സ്നേഹബന്ധത്തെ കൈവെടിഞ്ഞില്ല.

രാജരാജൻ ഒരു വിദ്വാനായിരുന്നു. വിദ്വത്വമുള്ളവരെ അദ്ദേഹം ബഹുമാനിക്കുകയും ചെയ്തിരുന്നു. മഴമംഗലത്തു നമ്പൂതിരി തന്റെ ഭാണം എഴുതിയതു് ഇക്കാലത്താണെന്നു ചിലർ പറയുന്നു. ജ്യോതിശ്ശാസ്ത്രത്തിൽ പ്രസിദ്ധി സമ്പാദിച്ച തലക്കുളത്തൂർ ഭട്ടതിരി വരാഹമിഹിരന്റെ ഹോരാശാസ്ത്രത്തിനു് ഒരു വ്യാഖ്യാനം എഴുതിയതും ഈ കാലത്തുതന്നെയാണു്. ഈ ജ്യോതിശ്ശാസ്ത്രജ്ഞന്റെ പാടവം പരീക്ഷിപ്പാൻ രാജാവിനു് ഒരു സന്ദൎഭം കിട്ടി. തൃശ്ശിവപേരൂരിലുള്ള വടക്കുന്നാഥന്റെ ബിംബത്തിന്മേൽ ചാൎത്തുന്ന ഒരു കൺമലർ കളവുപോയി. അന്വേഷണങ്ങൾ പല

വഴിക്ക നടന്നിട്ടും കളവു തുമ്പുണ്ടാവാതെ കിടന്നിരുന്നു. ഈ സംഗതി ഭട്ടതിരിയെ അറിയിച്ചപ്പോൾ അദ്ദേഹം യാതൊരു പ്രയാസവുംകൂടാതെ കള്ളനെ കണ്ടുപിടിച്ചു് ആഭരണം തിരികെ കൊടുപ്പിച്ചു.

## ൭. വീരരാഘവചക്രവർത്തി (1295_1325)

പെരുമ്പടപ്പുരാജവംശത്തിലെ മഹാന്മാരായ രാജാക്കന്മാരിൽ ഒരാളായിരുന്നു വീരരാഘവചക്രവർത്തി. അദ്ദേഹമാണത്രേ ഇരവിക്കൊത്തനു് ഒരു ചെമ്പുപട്ടയം കൊടുത്തതു്. ഇരവിക്കൊത്തൻ മണിഗ്രാമം എന്നു പേരായ ഒരു കച്ചവടസംഘത്തിന്റെ നേതാവായിരുന്നു. ഈ പട്ടയത്താൽ അദ്ദേഹത്തിനു വലിയ സ്ഥാനമാനങ്ങളും പദവിയും സിദ്ധിച്ചതിനുപുറമേ, കടൽച്ചുങ്കം പിരിക്കുവാനുള്ള അധികാരവും കൂടി കിട്ടി. ഈ പട്ടയം കൊടുത്തതു ക്രിസ്തുവർഷം 1320_ൽ ആണെന്നു പറയപ്പെടുന്നു.

വീരരാഘവചക്രവർത്തിയുടെ കാലത്തു മാലിക്കാഫർ കേരളത്തെ ആക്രമിപ്പാൻ വരുന്നു എന്നൊരു കിംവദന്തിയുണ്ടായി. ഈ ആക്രമണത്തെ തടയുവാൻ ചക്രവർത്തി ഒരു സൈന്യത്തെ പാലക്കാട്താഴ്‌വരയിലേക്കയച്ചു് അവിടെ താമസിപ്പിച്ചു. പക്ഷെ മാലിക്കാഫരുടെ വരവുണ്ടായില്ല.

## വ. രാമവൎമ്മ (1325-1345.)

റാണി ലക്ഷ്മിയുടെ പുത്രനായ രാമവൎമ്മ ക്രിസ്തു വഷം 1325ൽ രാജാവായി. ദാമോദരചാക്യാരാൽ നിൎമ്മിക്കപ്പെട്ട ശിവവിലാസകാവ്യത്തിൽ ഇദ്ദേഹത്തെക്കുറിച്ചും, ഇദ്ദേഹത്തിന്റെ മരുമകൻ രാമവർമ്മനെക്കുറിച്ചുമുള്ള പ്രസ്താവനകളുണ്ടു്. കായംകുളം രാജാവിന്റെ പുത്രി ഉണ്ണ്യാടിയുടെ സ്വയംവരത്തിനു് ഈ രണ്ടുപേരും സന്നിഹിതരായിരുന്നു. അനവധി രാജകുമാരന്മാർ നിറഞ്ഞ സഭയിൽവെച്ചു് ഉണ്ണ്യാടി മരുമകൻ രാമവർമ്മനെ വരണമാല്യം അണിയിച്ചു ഭൎത്താവായി വരിച്ചു.

ഈ കാലത്തെ പ്രധാനപ്പെട്ട സംഭവം പെരുമ്പടപ്പു രാജധാനി കൊടുങ്ങല്ലൂരിൽനിന്നു കൊച്ചിക്കു മാററിയതാണു്. കൊടുങ്ങല്ലൂർത്തുറമുഖം പുരാതനകാലംമുതല്ക്കുതന്നെ ഇന്ത്യയിലേക്കുവെച്ചു് ഏററവും നല്ല തുറമുഖങ്ങളിലൊന്നായിരുന്നു. ഇതു പെരിയാറിന്റെ അഴിമുഖത്താണു സ്ഥിതിചെയ്യുന്നതു്. വഷക്കാലത്തു പുഴയിൽ വെള്ളപ്പൊക്കമുണ്ടായി മണ്ണും ചളിയും വന്നു് അടഞ്ഞു് അഴിമുഖത്തിന്റെ ആഴം നന്നേ കുറഞ്ഞുവശായി. 1341ൽ അതിഭയങ്കരമായ ഒരു വെള്ളപ്പൊക്കമുണ്ടായി. കപ്പൽഗതാഗതത്തിനു സൗകൎയ്യമില്ലാത്തവിധം അഴി അടഞ്ഞതുകൊണ്ടു്, വലിയ കച്ചവടക്കപ്പലുകൾ ആ തുറമുഖത്തടുക്കാതെയായി. അതോടെ ആ തുറമുഖത്തിന്റെ പ്രാധാന്യം

തീരെ ക്ഷയിച്ചു. എന്നാൽ 1341ലെ വെള്ളപ്പൊക്കം കൊച്ചിയിലുണ്ടായിരുന്ന തുറമുഖത്തെ നന്നാക്കുകയും കപ്പലുകൾക്കു യഥേഷ്ടം അഴികടന്നു കായലിൽ വന്നു നില്പാൻ സൗകൎയ്യമുണ്ടാക്കുകയും ചെയ്തു. കൊച്ചി തുറമുഖത്തുനിന്നു് അനവധി ദൂരത്തിലുള്ള ഉൾപ്രദേശങ്ങളിലേയ്ക്കു വെള്ളത്തിൽക്കൂടി ഗതാഗതം ചെയ്വാൻ സൗകൎയ്യമുണ്ടു്. കൊച്ചിയുടെ പണ്ടത്തെ പേർ ബാലപുരി എന്നായിരുന്നു. ഈ പട്ടണത്തിലേയ്ക്കാണു തലസ്ഥാനം മാററിയതു്. കടൽവ്യാപാരത്തിനുവേണ്ട സൗകൎയ്യങ്ങളെല്ലാം ഉള്ള ഈ തുറമുഖത്തിനു കാലക്രമത്തിൽ പ്രാധാന്യം സിദ്ധിച്ചു. ഇപ്പോൾ നവീനസമ്പ്രദായത്തിൽ പരിഷ്കരിക്കപ്പെട്ട ഒരു വലിയ കച്ചവടകേന്ദ്രമായിട്ടുണ്ടു്.

ഇരിങ്ങാലക്കുടയിലുള്ള കൂടൽമാണിക്യം ക്ഷേത്രത്തിലേയ്ക്കു കായംകുളം രാജാവായ രവിവർമ്മ ഒരു മാണിക്യക്കല്ലു വഴിവാടു കൊടുത്തതു് ഈ രാജാവിന്റെ കാലത്താണു്. ഇതിനു പ്രതിഫലമായി രവിവർമ്മയ്ക്കു ക്ഷേത്രത്തിൽ ഒരു കാരായ്മാവകാശം സിദ്ധിച്ചു. ക്ഷേത്രാധികാരിയായ തച്ചുടയക്കൈമ്മളെ നിയമിക്കുവാനുള്ള അധികാരമാണു് ഈ കാരായ്മാവകാശം.

രാമവർമ്മ ധീരനായ ഒരു യോദ്ധാവും നയശാലിയായ ഒരു ഭരണകൎത്താവുമായിരുന്നു.

### ൯. വീരകേരളവൎമ്മ (1374—1423.)

തെക്കെകലനാഥോദയത്തിലും രാജരത്നാവലീയത്തിലും ഈ രാജാവിനെക്കുറിച്ചു വിവരിച്ചിട്ടുണ്ടു്. ഇദ്ദേഹം ഒരു ധീരനായ യോദ്ധാവായിരുന്നുവെന്നു് അവയിൽനിന്നു ഗ്രഹിക്കാം. വിദ്യാവിഷയത്തിലും ഭരണകാൎയ്യത്തിലും ഇദ്ദേഹത്തിനു പ്രത്യേകയോഗ്യതയുണ്ടായിരുന്നു. രാജാവായതിനുശേഷം അദ്ദേഹം ഒന്നാമതായി ചെയ്തതു രാജ്യാവകാശം ഇളയതാവഴിയുടെ പ്രത്യേകാവകാശമാക്കിത്തീൎക്കുകയാണു്. മററതാവഴികളിലെ വയസ്സുമൂപ്പുള്ള പുരുഷനു പെരുമ്പടപ്പുമൂപ്പിൽ സ്ഥാനവും നീക്കിവെച്ചു. അതിനുവേണ്ടി അദ്ദേഹം രാജ്യത്തിലെ പ്രമാണികളെയെല്ലാം വിളിച്ചുകൂട്ടി ഈ കാൎയ്യം അവരെ ധരിപ്പിച്ചു. കൊച്ചിയുടെയും പരിസരങ്ങളുടെയും ഉടമസ്ഥന്മാരും, കൊച്ചിതുറമുഖത്തിൽനിന്നുള്ള വമ്പിച്ച വരവിനു അവകാശികളുമായിരുന്ന ഇളയതാവഴിക്കാരായിരുന്നു അന്നത്തെ പ്രബലകക്ഷി. ഭരണനിപുണന്മാർകൂടി ആയിരുന്ന അവൎക്കു ഭരണാധികാരം നല്കുന്നതിൽ പ്രമാണികൾ പ്രതികൂലികളായിരുന്നില്ല. സാമൂതിരിയുടെ കയ്യേററങ്ങളെ തടയുവാൻ ഇതൊരു നല്ല മാൎഗ്ഗമാണെന്നും അവർ വിശ്വസിച്ചു. പക്ഷേ, ചാഴൂർ, മുരിങ്ങൂർ, പള്ളുരുത്തി, മൂത്തതാവഴി മുതലായ താവഴിക്കാൎക്കു് ഈ പരിഷ്കാരം രുചികരമായിരുന്നില്ല. എന്നാൽ ഇതിനെക്കുറിച്ചു പ്രതിഷേധിക്കുന്നതിനു് അവർ തല്ക്കാലം അശക്തന്മാരായിരുന്നു.

രാമവർമ്മയുടെ പിന്നത്തെ ഉദ്യമം മാമാങ്കത്തിൽ പങ്കുകൊള്ളുകയായിരുന്നു. ക്രി. വ. 1383 ൽ തിരുനാവായയിൽ മാമാങ്കം കൊണ്ടാടിയിരുന്നു. ഇതു പന്ത്രണ്ടുകൊല്ലം കൂടുമ്പോഠം നടത്താവുള്ള ഒരു മഹോത്സവമാണു്. ഇതിൻ കേരളത്തിലുള്ള സകലരാജാക്കന്മാരും നാടുവാഴികളും ഇടപ്രഭുക്കന്മാരും മററും എത്തിച്ചേരണമെന്നായിരുന്നു പണ്ടെയ്ക്കുപണ്ടെയുള്ള നിശ്ചയം. പെരുമ്പടപ്പുരാജാക്കന്മാക്കു് ഈ ഉത്സവത്തിൽ പങ്കുകൊള്ളണമെങ്കിൽ അവർ ചിത്രകൂടത്തിൽവെച്ചു കിരീടം ധരിച്ചിട്ടുള്ളവരായിരിക്കണമെന്നു് ഒരു പ്രത്യേക നിബന്ധനയുണ്ടു്. ചിത്രകൂടം സാമൂതിരിയുടെ കയ്യിൽപെട്ടതിനുശേഷം ഈ ചടങ്ങു നടന്നുവന്നിരുന്നില്ല. കിരീടം ധരിപ്പിക്കുന്നതു ചേന്നോസ്സു നമ്പൂതിരിയായിരിക്കണമെന്നും നിശ്ചയം ഉണ്ടു്. ചേന്നോസ്സു നമ്പൂതിരിയെ ഇക്കാലത്തു സാമൂതിരിയുടെ പുരോഹിതനാക്കുകനിമിത്തം നമ്പൂതിരിയെ ആവശ്യത്തിനു കിട്ടുവാനും നിവൃത്തിയില്ലാതായി. ഈ ബുദ്ധിമുട്ടുകളെല്ലാം ഉണ്ടായതു സാമൂതിരിയുടെ മത്സരം നിമിത്തമാണു്. അതിനാൽ ആരേയും അറിയിക്കാതെ കിരീടധാരണം നടത്തി പെട്ടെന്നു തിരുനാവായയിൽ എത്തണമെന്നായിരുന്നു പെരുമ്പടപ്പുമൂപ്പിലെ ഉദ്ദേശ്യം.

മൂപ്പിന്നു്, ചേന്നോസ്സിില്ലത്തെ ഒരു നമ്പൂതിരിയെ വരുത്തി അദ്ദേഹത്തിനേയും കൂട്ടി ചിത്രകൂടത്തിലേക്കു പുറപ്പെട്ടു. പരിവാരങ്ങളെയെല്ലാം മറെറാരുവഴിക്കു

തിരുനാവായയ്ക്കു് അയക്കുകയും ചെയ്തു. അവർ തിരുനാവായയിൽ എത്തിയതോടുകൂടി മൂപ്പീന്നും ചിത്രകൂടത്തിൽനിന്നു മടങ്ങി തിരുനാവായയിൽ എത്തി. പെരുമ്പടപ്പുരാജാവു വരാതിരിപ്പാൻ വേണ്ട സകല തടസ്സങ്ങളും ചെയ്തു മാന്യസ്ഥാനം കൈക്കലാക്കിയിരുന്ന സാമൂതിരിപ്പാടു് ഇതു കണ്ടപ്പോൾ വിഷണ്ണനായി. മാന്യസ്ഥാനത്തിനുള്ള അവകാശി പെരുമ്പടപ്പുരാജാവായിരുന്നതിനാൽ സാമൂതിരി ആ സ്ഥാനം ഉടനെ അദ്ദേഹത്തിനു് ഒഴിഞ്ഞുകൊടുത്തു. ഈ മാമാങ്കം ഇങ്ങനെ കഴിഞ്ഞു. പിന്നീടുണ്ടായ മാമാങ്കങ്ങൾക്കു് പെരുമ്പടപ്പുരാജാക്കന്മാർ പോവാറില്ല.

തന്നെ പിന്തുടൎന്നു രാജ്യഭാരം കയ്യേല്പാൻ അദ്ദേഹത്തിന്റെ താവഴിയിൽ രാജകുമാരന്മാർ ഉണ്ടായിരുന്നില്ല. അതിനാൽ രാജാവു് അത്യന്തം വ്യസനിച്ചു. വളരെക്കാലം ഈശ്വരസേവ ചെയ്തതിന്റെ ഫലമായി ഒരു ഉണ്ണിപിറന്നു. ആ രാജകുമാരനു പ്രായപൂൎത്തിയാകുന്നതുവരെ രാജാവു് ജീവിച്ചിരുന്നതിനാൽ രാജ്യഭാരം അവകാശിയെ ഏല്പിച്ചു പരലോകം പ്രാപിപ്പാൻ അദ്ദേഹത്തിനു സംഗതി വന്നു.

## ൧൦. രാമവൎമ്മ (1423-1473)

രാമവൎമ്മരാജാവിന്റെ കാലമായപ്പോഴെയ്ക്കും സാമൂതിരിവംശക്കാരുടെ ശക്തി പൂൎവ്വാധികം വൎദ്ധിച്ചു. അവർ കൊച്ചിരാജാക്കന്മാരുടെ ബദ്ധവിരോധികളായിത്തീൎന്നു. ഈ കാലത്തെ സാമൂതിരിപ്പാടു ശക്തൻ

എന്ന ബിരുദ സമ്പാദിച്ച ഒരു യഥാൎത്ഥശക്തനായിരുന്നു. അദ്ദേഹം വെട്ടത്തുരാജാവിനേയും കൊച്ചിയിലെ മൂത്ത താവഴി രാജാക്കന്മാരേയും ഇടപ്പിള്ളിരാജാവിനേയും തന്റെ പാട്ടിലാക്കി. അവർ ഒത്തൊരുമിച്ച കൊച്ചിയെ നാമാവശേഷമാക്കുവാൻ ലാക്കുനോക്കി നിന്നു. പക്ഷെ കൊച്ചിരാജാവു ധനുൎവ്വേദത്തിന്റെ കരകണ്ട ഒരു യോദ്ധാവായിരുന്നതിനാൽ യുദ്ധത്തിനു പുറപ്പെട്ടില്ല.

രാവൎമ്മവിലാസം എന്ന ഒരു സംസ്കൃതഗ്രന്ഥത്തിൽ ഈ രാജാവിന്റെ യോഗ്യതകളെക്കുറിച്ച വൎണ്ണിച്ചിട്ടുണ്ട്. രാജ്യകാൎയ്യം തന്റെ സഹോദരനായ ഗോദവൎമ്മയെ ഏല്പിച്ച് അദ്ദേഹം ഒരിക്കൽ തലക്കാവേരിക്കു് തീൎത്ഥയാത്ര പുറപ്പെട്ടു. കുറേക്കാലം തമിഴരാജ്യങ്ങളിൽ താമസിച്ചു. അവിടെവെച്ച് ഒരു പരദേശസ്ത്രീയെ കല്യാണം കഴിച്ചു. അതിനുശേഷം അദ്ദേഹം പാണ്ഡ്യരാജ്യത്തേയ്ക്കു പോയി. ആ കാലത്തു് അവിടത്തെ രാജ്യകാൎയ്യം കുറേ കുഴപ്പത്തിലായിരുന്നു. യഥാൎത്ഥരാജ്യാവകാശിയെ സ്ഥാനഭ്രഷ്ടനാക്കി മറെറാരാൾ സ്ഥാനം കയ്ക്കലാക്കീട്ടുള്ള സന്ദൎഭത്തിലാണു രാമവൎമ്മ അവിടെ എത്തിയതു്. അദ്ദേഹം യഥാൎത്ഥാവകാശിയുടെ ഭാഗത്തുചേൎന്നു യുദ്ധംചെയ്തു സിംഹാസനം അദ്ദേഹത്തിനു മടക്കികൊടുപ്പിച്ചു.

രാമവൎമ്മ തന്റെ വാൎദ്ധക്യകാലത്തു ഗോദവൎമ്മയൊരുമിച്ച കാശിക്കു പോവുകയും അവിടെ വെച്ചു തീപ്പെടുകയും ചെയ്തു.

## അദ്ധ്യായം ൧.

### പറങ്കികളുടെ ആഗമനം.

സ്പെയിൻരാജ്യക്കാർ കപ്പൽയാത്രചെയ്തു് അമേരിക്ക കണ്ടുപിടിച്ചപ്പോഠം അങ്ങനെ ഒരു കപ്പൽയാത്ര തൻെറ രാജ്യക്കാരെക്കൊണ്ടും ചെയ്യിച്ചു് ഇന്ത്യയിലേക്കും മററു കിഴക്കൻ പ്രദേശങ്ങളിലേക്കും ഒരു കടൽ മാൎഗ്ഗം കണ്ടുപിടിക്കണമെന്നുകരുതി പോൎട്ടുഗൽ രാജാവു വാസ്കോഡിഗാമയുടെ നേതൃത്വത്തിൽ ഒരുകൂട്ടം കപ്പൽക്കാരെ കിഴക്കോട്ടയച്ചു. ഒന്നിലധികം കൊല്ലം കപ്പലോടിച്ചതിനുശേഷം 1498 മെയ്മാസം 20-ാംനു- അവർ കോഴിക്കോട്ടെത്തി. ഗാമ സാമൂതിരിപ്പാട്ടിലെ മുഖം കാണിച്ചു്, തങ്ങളുടെ വരവിനുള്ള കാരണം ധരിപ്പിച്ചു. അവർ കച്ചവടക്കാരാണെന്നും കച്ചവടാവശ്യത്തിനു വന്നതാണെന്നുമറിഞ്ഞപ്പോഠം സാമൂതിരിപ്പാട്ടിലേയ്ക്കു വലിയ സന്തോഷമായി. യൂറോപ്പും കിഴക്കൻരാജ്യങ്ങളും തമ്മിൽ നടക്കുന്ന കച്ചവടത്തിൻെറ കേന്ദ്രം കോഴിക്കോട്ടുതുറമുഖമാകുന്നപക്ഷം അതൊരു നല്ല കാൎയ്യമാണെന്നു കരുതി കോഴിക്കോട്ടു താമസിച്ചു കച്ചവടം ചെയ്തുകൊള്ളുവാൻ സാമൂതിരി പറങ്കികഠക്കു് അനുവാദം നല്കി. അവൎക്കു് അത്യാവശ്യമായ സാധനങ്ങഠ കുരുമുളകു്, ഏലം, എലവൎങ്ങം മുതലായവയായിരുന്നു.

അന്നു കേരളത്തിലെ കച്ചവടം അധികഭാഗവും അറബികളുടെ കൈവശത്തിലായിരുന്നു. പറങ്കിക

ളുടെ വരവും കച്ചവടക്കരാറുകളും അവൎക്കു സന്തോഷമായില്ല. പറങ്കികൾക്കു സാമാനം കിട്ടാതെവന്നാൽ അവർ തന്നത്താൻ കോഴിക്കോട്ടു വിട്ടുകൊള്ളുമെന്നു കരുതി അതിന്നുവേണ്ടി അറബികൾ ശ്രദ്ധമായി പ്രയത്നിച്ചു. തന്മൂലം പറങ്കികൾക്കു സാമാനം തീരെ കിട്ടാതെയായി. അധികാരസ്ഥന്മാരോടു് ആവലാതി പറഞ്ഞുവെങ്കിലും അതുകൊണ്ടൊരു പ്രയോജനവുമുണ്ടായില്ല. അതിന്നാൽ അറബികൾ ശേഖരിച്ചുവെച്ചിട്ടുണ്ടായിരുന്ന കുരുമുളകെല്ലാം പറങ്കികൾ ബലംപ്രയോഗിച്ചെടുത്തുകൊണ്ടുപോയി. ഇതു് ഒരു വലിയ ലഹളയ്ക്കു കാരണമായി. പറങ്കികളെ കൂട്ടത്തോടുകൂടി നശിപ്പിക്കുവാൻവേണ്ടി അറബികൾ ഒരുദിവസം രാത്രി അവരുടെ വീടുകൾക്കു തീവെച്ചു. ഇതിന്റെ ഫലമായി അനവധി പറങ്കികൾ മരിച്ചു. ശേഷമുള്ളവർ ഓടി തുറമുഖത്തു കിടന്നിരുന്ന കപ്പലുകളിൽ കയറി കോഴിക്കോടുവിട്ടു കൊച്ചിയിലെത്തി.

അക്കാലത്തു സാമൂതിരിയുടെ ശല്യം കൊച്ചിക്കു സഹിക്കവയ്യാത്ത നിലയിൽ എത്തിയിരുന്നു. സാമൂതിരിപ്പാട്ടിലെ ശത്രുക്കളുടെ ബന്ധുത കൊച്ചിക്കു ഗുണകരമാണെന്നുകരുതി കൊച്ചിരാജാവു് പറങ്കികൾക്കു താമസിപ്പാനും കച്ചവടം ചെയ്വാനും വേണ്ട ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തു. ഈ വൎത്തമാനം കേട്ടപ്പോൾ സാമൂതിരി കുപിതനായി ശിക്ഷാൎഹന്മാരായ പറങ്കികളെ ഉടനെ വിട്ടുകൊടുക്കണമെന്നു കൊച്ചിരാജാവിനോടു് ആവശ്യപ്പെട്ടു. അദ്ദേഹം

അവരെ വിട്ടുകൊടുത്തില്ലെന്നു മാത്രമല്ല, അഭയം പ്രാപിച്ചവരെ ശത്രുവിന്റെ കയ്യിൽ ഏല്പിക്കുന്നതു രാജനീതിയല്ലെന്നു മറുപടി പറയുകയും ചെയ്തു. ഈ മറുപടി സാമൂതിരിയെ വല്ലാതെ ക്ഷോഭിപ്പിച്ചു. 50,000 യോദ്ധാക്കൾ അടങ്ങിയ ഒരു വലിയ സൈന്യത്തെ അദ്ദേഹം കൊച്ചിക്കുനേരേ അയച്ചു. സാമൂതിരിപ്പാടും സൈന്യവും 1503 മാർച്ചുമാസം 1-ാംനു- കൊച്ചിരാജ്യത്തെത്തി.

സാമൂതിരിയെ എതിക്കുവാൻ കൊച്ചിരാജാവും ചുരുക്കത്തിൽ ചില ഏർപ്പാടുകൾ ചെയ്തിട്ടുണ്ടായിരുന്നു. അദ്ദേഹം തന്റെ യോദ്ധാക്കളിൽനിന്നു 5500 പേരെ തിരഞ്ഞെടുത്തു മരുമകനായ നാരായണൻ എന്ന രാജകുമാരന്റെ നേതൃത്വത്തിൽ ശത്രുവിനെ എതിക്കുന്നതിനായി അയച്ചു. ഇരുസൈന്യങ്ങളും ആലങ്ങാട്ടുവെച്ചു തമ്മിൽ കൂട്ടിമുട്ടി. സാമൂതിരിയുടെ സൈന്യങ്ങൾക്കു് ആലങ്ങാട്ടെത്തുന്നതിനു് ഒരു കടത്തു കടക്കുവാനുണ്ടായിരുന്നു. ആ കടത്തിൽവെച്ചു കൊച്ചിക്കാർ ശത്രുക്കളെ എതിത്തു നിശ്ശേഷം തോല്പിച്ചു. ഇടപ്പിള്ളിരാജാവിന്റെ നേതൃത്വത്തിൽ പിറേറദിവസവും അവർ കടത്തു കടക്കുവാൻ ശ്രമിച്ചു. ആ ശ്രമവും നിഷ്ഫലമായി. കൊച്ചിക്കാരുടെ ശരസ്ത്രങ്ങളേററു വിവശരായ ശത്രുസൈന്യങ്ങൾ നിലവിട്ടോടിക്കളഞ്ഞു.

പുത്തരിയിൽത്തന്നെ കല്ലുകടിച്ചവിധം ഒന്നാമത്തെ യുദ്ധത്തിൽതന്നെ സാമൂതിരി തോററു. അതു

നിമിത്തം പിന്നീട്ട തരം കിട്ടുമ്പോഴെല്ലാം അദ്ദേഹം കൊച്ചിയെ ആക്രമിച്ചുകൊണ്ടിരുന്നു. 1503ൽതന്നെ രണ്ടാമതൊരു ആക്രമണവുംകൂടിയുണ്ടായി. അതിൻെറ ഗതി ആദ്യം ശുഭപ്രദമല്ലായിരുന്നുവെങ്കിലും, പിന്നീട്ട ചതിപ്രയോഗംകൊണ്ടു സാമൂതിരിപ്പാട്ട ജയംനേടി. കൊച്ചിയിലെ ഉദ്യോഗസ്ഥന്മാൎക്കു് അദ്ദേഹം കൈക്കൂലികൊടുത്തു സൈന്യത്തിൻെറ ഒരു വലിയ അംശത്തെ പിൻവലിപ്പിച്ചു. തുടൎന്നുണ്ടായ യുദ്ധത്തിൽ കൊച്ചിക്കാർ തോററു. പടത്തലവനും അദ്ദേഹത്തിൻെറ രണ്ടു അനുജന്മാരും മൃതരായി. സാമൂതിരി കൊച്ചിപ്പട്ടണം പിടിച്ചടക്കുകയും ചെയ്തു.

ഈ ജയംകൊണ്ടു സാമൂതിരിപ്പാട്ടിലേയ്ക്കു വലിയ ഗുണമുണ്ടായില്ല. കൊച്ചിരാജാവിനെ സഹായിക്കുവാൻ വേണ്ട സാധനസാമഗ്രികളോടുകൂടി അൽബുക്കൎക്കു് എന്ന പറങ്കിക്കപ്പിത്താൻ അധികം താമസിയാതെ കൊച്ചി തുറമുഖത്തെത്തി. സാമൂതിരിപ്പാട്ടിലെ കാവൽസൈന്യം പേടിച്ചോടിയതിനാൽ അൽബുക്കൎക്കു് നിൎബ്ബാധം കൊച്ചിയിലെത്തി. കൊച്ചിക്കാരുടെ ശത്രുപക്ഷത്തിൽ നിന്നിരുന്ന ചെറുവയ്പിൽ കയ്മൾ, ഇടപ്പിള്ളിരാജാവു്, കുമ്പളത്തുകയ്മൾ മുതലായവൎക്കു തക്ക ശിക്ഷ കൊടുത്തു. ഈ വിവരംകേട്ടു സാമൂതിരിപ്പാട്ട പിന്നെയും യുദ്ധത്തിനൊരുങ്ങി. ഈ തവണയുണ്ടായ യുദ്ധം കുമ്പളത്തുവെച്ചായിരുന്നു. സാമൂതിരിപ്പാട്ടിലെ വമ്പിച്ച കടൽസൈന്യവും കരസൈന്യവും കൊച്ചിക്കാരോടേററുമുട്ടി. കൊച്ചിയു

ടെ സൈന്ന്യം ഏററവും ചെറുതായിരുന്നു. സഹാ യത്തിന്നു പച്ചിക്കോ എന്ന പറങ്കിക്കപ്പിത്താൻെറ കീ ഴിലുണ്ടായിരുന്ന 111 പറങ്കികഠം മാത്രം! എങ്കിലും ഈ ചെറിയ സൈന്ന്യത്തെ തോല്പിക്കുവാൻ സാധി ക്കാതെ സാമൂതിരിപ്പാട്ട തോററു മടങ്ങേണ്ടിവന്നു.

---

## അദ്ധ്യായം വ്യ.

### പറങ്കികളുടെ പ്രതാപം.

സാമൂതിരിപ്പാടിനേയും മററു നാട്ടവാഴികളേയും തോല്പിച്ചോടിപ്പാൻ സാധിച്ചതുനിമിത്തം പറങ്കി കഠക്കു കേരളത്തിൽ ഒരു വലിയ സ്ഥാനം സിദ്ധിച്ചു. ഈ നില ലഭിച്ചതോട്ടകൂടി, കച്ചവടത്തിൽ മാത്രം ശ്രദ്ധിച്ചിരുന്ന അവർ രാഷ്ട്രീയകാൎയ്യങ്ങളിലും പ്രവേ ശിച്ചുതുടങ്ങി. നാട്ടുരാജാക്കന്മാരെ പേടിപ്പിച്ചു പാ ട്ടിൽ നിൎത്തുവാനും കോട്ടകളും കച്ചവടസ്ഥലങ്ങളും കാത്തു സൂക്ഷിപ്പാനും സൈന്ന്യബലം ആവശ്യമായി രുന്നല്ലോ. യോഗ്യനായ ഒരു മേലുദ്ദ്യോഗസ്ഥൻെറ സാന്നിദ്ധ്യവും ഒഴിച്ചുകൂടാത്തതായി. തന്മൂലം പോ ൎത്തുഗൽരാജാവു തൻെറ വൈസ്രോയിയായി ഡോം ഫ്രാൻസിസ്കോ അൽമേദ എന്ന ആളെ ഇന്ത്യയിലേ ക്കു് ഒരു വലിയ സൈന്ന്യത്തോട്ടകൂടി അയച്ചു. അ യാഠം കേരളത്തിൽ എത്തിയ ഉടനെ ചെയ്തു

കണ്ണൂരിൽ ഒരു കോട്ട കെട്ടുകയായിരുന്നു. കൊച്ചി യിലുണ്ടായിരുന്ന എമ്മാനുവേൽക്കോട്ട ഇടിച്ചുതകൎത്തു തൽസ്ഥാനത്തു് ഒരു പുതിയ കോട്ട പണിയിച്ചു. ഇതിന്റെ പണി തീൎന്നയുടനെ പറങ്കികൾ തങ്ങളുടെ തലസ്ഥാനം കൊച്ചിയിലേക്കു മാററി.

പറങ്കികൾ കൊച്ചിയിൽ എത്തിയ കാലത്തു രാജ്യം ഭരിച്ചിരുന്നതു് ഉണ്ണിരാമവൎമ്മയാണു്. അദ്ദേഹം യഥാൎത്ഥാവകാശിയല്ലായിരുന്നു. ഗോദവൎമ്മ മഹാരാജാവിനുവേണ്ടി, പ്രതിനിധിയുടെ നിലയിൽ, ആണു രാജ്യം ഭരിച്ചിരുന്നതു്. അതിനാൽ ഗോദ വൎമ്മ കാലഗതി പ്രാപിച്ചപ്പോൾ നാട്ടുനടപ്പനുസ രിച്ചു സ്ഥാനം യഥാൎത്ഥാവകാശിക്കു് ഒഴിഞ്ഞുകൊടു ക്കേണ്ടതായി വന്നു. പറങ്കികൾ ഇതു കൂടാതെകഴി പ്പാൻ വളരെ ശ്രമിച്ചുവെങ്കിലും ഉണ്ണിരാമവൎമ്മ പ ണ്ടത്തെ നടപടിയെ ഭേദപ്പെടുത്തുവാൻ സമ്മതി ച്ചില്ല; പക്ഷെ തന്റെ സ്ഥാനം ഉണ്ണിരാമൻകോ യിൽ എന്ന രാജകുമാരനു് ഒഴിഞ്ഞുകൊടുത്തു. ഉണ്ണി രാമവൎമ്മ തീപ്പെട്ടപ്പോൾ, ഉണ്ണിരാമൻകോയിൽ ത ന്റെ പ്രതിനിധിസ്ഥാനം ഒഴിയേണ്ടതായിരുന്നു; പ ക്ഷേ പറങ്കിവൈസ്രോയി അൽബുക്കൎക്കു് അതിനു സമ്മ തിച്ചില്ല. ഉണ്ണിരാമൻകോയിൽ സ്ഥാനം ഒഴിഞ്ഞതു മില്ല. ഈ സംഭവം മൂത്തതാവഴിയിൽപ്പെട്ട പിന്ന ത്തെ അവകാശിയെ ക്ഷുഭിതനാക്കി. അദ്ദേഹം സാമൂ തിരിയെ അഭയം പ്രാപിച്ചു. കൊച്ചിരാജാവിനെയും പറങ്കികളേയും രാജ്യത്തിൽ നിന്നോടിപ്പാൻ ലാക്കു

നോക്കിക്കൊണ്ടിരുന്ന സാമൂതിരിക്കു് ഇതൊരു തക്കമായി. അദ്ദേഹം യുദ്ധത്തിനുള്ള ഒരുക്കങ്ങൾ ധൃതിയിൽ കൂട്ടി. ഇതറിഞ്ഞു് അൽബുക്കർക്ക് 2600 ഭടന്മാരേയുംകൊണ്ടു കോഴിക്കോട്ടെത്തി. അദ്ദേഹത്തെ എതിൎപ്പാൻ ആരും വന്നില്ല. പറങ്കികൾ കോഴിക്കോട്ടുനഗരത്തിനുള്ളിൽ പ്രവേശിച്ചപ്പോൾ, പെട്ടെന്നു് ഒരുകൂട്ടം വില്ലാളികൾ അവരെ വളഞ്ഞു. വില്ലാളികളുടെ ശരമേററു പറങ്കികളിൽ വളരെപ്പേർ മരിച്ചു. അൽബുക്കർക്കിനും കഠിനമായ പരുക്കേററു. കൊടിയും കുറയുംകൂടി ഉപേക്ഷിച്ചു പറങ്കികൾ തിരിച്ചോടി. അവൎക്കുവന്ന നഷ്ടം അതിരു കവിഞ്ഞതായിരുന്നു. എഴുപതു് ഉദ്യോഗസ്ഥന്മാരും 300 പടയാളികളും മരിച്ചു; 400പേൎക്കു സാരമായ പരുക്കുകളേററു. ഈ ജയംകൊണ്ടു മത്തുപിടിച്ച സാമൂതിരിപ്പാട്ടു്, കൊച്ചിയെ ആക്രമിപ്പാൻ മടത്തിൻപടിക്കോയിലിനോടുപദേശിച്ചു. പക്ഷെ, പറങ്കിക്കപ്പിത്താനായ ന്യൂണോ അവരുടെ ഉദ്ദേശ്യം ശിഥിലമാക്കി.

കച്ചവടത്തിനു കൊച്ചിയേക്കാൾ അധികം സൗകൎയ്യം ഗോവയിലാണെന്നുകരുതി പറങ്കികൾ അവരുടെ തലസ്ഥാനം അങ്ങോട്ടു മാററി. ഇതു കൊച്ചിരാജാവിനു വലിയ നിരാശയ്ക്കു കാരണമായി. അദ്ദേഹം അതിൽ വിരോധം പ്രകടിപ്പിച്ചുവെങ്കിലും, ഫലമുണ്ടായില്ല.

ക്രി. വ. 1515നടുത്ത കാലത്തു പോൎത്തുഗൽരാജാവു് ലോപ്പോ സ്വാരസ്സു് എന്നാളെ അൽബൂക്കർക്കിനു

പകരം വൈസ്രോയിയായി നിശ്ചയിച്ചു. സ്വാരെസ്സ് ഗോവയിൽ എത്തിയപ്പോൾ മാത്രമേ ഈ വിവരം അൽബുക്കെക്ക് അറിഞ്ഞുള്ളൂ. പെട്ടെന്നുണ്ടായ ഈ സംഭവം അൽബുക്കെക്കിന്റെ കരൾ പൊട്ടിച്ചു. അധികം താമസിയാതെ അദ്ദേഹം മരിക്കുകയും ചെയ്തു. അൽബുക്കെക്കിനെപ്പോലെ സ്വഭാവഗുണവും ഭരണനൈപുണ്യവുമുള്ള ഒരു പറങ്കിവൈസ്രോയി പിന്നീടൊരുകാലത്തും ഇന്ത്യയിൽ വന്നിട്ടില്ല. അദ്ദേഹത്തിന്റെ അഭാവത്തോടുകൂടി പറങ്കികളുടെ ശക്തിക്കു ക്ഷയം തുടങ്ങി. ലോപ്പോ സ്വാരെസ്സ് ഒരു ഭരണതന്ത്രജ്ഞനായിരുന്നില്ല. അദ്ദേഹത്തിന്റെ നേരേ പലക്കും വെറുപ്പു തോന്നി. പറങ്കികളുടെ പ്രധാനബന്ധുവായ കൊച്ചിരാജാവു ഗവൎണ്ണരെ ഗുണദോഷിച്ചുവെങ്കിലും അദ്ദേഹം അതിനൊന്നും ചെവികൊടുത്തില്ല. ഗവൎണ്ണരുടെ ഭരണരീതി കൊച്ചിക്കാരെ അക്ഷമന്മാരാക്കി.

സ്വാരെസ്സ് അധികകാലം ഗവൎണ്ണരുദ്യോഗം ഭരിച്ചില്ല. പിന്നെ ഗവൎണ്ണരായിവന്ന സെക്വീറായുടെ കാലത്തു കൊച്ചിയും കോഴിക്കോട്ടും തമ്മിൽ ഒരു യുദ്ധമുണ്ടായി. രണ്ടു പെരുമ്പടപ്പുരാജകുമാരന്മാരെ യുദ്ധത്തിൽ വധിച്ച പക വീട്ടുവാൻ വേണ്ടിയായിരുന്നു കൊച്ചിരാജാവു് ഇങ്ങനെ ഒരു യുദ്ധസന്നാഹം കൂട്ടിയതു്. 50,000 ഭടന്മാരോടുകൂടി കൊച്ചിരാജാവു കോഴിക്കോട്ടുപട്ടണത്തെ വളഞ്ഞു. പക്ഷെ, കൊച്ചിയിലെ സൈന്യനേതാക്കന്മാർ പലരേയും സാമൂതിരി

പ്പാട്ട കോഴക്കൊട്ടത്തു സ്വാധീനിച്ചതിനാൽ യാതൊന്നും ചെയ്യാൻ സാധിക്കാതെ കൊച്ചിരാജാവിനു മടങ്ങിപ്പോരേണ്ടിവന്നു.

ദ്വാട്ടി മെനസെസ്സ് എന്ന ഗവർണ്ണരുടെ കാലത്താണ പറങ്കികളുടെ ഖ്യാതിക്ക വലിയ ഊനം തട്ടിയതു്. അവർ തിരേ അപരിഷ്കൃതന്മാരാണെന്നു തോന്നിക്കത്തക്കവിധമായിരുന്നു അദ്ദേഹം പ്രവർത്തിച്ചിരുന്നതു്. അക്കാലത്തു ചുങ്കമെന്ന പേരിൽ അവർ കച്ചവടക്കാരിൽനിന്നു് അനവധി പണം തട്ടിയെടുത്തിരുന്നു. ഇവയെല്ലാം ഉദ്യോഗസ്ഥന്മാർ അപഹരിക്കുകയാണ ചെയ്യുതു്. ഈവക ദുർവൃത്തികൾ നിൎത്തുവാൻ ഗവർണ്ണൎക്ക ശക്തിയുണ്ടായിരുന്നില്ല. എന്നല്ല അദ്ദേഹവും ഇതിൽ പങ്കുകാരനായിരുന്നത്രേ. മെനസെസ്സിൻെറ പേരിലുള്ള ആവലാതി മുഴുത്തുവന്നപ്പോൾ അദ്ദേഹത്തെ യൂറോപ്പിലേയ്ക്കു തിരിച്ചുവിളിച്ചു. പിന്നീട്ട വന്ന ഗവർണ്ണർ വാസ്കോഡിഗാമയായിരുന്നു. വയോവൃദ്ധനായിരുന്ന അദ്ദേഹത്തിനു കാൎയ്യാന്വേഷണത്തിനു ശേഷിയുണ്ടായിരുന്നില്ല. അദ്ദേഹം 1524 ഡിസംബർ 25-ാംനു- കൊച്ചിയിൽവെച്ചു മരിച്ചു. അൽബുക്കൎക്കിനു ശേഷം വന്ന ഗവർണ്ണർമാരിൽവെച്ചു് ഏററവും സൽസ്വഭാവി ന്യൂണോ ഡി കുഞ്ഞോ ആയിരുന്നു. അദ്ദേഹത്തിനു മുമ്പുണ്ടായിരുന്ന ഗവർണ്ണരുടെ ചാപല്യം നിമിത്തം പരിഭവിച്ചുകന്നുനിന്നിരുന്ന നാട്ടുരാജാക്കന്മാരെയെല്ലാം അദ്ദേഹം വഴിപോലെ സന്തോഷിപ്പിച്ചു.

ഈ കാലത്തു കാംബേയിലെ രാജാവിൻെറ ഉപദേശപ്രകാരം കൊച്ചിയെ ആക്രമിപ്പാൻ സാമൂതിരിപ്പാട വട്ടംകൂട്ടി. എന്നാൽ ആ ആക്രമണത്തെ തടുപ്പാൻ ചെയ്ത മുൻകരുതലുകളെക്കുറിച്ച ചാരന്മാർ മുഖേന സാമൂതിരിപ്പാട കേട്ടപ്പോൾ ആ ഉദ്യമം വേണ്ടെന്നു തീൎച്ചപ്പെടുത്തി. ഈ ആക്രമണത്തെ തടയുവാൻ ഗോവയിൽനിന്നു് ഒരു സൈന്യത്തെ അയച്ചിട്ടുണ്ടായിരുന്നു. അതു കൊച്ചിയിൽ എത്തുന്നതിനു മുമ്പുതന്നെ സാമൂതിരിപ്പാട തിരിച്ചുപോയി. തന്മൂലം സൈന്യനേതാവായ മാട്ടിൻ ഡിസോസയ്ക്കു് ഇച്ഛാഭംഗം നേരിട്ടു. സാമൂതിരിപ്പാട്ടിലെ കൂറുകാരനായ ഇടപ്പിള്ളിരാജാവിനെ അദ്ദേഹം പോരിനു വിളിച്ചു. ഡിസോസയും ഇടപ്പിള്ളിരാജാവും തമ്മിലുണ്ടായ യുദ്ധത്തിൽ രാജാവു തോറേറാടി. ഡിസോസ ഇടപ്പിള്ളിയിൽചെന്നു്, 6000 നായന്മാരടങ്ങിയ കാവൽ സൈന്യത്തെ തോല്പിച്ചു്, പെരുമാക്കന്മാർ കിരീടധാരണ സമയത്തു് ഉപയോഗിച്ചിരുന്ന വെണ്ണക്കൽ ആസനത്തെ അപഹരിച്ചുകൊണ്ടുപോന്നു.

1537-ൽ ഉണ്ണിരാമൻകോയിൽ തീപ്പെട്ടു. അദ്ദേഹത്തെ പിന്തുടൎന്നു വീരകേരളവൎമ്മ സ്ഥാനാരോഹണം ചെയ്തു. പറങ്കികളുടെ അശ്രദ്ധകൊണ്ടും അത്യാഗ്രഹംകൊണ്ടും കച്ചവടം ക്ഷയിച്ചപ്പോൾ ആ നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി അന്നത്തെ ഗവൎണ്ണറായ അൻഫൻസോ ഡിസോസ ആവശ്യമുള്ളേടത്തോളം ദ്രവ്യം കൊള്ളയിട്ടുണ്ടാക്കുവാൻ നിശ്ചയിച്ചു.

പറങ്കികഠം പല ക്ഷേത്രങ്ങളിലും കയറി ഭണ്ഡാരം കുത്തിപ്പൊളിച്ച പൊന്നും പണവും യഥേഷ്ടം വാരി ക്കൊണ്ടുപോയി. ബന്ധുവായ കൊച്ചിരാജാവിൻെറ വക പള്ളുരുത്തിക്ഷേത്രത്തിൽകൂടി അവർ കേറി കൊള്ളചെയ്തു. ഈ ദുർവൃത്തികഠം ഹിന്ദുക്കഠംക്കു സഹി ക്കാൻ വയ്യാതെയായപ്പോഠം അവർ ഒത്തൊരുമിച്ച ഗവണ്ണരെ രാജ്യത്തിൽ നിന്നോടിക്കുവാൻ വേണ്ട യത്നം ചെയ്തു. താമസിയാതെ അദ്ദേഹം ഉദ്യോഗം രാജിവെച്ച സ്വരാജ്യത്തിലേക്കു മടങ്ങി.

ജോർജ്ജ് കബ്രാളാണു പിന്നീടു ഗവണ്ണരായി വന്നതു്. ഈ കാലത്തു സാമൂതിരിപ്പാടും കൊച്ചിയും തമ്മിൽ ഒരു യുദ്ധമുണ്ടാവാൻ ഭാവിച്ചുവെങ്കിലും, കൊച്ചിയിലെ നാടുവാഴികളെല്ലാം ഒത്തൊരുമിച്ച നിന്നതിനാൽ, സാമൂതിരിപ്പാട്ടിലെ പരിശ്രമം ഫല വത്തായില്ല. എന്നാൽ 1549ൽ സാമൂതിരി കൊച്ചി രാജാവിൻെറ സാമന്തനായ വടക്കുംകൂർ രാജാവിനെ സ്വാധീനിച്ചു്, ഒരു വലിയ സൈന്യത്തോടുകൂടി കൊച്ചിരാജ്യത്തിൻെറ അതിത്തിയിലെത്തി. വടു തല എന്ന പ്രദേശത്തുവെച്ചാണു കൊച്ചിക്കാർ ശത്രു ക്കളെ എതിത്തതു്. കൊച്ചിസൈന്യത്തിൻെറ സ ഹായത്തിനു പറങ്കിക്കപ്പിത്താനായ ഡിസിൽവയുടെ കീഴിൽ 600 പറങ്കികളുണ്ടായിരുന്നു. വടക്കുംകൂർ രാജാവിനു യുദ്ധത്തിൽ സാരമായ പരുക്കേററു. യുദ്ധ ഭൂമിയിൽക്കിടന്നു് അദ്ദേഹം മരിച്ചു. രാജാവിൻെറ മരണം നിമിത്തം ഭീതരായ സൈന്യം പിന്മാറി.

പറങ്കികഠം അവരെ പിന്തുടൎന്നുചെന്നു് അവരുടെ തലസ്ഥാനപട്ടണം ചുട്ടു നശിപ്പിക്കുകയും, രാജാവിൻെറ ഭാൎയ്യയെ തടവുകാരിയാക്കുകയും ചെയ്തു. ഈ പ്രവൃത്തിയാൽ വടക്കുംകൂർസൈന്യം ക്ഷുഭിതരായി വീണ്ടും യുദ്ധത്തിനു പുറപ്പെട്ടു. അതിൽവെച്ചു പറങ്കിക്കപ്പിത്താനും 50 വെള്ളക്കാരും മരിച്ചു. വടക്കുംകൂർസൈന്യം കൊച്ചിക്കു കടന്നു പറങ്കികളെ പാടല്ലാതെ ഉപദ്രവിച്ചുവെങ്കിലും, രാജപത്നിയെ ബന്ധനവിമുക്തയാക്കുവാൻ അവൎക്കു സാധിച്ചില്ല.

വടക്കുംകൂറിൻെറ വിജയവൎത്തമാനം കേട്ടു സാമൂതിരി ഒരുലക്ഷം ഭടന്മാരോടുകൂടി വടക്കുംകൂറിൻെറ സഹായത്തിനോടിയെത്തി. അവർ ചെമ്പിൽ വന്നു പാളയമടിച്ചു. പറങ്കിക്കപ്പിത്താനായ ഡിസൗസ സിപ്പൽവേദ കാലേക്കുട്ടി വട്ടതലയിൽ ഒരു സ്ഥാനമുറപ്പിച്ചിട്ടുണ്ടായിരുന്നു. അവിടെവെച്ചുണ്ടായ യുദ്ധം അതിഭയങ്കരമായിരുന്നു. പറങ്കികളുടെ വെടികൊണ്ടു ശത്രുസൈന്യത്തിൽ അനേകംപേർ നശിച്ചു. ശേഷിച്ചവർ ഓടിപ്പോവുകയും ചെയ്തു. ഈ തോൽവികളശേഷം കുറച്ചുകാലത്തേയ്ക്കു വടക്കുംകൂർകാർ അടങ്ങിയിരുന്നു; പക്ഷെ 1553_ൽ അവർ വീണ്ടും യുദ്ധസന്നദ്ധരായി. പിന്നീടുണ്ടായ യുദ്ധങ്ങളിലെല്ലാം അവർ തോററതേയുള്ളു. ക്രമേണ വടക്കുംകൂർരാജാവു സന്ധിക്കപേക്ഷിക്കുകയും, അദ്ദേഹവും പറങ്കികളുംതമ്മിൽ ഒരു സമാധാനക്കരാറു് എഴുതുകയും ചെയ്തു.

യുദ്ധം സന്ധിയിൽ കലാശിച്ചിട്ടും വടക്കുംകൂർ

രാജാവിനു സമാധാനമുണ്ടായില്ല. തൻെറ മുൻഗാമിയെ യുദ്ധത്തിൽ കൊന്ന പക വീട്ടുവാൻ അദ്ദേഹം തരംനോക്കിക്കൊണ്ടിരുന്നു. കൊച്ചിരാജാവിനെ വല്ലവിധത്തിലും വധിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശ്യം. അതിനുവേണ്ടി നിയമിച്ചിരുന്ന ചാരന്മാർ കൊച്ചിരാജാവിനെ 1561-ൽ വധിച്ചു. വടക്കുംകൂറിൻെറ പക വീളുകയും ചെയ്തു.

---

## അദ്ധ്യായം ൯.

## പറങ്കികളുടെ അധഃപതനം.

### ൧. രവിവർമ്മ.

1565മുതൽ 1615വരെയുള്ള 50 കൊല്ലക്കാലത്തെ ചരിത്രത്തെപ്പററി നമുക്കു നിശ്ചിതമായ യാതൊരറിവുമില്ല. അക്കാലത്തെ ചില സാഹിത്യഗ്രന്ഥങ്ങളിൽ രവിവർമ്മ,* വീരകേരളവർമ്മ എന്നു രണ്ടു രാജാക്കന്മാരെപ്പററി പ്രസ്താവിച്ചു കാണുന്നുണ്ട്. രവിവർമ്മയുടെ കാലത്തു സാമൂതിരി പല തവണ കൊച്ചിയെ ആക്രമിച്ചുവെങ്കിലും, അപ്പോഴൊക്കെയും തൻെറ കയ്യൂക്കിനാൽ ശത്രുവിനെ തോല്പിച്ചോടിക്കുന്നതിനു രവിവർമ്മയ്ക്കു സാധിച്ചിരുന്നു.

---

*ഇദ്ദേഹത്തിൻെറ പേർ രാമവർമ്മ എന്നായിരുന്നു എന്നും ഒരു പക്ഷമുണ്ട്.

നല്ലൊരു വിദ്വാനായിരുന്നു രവിവർമ്മ; അദ്ദേഹത്തിൻെറ രാജധാനി ഒരു വിദ്വൽസങ്കേതവുമായിരുന്നു. ഒരു തികഞ്ഞ ഈശ്വരവിശ്വാസിയായിരുന്ന അദ്ദേഹം തീത്ഥാടനത്തിനു പുറപ്പെട്ടിട്ടു്, ഹിന്ദുസ്ഥാനത്തിലുള്ള ശ്രുതിപ്പെട്ട സകല ക്ഷേത്രങ്ങളും സന്ദശിച്ചു്, കാശിസ്നാനവും കഴിഞ്ഞു്, മടങ്ങി എത്തിയതു് അഞ്ചുകൊല്ലത്തിനു ശേഷമാണു്.

ഈ കാലത്തു് അലെക്സിസ്സ് ഡോം മെനേസ്സിസ് ആയിരുന്നു ഗോവാമെത്രാപ്പോലീത്താ. അദ്ദേഹം തൻെറ കീഴിലുള്ള സകല പള്ളികളും സന്ദശിക്കുന്ന സന്ദഭത്തിൽ, കൊച്ചിയിലും വന്നു രാജാവിനെ മുഖം കാണിച്ചു. അവർ തമ്മിലുള്ള കൂടിക്കാഴ്ചയിൽ, ഡോം മെനേസ്സിസ്സ് രാജാവിനെ ക്രിസ്തുമതത്തിൽ ചേക്കുവാൻ ശ്രമിക്കുകയുണ്ടായി എന്നു ചില ചരിത്രകാരന്മാർ പറയുന്നുണ്ടു്. മെനേസ്സിസിൻെറ കൂടിക്കാഴ്ചക്കു മറെറാരുദ്ദേശ്യവുമുണ്ടായിരുന്നു. കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളെ പോത്തുഗീസ്സ് ഭരണത്തിൻകീഴിലാക്കണമെന്നുള്ളതായിരുന്നു മെനേസ്സിസിൻെറ മോഹം. അതിനു രാജശക്തിയുടെ സഹായത്തെ അദ്ദേഹം പ്രതീക്ഷിച്ചു. അദ്ദേഹത്തിൻെറ പ്രതീക്ഷ മുഴുവൻ ഫലിച്ചില്ല.

മതിലകത്തെ നാട്ടുവാഴിയും കൊച്ചിയും തമ്മിൽ വിരോധനിലയിലാണു വത്തിച്ചിരുന്നതെന്നു നാം ഇതിനുമുമ്പു വായിച്ചുവല്ലോ. 1628ൽ രവിവർമ്മ മതിലകം ആക്രമിച്ചു് അവിടത്തെ അങ്ങാടി കൊള്ള

യിട്ടു. മതിലകം അന്നു് അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരുന്ന ഒരു കച്ചവടകേന്ദ്രമായിരുന്നു.

## ൨. വീരകേരളവൎമ്മ.

രവിവൎമ്മയെത്തുടൎന്നു വീരകേരളവൎമ്മ രാജാവായി. അദ്ദേഹം ഒരു പ്രസിദ്ധയോദ്ധാവായിരുന്നു. അദ്ദേഹത്തിന്റെ കാലത്തുണ്ടായ പ്രധാനസംഭവം മതിലകം എന്ന സ്ഥലത്തെ നാടുവാഴിയായ ഇട്ടിക്കുമരമേനോനെ ഒതുക്കിയതായിരുന്നു. സാമൂതിരിപ്പാട്ടിലെ പക്ഷം ചേൎന്നിരുന്ന ഇട്ടിക്കുമരമേനോനെ കേരളവൎമ്മ വധിക്കുകയും, നാടു കണ്ടുകെട്ടുകയും ചെയ്തു. അനന്തരം കേരളവൎമ്മ തിരുവഞ്ചിക്കുളത്തു് ഒരു കോട്ട കെട്ടിച്ചു. സൈന്യത്തെ പരിഷ്കരിച്ചു നന്നാക്കുകയും ഒരു കടൽസൈന്യത്തെ ശേഖരിക്കുകയും ചെയ്തു. രവിവൎമ്മയെപ്പോലെതന്നെ അദ്ദേഹവും ഒരു നല്ല വിദ്വാനായിരുന്നു. സുകുമാരകലകളിൽ ചിത്രമെഴുത്തും സംഗീതവും അദ്ദേഹം പരിശീലിച്ചിരുന്നു.

## ൩. അധഃപതനകാരണങ്ങൾ.

പറങ്കികൾ 150 കൊല്ലത്തിലധികം കാലത്തോളം മലയാളം ഭരിച്ചു. പടിഞ്ഞാറൻ ദിക്കിൽനിന്നു വീശുന്ന കാററിന്റെ സഹായംകൊണ്ടു് അത്‌ലാന്തിക്കുസമുദ്രവും ഹിന്തുസമുദ്രവും കടന്നു് അറബിക്കടലിന്റെ കിഴക്കേ വക്കത്തുള്ള മലയാളക്കരയ്ക്കു് അവർ വന്നുചേൎന്നു. കേരളം പാലും തേനും വഴിഞ്ഞൊഴുകുന്ന സ്വൎഗ്ഗലോകമാണെന്നു പുരാതനന്മാർ പറഞ്ഞി

ട്ടുള്ളതു യഥാൎത്ഥമാണെന്നു് അവൎക്കു തോന്നി. പൗര സ്ത്യരുടെ അതിഥിസല്ക്കാരവും രാജ്യത്തിന്റെ പ്രകൃ തിമാഹാത്മ്യവും കണ്ടു് അവർ ഈ നാട്ടിൽ പററി ക്കൂടി. നാട്ടുകാരും അവരുമായി കച്ചവടസംബന്ധ മായ ഒരു ബന്ധം ഏൎപ്പെടുത്തി. നാട്ടിലെ ഛിദ്രങ്ങ ളും രാജാക്കന്മാർ തമ്മിലുള്ള സ്പൎദ്ധയും നിമിത്തം രാ ജ്യകാൎയ്യങ്ങളിൽ പ്രവേശിപ്പാൻ അവൎക്കു സൗകൎയ്യവു മുണ്ടായി.

ഇങ്ങനെ പറങ്കികൾ ക്രമേണ കേരളത്തിലെ പ്രമാണികളായെന്നു പറയാതെ നിവൃത്തിയില്ല. ഇ ന്ത്യയും പോൎട്ടുഗലും തമ്മിൽ ഉണ്ടായിരുന്ന വ്യാപാര ബന്ധത്തെ പോഷിപ്പിക്കുവാൻ പറങ്കിപ്രമാണികൾ മനസ്സുവെച്ചിരുന്നുവെങ്കിൽ അതോടുകൂടി ഇന്ത്യയിൽ ഒരു സാമ്രാജ്യം സ്ഥാപിക്കുന്നതിന്നു് അവൎക്കു സാധി ക്കുമായിരുന്നു. പക്ഷെ കച്ചവടവും മതപരിവൎത്തന വുമായിരുന്നു അവരുടെ പ്രധാനോദ്ദേശ്യം. രാഷ്ട്രീയ നേതൃത്വത്തെ അവർ അത്ര ഗണിച്ചിരുന്നില്ല. വ്യാ പാരവൎദ്ധന അവരെ ധനവാന്മാരാക്കിട്ടുണ്ടായിരുന്നു. സാമ്പത്തികസ്ഥിതിയും യജമാനത്വവും അവൎക്കു വ്യാ മോഹമുണ്ടാക്കി. തങ്ങൾ സാധാരണന്മാരാണെന്നുള്ള ഓർമ്മവിട്ടു്, ദ്രവ്യത്തിലും ആഡംബരത്തിലും കിടന്നു രുളുന്ന രാജാക്കന്മാരാണെന്നു് അവർ വ്യാമോഹിച്ചു.

ധനവും പ്രതാപവും അലസതയേയും, അലസ ത അധർമ്മപ്രവൃത്തിയേയും ഉണ്ടാക്കുന്നതു് അസാധാ രണമല്ലല്ലോ. ഇവരുടെ കാൎയ്യത്തിൽ അതു് അക്ഷരാ

ത്ഥം ശരിയായിരുന്നു. ചൂതുകളി പുരുഷന്മാരേയും, സ്ത്രീചാപല്യം സ്ത്രീകളേയും സ്വാധീനപ്പെടുത്തി. ഈ തരത്തിലുള്ള ജീവിതം അവരുടെ ചുമതലകൾക്കു ഹാനികരമായിത്തീൎന്നു. കച്ചവടം ക്ഷയിക്കുകയും അതിൽനിന്നുള്ള വരവു തീരെ കുറയുകയും ചെയ്തു. വരവു കുറഞ്ഞപ്പോൾ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറക്കാതെ നിവൃത്തിയില്ലെന്നുവന്നു. ശമ്പളം കുറഞ്ഞപ്പോൾ, ആ നഷ്ടം തീൎക്കുവാൻ ഉദ്യോഗസ്ഥന്മാർ സ്വകാൎയ്യനിലയ്ക്കു കച്ചവടം ചെയ്തുതുടങ്ങി. ഈ തരത്തിലുള്ള കച്ചവടം കച്ചവടസംഘത്തിനും ഉദ്യോഗസ്ഥന്മാൎക്കും ഒരുപോലെ ദോഷകരമായി. തങ്ങളുടെ ജീവിതരീതിക്കു് അനുസരിച്ച വരവില്ലാതെയായപ്പോൾ അവരുടെ സന്മാൎഗ്ഗനിഷ്ഠയെല്ലാം കുറഞ്ഞുവന്നു. നീചവൃത്തിയിൽ അവർ ഏൎപ്പെട്ടു. ഒരു നൂററാണ്ടുമുമ്പു് അവർ ശ്രുതിപ്പെട്ട യോദ്ധാക്കളും നാവികന്മാരും മാഹാത്മ്യമുള്ളവരുമായിരുന്നു. ആ ഉയൎന്നസ്ഥാനത്തുനിന്നു് അവർ താഴെവീണു നീചകുലജാതന്മാരെപ്പോലെ അപഹരണത്തിലും കൊള്ളയിലും ഏൎപ്പെട്ടു.

പരിഷ്കൃതരായ മററു പാശ്ചാത്യരേപ്പോലെ അവർ വൎത്തിച്ചിരുന്നുവെങ്കിൽ, ക്ഷേമവും ഐശ്വൎയ്യവും നിറഞ്ഞ കേരളത്തിൽ എന്നെന്നേയ്ക്കും അവൎക്കു താമസിക്കാമായിരുന്നു. അവർ സദ്വൃത്തരാണെന്നു നടിച്ചിരുന്നുവെങ്കിലും ദ്രവ്യലാഭമുള്ള കാൎയ്യങ്ങളിൽ മുഖംമൂടി വലിച്ചെറിഞ്ഞു് ഏതു സാഹസവും പ്രവൎത്തിപ്പാൻ അവൎക്കു യാതൊരു കൂസലും ഉണ്ടായിരുന്നി

ല്ല. കൊല, ദേവാലയങ്ങൾ കൊള്ളചെയ്യൽ, മുതലായ ദുന്നടപടികളിൽ അവർ യഥേഷ്ടം ഏൎപ്പെട്ടിരുന്നു. ഈ പ്രവൃത്തികൾമൂലം നിന്ദ്യന്മാരായിത്തീൎന്ന പറങ്കികളെ കേരളത്തിന്റെ ഓരോഭാഗത്തുനിന്നും രാജാക്കന്മാർ നിഷ്കാസനം ചെയ്തു.

## ൪. ദത്തുവഴക്ക്.

1645ൽ, അന്നത്തെ രാജാവായ, ഗോദവർമ്മ കാലഗതി പ്രാപിച്ചപ്പോൾ ഇളയതാവഴിയിൽ ഒരു വൃദ്ധയായ രാജ്ഞി മാത്രമേ ഉണ്ടായിരുന്നുള്ളു. അവർ മൂത്തതാവഴിയിൽനിന്നും, പള്ളുരുത്തിത്താവഴിയിൽ നിന്നും, ചാഴൂർത്താവഴിയിൽനിന്നും, ഓരോ തമ്പുരാക്കന്മാരെ ദത്തെടുത്തു. പിന്തുടൎച്ചക്കാൎയ്യത്തിൽ ദത്തെടുക്കപ്പെട്ടവർ തമ്മിൽ ഒരു വലിയ മത്സരമുണ്ടായി. തൎക്കത്തിൽ ജയംനേടിയതു പ്രബലന്മാരായ പള്ളുരുത്തിത്താവഴിക്കാരാണ്. ഇതു സംബന്ധമായി ഒരു വലിയ രാജ്യത്തൎക്കം ഉണ്ടാവാൻ ഭാവിച്ചുവെങ്കിലും, ആ താവഴിയിലെ വീരരായരവർമ്മരാജാവു തീപ്പെട്ടതിനാൽ കലഹം വൎദ്ധിച്ചില്ല. പിന്നീടു വാണതു ചാഴൂർത്താവഴിയിൽ നിന്നു ദത്തെടുക്കപ്പെട്ട രാമവർമ്മത്തമ്പുരാനായിരുന്നു. അദ്ദേഹം 1656ൽ തീപ്പെട്ടു. ഇങ്ങനെ ഒന്നാമത്തെ ദത്തിൽപെട്ടവരുടെ കാലം കഴികയാൽ, വീണ്ടും ഒരു ദത്ത് ആവശ്യമായിവന്നു. പറങ്കികളുടെ പ്രതാപം അന്നു തീരെ നശിച്ചിരുന്നില്ല.

വെട്ടത്തുനാട്ടു രാജവംശത്തിൽനിന്നു ദത്തെടുത്താൽ മതി എന്നു പറങ്കികറം റാണി ഗംഗാധരലക്ഷ്മിയോടുപദേശിച്ചു. ആ ഉപദേശമനുസരിച്ചു വെട്ടത്തുനാട്ടിൽനിന്നു നാലുപേരെ ദത്തെടുക്കുകയും, മൂത്തതാവഴിയിൽനിന്നു ദത്തെടുത്തവരെ രാജ്യത്തിൽനിന്നു തുരത്തുകയും ചെയ്തു. 1658-ൽ വെട്ടത്തുനാട്ടിൽനിന്നു വന്ന രാമവർമ്മ രാജാവായി. അന്യവംശത്തിൽനിന്നു ദത്തെടുത്ത കാൎയ്യം മൂത്തതാവഴിക്കാൎക്കു° ഒട്ടും രസിച്ചില്ല. ആ താവഴിയിൽപ്പെട്ട വീരകേരളവർമ്മ സാമൂതിരിയെ ചെന്നുകണ്ടു സഖ്യം ചെയ്തു. അതിനുശേഷം അദ്ദേഹം കുളമ്പിലേക്കു പോയി, ലന്തക്കാരുടെ നാവികസൈന്യാധിപനായ റൈക്ലോഫിനെ കണ്ടു° അദ്ദേഹത്തിൻെറ സഹായം അപേക്ഷിച്ചു. അവർ മുകിലന്മാരുടെ ശല്യം കൂടാതെ കച്ചവടം നടത്തുന്നതിനു സൗകൎയ്യമുള്ള ഒരു സ്ഥലം കിട്ടുവാനായി ആഗ്രഹിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിനാൽ വീരകേരളവർമ്മക്കു വേണ്ട സകലസഹായവും ചെയ്യാമെന്നു റൈക്ലോഫ° വാഗ്ദാനം ചെയ്തു.

### ൩. ലന്തക്കാരും പറങ്കികളും.

റൈക്ലോഫ° ഒരു നാവികസൈന്യത്തോടുകൂടി പുറപ്പെട്ടു°, പറങ്കികളുടെ വകയായ പള്ളിപ്പുറം കോട്ടക്കു സമീപമെത്തി. ലന്തക്കാർ പറങ്കികളെ നിഷ്പ്രയാസം തോല്പിച്ചു കോട്ട കരസ്ഥമാക്കി. സാമൂതിരിപ്പാടും സഹായികളും നിശ്ചയപ്രകാരം വന്നെത്താ

ണ്ടയാൽ കുറച്ചുകാലത്തേയ്ക്കു ലന്തക്കാൎക്കു യുദ്ധം നിൎത്തി വെക്കേണ്ടതായിവന്നു. പിറേറക്കൊല്ലം ലന്തക്കാർ ആയക്കോട്ടയിൽ ഇറങ്ങി കൊടുങ്ങല്ലൂർ പട്ടണത്തെ വളഞ്ഞു. കോട്ട കാത്തുരക്ഷിച്ചിരുന്നതു പെരേരാ എന്നു പേരായ ഒരു പറങ്കിക്കപ്പിത്താനായിരുന്നു. അദ്ദേഹത്തിന്റെ കൂട്ടത്തിൽ ചാഴൂർതമ്പുരാക്കന്മാരും പാലിയത്തച്ചനുമുണ്ടായിരുന്നു. ഇരുകക്ഷികളും പ്രശംസാൎഹമായ യുദ്ധപാടവം പ്രദൎശിപ്പിച്ചു വാശിയോടുകൂടി പോർ ചെയ്തു. അത്യന്തം പ്രയത്നിച്ചിട്ടും പറങ്കികളെ കോട്ടയിൽനിന്നു പുറത്തു ചാടിക്കുവാൻ ലന്തക്കാൎക്കു സാധിച്ചില്ല. വിജയത്തിൽ സംശയാലുവായ ലന്തക്കാരുടെ പടനായകൻ പറങ്കികളുടെ അടുക്കലേയ്ക്കു സന്ധി സംസാരിപ്പാൻ ഒരു ദൂതനെ അയച്ചു. പറങ്കികൾ വഴിപ്പെട്ടില്ലെന്നു മാത്രമല്ല, ദൂതനെ അപമാനിച്ചു മടക്കി അയയ്ക്കുകയും ചെയ്തു. ഈ സന്ദൎഭത്തിൽ പാലിയത്തച്ചൻ പറങ്കികളുടെ കൂട്ടു വിട്ടു ലന്തക്കാരുടെ ഭാഗത്തുചേൎന്നു്, കോട്ട പിടിക്കുവാനുള്ള വഴി പറഞ്ഞുകൊടുത്തു. ഈ ചതിപ്രയോഗം കൊണ്ടു്, കോട്ട പിടിക്കുവാൻ ലന്തക്കാൎക്കു് എളുപ്പത്തിൽ സാധിച്ചു. കൊടുങ്ങല്ലൂർകോട്ട അന്യാധീനപ്പെട്ടതോടുകൂടി പറങ്കികളുടെ പ്രാബല്യവും അസ്തമിച്ചു.

വിജയികളായ ലന്തക്കാർ കൊച്ചിക്കുനേരേ പുറപ്പെട്ടു്, വയ്പു കൈവശപ്പെടുത്തി. അവിടെ ഒരു കാവൽസൈന്യത്തേയും സ്ഥാപിച്ചു. അതിനുശേഷം ലന്തക്കപ്പിത്താൻ കൊച്ചിപ്പട്ടണത്തെ ആക്രമിപ്പാൻ

വട്ടംകൂട്ടി. കൊച്ചിക്കോവിലകം കാവല്ക്കാരായ നായർഭടന്മാരും, അവരുടെ നേതാവായ രാമവർമ്മമഹാരാജാവും അമാനുഷധൈര്യത്തോടെ സമരം ചെയ്തു. നായന്മാർ അവരുടെ നീളമുള്ള വാളുകൾ ചുഴററി വീശി അനവധി ലന്തക്കാരെ യമപുരിക്കയച്ചു. പക്ഷെ അവർ ജയിച്ചില്ല. യുദ്ധത്തിന്റെ തരവും തഞ്ചവും അത്ര നല്ലപോലെ അവക്കറിയാമായിരുന്നില്ല. ലന്തസൈന്യം പെട്ടെന്നു രണ്ടുഭാഗമായി പിരിഞ്ഞു്, നായന്മാരെ ഇരുപുറത്തുനിന്നും എതിൎത്തു. ഈ പ്രയോഗം യുദ്ധത്തിന്റെ ഗതിയെ മാററി. വെട്ടത്തുനാട്ടു തമ്പുരാക്കന്മാരിൽ മൂന്നുപേരും അവരുടെ ഭടന്മാരിൽ 400 പേരും ശത്രുക്കളുടെ ആയുധമേററു മരിച്ചു.

വെട്ടത്തുരാജാക്കന്മാരിൽ ഗോദവർമ്മ മാത്രം ശേഷിച്ചു. അദ്ദേഹം എറണാകുളത്തേക്കു കടന്നു. പറങ്കികളുടെ ഉററബന്ധുവായിരുന്ന പുറക്കാട്ടുരാജാവു് അവിടെനിന്നു് അദ്ദേഹത്തെ രക്ഷപ്പെടുത്തി. ആ രാജാവു് എറണാകുളത്തു് അനവധി ഭക്ഷണപദാൎത്ഥങ്ങൾ ശേഖരിച്ചുവെച്ചിട്ടുണ്ടായിരുന്നു. കൊച്ചിക്കോട്ടയിലുള്ളവക്കു് ഇതിൽനിന്നു് ആവശ്യംപോലെ സാധനങ്ങൾ എത്തിച്ചുകൊടുക്കുകയും ചെയ്തിരുന്നു. ഈ സാമാനംകടത്തൽ നിൎത്തുവാൻ ലന്തക്കാരുടെ പടത്തലവൻ ഒരു വലിയ സൈന്യത്തോടുകൂടി എറണാകുളത്തേക്കു കടന്നു. പുറക്കാട്ടുസൈന്യം ഇവരെ എതിൎത്തു തോല്പിച്ചു മടക്കി അയച്ചു. റീ എന്ന പടനായകന്റെ നേതൃത്വത്തിൽ അവർ രണ്ടാമതും വന്നു. ഈ

പ്രാവശ്യം ലന്തക്കാർ ജയിച്ചു; എറണാകുളം കരസ്ഥമാക്കുകയും ചെയ്തു. ഈവക ജയങ്ങൾ നിമിത്തം സന്തോഷചിത്തരായ ലന്തക്കാർ കൊച്ചിക്കോട്ടയ്ക്കുനേരെ തിരിഞ്ഞു. ഒന്നുകിൽ ജയം, അല്ലെങ്കിൽ പടനിലത്തു മരണം എന്നു തീർച്ചപ്പെടുത്തിട്ടുള്ളവരായിരുന്നു കോട്ടകാവൽക്കാർ. അതിനാൽ യുദ്ധം അധികകാലത്തേയ്ക്കു നീണ്ടുനിന്നു. ലന്തക്കാരുടെ പടനായകൻ വെടികൊണ്ടു മരിച്ചു. പറങ്കികളുടെ ധീരതയും വാശിയും കണ്ടിട്ടു ലന്തക്കാൎക്കു അതിയായ സംശയം നേരിട്ടു. മേലിൽ വേണ്ട കാൎയ്യങ്ങളേക്കുറിച്ചു അവർ ഗാഢമായാലോചിച്ചു. ഇതിന്നിടയ്ക്കു ഗോവയിൽനിന്നു പറങ്കികളുടെ സഹായത്തിനു വേണ്ട സൈന്യവും വന്നെത്തി. കൊച്ചിതുറമുഖത്തെ കാററും മഴയും കോളും കണ്ടപ്പോൾ യുദ്ധം കുറച്ചുകാലത്തേയ്ക്കു നിൎത്തിവെക്കാതെ നിവൃത്തിയില്ലെന്നു ലന്തക്കാർ തീർച്ചപ്പെടുത്തി.

വൎഷക്കാലം കഴിഞ്ഞപ്പോൾ അവർ രണ്ടാമതും വന്നു. വയ്പു ദ്വീപു് അവർ കാലേതന്നെ കൈവശപ്പെടുത്തിയിട്ടുണ്ടായിരുന്നുവല്ലോ. അവിടെ ഇരുന്നുകൊണ്ടു ലന്തക്കാർ പറങ്കികളെ വളരെ ശല്യപ്പെടുത്തി. ലന്തക്കാർ കോട്ടയുടെ പരിസരങ്ങളിൽ കടക്കാതിരിപ്പാൻ പറങ്കികളും അത്യന്തം ശ്രദ്ധിച്ചിരുന്നു. എറണാകുളം ലന്തക്കാരുടെ കയ്യിൽ പെട്ടതുനിമിത്തമാണു പറങ്കികൾ വല്ലാതെ വിഷമിച്ചതു്. ഭക്ഷണപദാൎത്ഥങ്ങൾ കിട്ടുവാൻ യാതൊരു വഴിയുമില്ലാതായി.

വയ്ക്കിലുള്ള സൈനികസ്ഥാനം കാക്കുവാൻ 400 ഭട
ന്മാരെ നിൎത്തിയതിനുശേഷം ലന്തസൈന്യാധിപൻ
സൈന്യസമേതം കൊച്ചിക്കു കടന്നു. യുദ്ധം തുടങ്ങു
ന്നതിനുമുമ്പു പറങ്കികളോടു കീഴടങ്ങുന്നുണ്ടോ എന്നു
ചോദിച്ചു. പറങ്കികൾ അതിന്നു യാതൊരു മറു
പടിയും കൊടുത്തില്ല. അതിനാൽ ലന്തക്കാർ യുദ്ധ
മാരംഭിച്ചു.

കോട്ടമതിൽ ഭേദിപ്പാൻ അവർ മൂന്നു സ്ഥലമാ
ണു കണ്ടുവെച്ചിരുന്നതു്. ആ മൂന്നു സ്ഥലങ്ങളേയും
അവർ ഏകസമയത്തു് ആക്രമിച്ചു. സന്ധ്യയോടുകൂടി
കൽവത്തിക്കടുത്തുള്ള കോട്ടമതിലിൻെറ ഒരു ഭാഗം
ലന്തക്കാർ കയ്യിലാക്കി. ശത്രുക്കൾ കോട്ടമതിൽ
പൊളിച്ചു് അകത്തേയ്ക്കു കടക്കുവാൻ അധികതാമസ
മില്ലെന്നുകണ്ടപ്പോൾ പറങ്കികൾ ആയുധംവെച്ചു കീ
ഴടങ്ങി. അങ്ങനെ 1663 ജനുവരി 7-ാംനു- ലന്ത
ക്കാർ ജയഭേരിയോടുകൂടി കോട്ടയ്ക്കുള്ളിൽ പ്രവേശിച്ചു.
കോട്ടയും പരിസരങ്ങളും മററു സകല അവകാശബാ
ദ്ധ്യതകളും ലന്തക്കാൎക്കു് ഒഴിഞ്ഞുകൊടുത്തതായി പറ
ങ്കികൾ കരാർ ഒപ്പിട്ടു കൊടുക്കുകയും ചെയ്തു.

കൊച്ചിക്കോട്ട ഒഴിഞ്ഞുവാങ്ങിയതിനുശേഷം ല
ന്തക്കാർ ഒന്നാമതായി ചെയ്തതു കൊടുങ്ങല്ലൂർകോട്ട
ഇടിച്ചുതകൎത്തു് ആ സ്ഥലം സാമൂതിരിപ്പാട്ടിലേയ്ക്കു്
ഒഴിഞ്ഞുകൊടുക്കുകയായിരുന്നു. അന്നത്തെ രാജാവാ
യ ഗോദവൎമ്മ സ്ഥലംവിട്ടോടിപ്പോയി. അവർ വീര
കേരളവൎമ്മയെ രാജാവായി അഭിഷേകം ചെയ്തു. കേ

രളവമ്മയും പുറക്കാട്ടുരാജാവും ലന്തക്കാരോടുള്ള തങ്ങളുടെ മൈത്രിയെ നിലനിൎത്തുന്നതിനു് ഒരു കരാറെഴുതി ഒപ്പിട്ടുകൊടുത്തു. കൊച്ചി കൈവശപ്പെടുത്തിയ ഉടനേതന്നെ ലന്തക്കാർ കണ്ണൂർകോട്ടയും കൈവശപ്പെടുത്തി. ആ കോട്ട പിടിച്ചതോടുകൂടി പറങ്കികൾക്കു മലയാളത്തിലുണ്ടായിരുന്ന സകല പ്രാബല്യവും നശിച്ചു.

---

## അദ്ധ്യായം ൧൦.

### ലന്തക്കാരുടെ കാലം

### ൧. വീരകേരളവൎമ്മ (1663_1687)

വീരകേരളവൎമ്മയെ ലന്തക്കാർ സഹായിച്ചതു് അവരുടെ ഉന്നതിയെ മാത്രം ലാക്കാക്കിയാണു്. ലന്തക്കാൎക്കു മതപരിവൎത്തനത്തിലോ രാജ്യസ്ഥാപനത്തിലോ താല്പൎയ്യമുണ്ടായിരുന്നില്ല. നിൎബ്ബാധമായി കച്ചവടം ചെയ്യുന്നതിനു് ഒരു സ്ഥലം മാത്രമേ അവൎക്കു് ആവശ്യമുണ്ടായിരുന്നുള്ളു. കൊച്ചി കൈവശം വന്നതോടുകൂടി അവൎക്കു് ആവശ്യമുള്ള കുരുമുളകും, സുഗന്ധദ്രവ്യങ്ങളും മററു മലഞ്ചരക്കുകളും കൊടുപ്പാൻ കൊച്ചിരാജാവും സാമൂതിരിപ്പാടും കരാറുചെയ്തു. അങ്ങനെ അവരുടെ ആവശ്യങ്ങളെല്ലാം നിൎവ്വഹിക്കപ്പെട്ടു. സാമൂതിരിപ്പാട്ടിലെ ശല്യം കൂടാതെ കഴിപ്പാൻ ലന്തക്കാർ വഴിയുണ്ടാക്കുമെന്നു കൊച്ചിരാജാവു് ആഗ്രഹിച്ചതു വെറുതേയായി. അദ്ദേഹത്തിനു വേണ്ടതി

നെല്ലാം അദ്ദേഹം നേരിട്ടു പ്രവൎത്തിക്കേണ്ടതാണെന്നു് അവർ തീൎത്തുപറഞ്ഞു. സാമൂതിരിപ്പാട്ടും കൊച്ചിരാജാവും തമ്മിലുണ്ടായിക്കൊണ്ടിരുന്ന കലഹങ്ങളിൽ അവർ പങ്കുകൊണ്ടില്ല. ഈ അവസരങ്ങളിൽ ലന്തക്കാർ ചെയ്യുതു തമ്പുരാനെ സമാധാനിപ്പിക്കുകയും, ക്ഷമയോടും വിട്ടുവീഴ്ചയോടും പെരുമാറാൻ ഉപദേശിക്കുകയുമായിരുന്നു.

ലന്തക്കാരുടെ സഹായം തീരെ ഉണ്ടാവില്ലെന്നു കണ്ടപ്പോൾ, അവരെ ക്ഷണിച്ചുവരുത്തിയതു പരമ വിഡ്ഢിത്തമായി എന്നു തമ്പുരാന്നു തോന്നി. അവരുടെ നേരേ നാട്ടുകാൎക്കും വലിയ താല്പൎയ്യമൊന്നുമുണ്ടായിരുന്നില്ല. സുറിയാനിക്രിസ്ത്യാനികളിൽ പലരും കത്തോലിക്കരായിരുന്നു. ലന്തക്കാരാകട്ടെ പ്രോട്ടസ്റ്റൻറ്മതാനുയായികളും. കത്തോലിക്കരുടെ വകയായ് കൊച്ചിയിലുണ്ടായിരുന്ന പള്ളികളിൽ അധികഭാഗവും അവർ പൊളിച്ചുകളഞ്ഞു. മററു ചിലതു വ്യവസായശാലകളും പാണ്ടികശാലകളുമാക്കി. കത്തോലിക്കവൈദികർ അവരുടെ ഉടുപ്പുകൾ ധരിച്ചു കൊച്ചിക്കോട്ടയ്ക്കകത്തു പ്രവേശിപ്പാൻ പാടില്ലെന്നായിരുന്നു അവരുടെ നിശ്ചയം. കത്തോലിക്കരെ ഉദ്യോഗത്തിൽ വെച്ചുകൊണ്ടിരിക്കണമെങ്കിൽ അവർ പ്രോട്ടസ്റ്റൻറ്മതത്തിൽ ചേരണമെന്നും നിൎബ്ബന്ധമുണ്ടായിരുന്നു. ലന്തക്കാരുടെ ഈ പ്രവൃത്തികൾകൊണ്ടു് അവരും നാട്ടുക്രിസ്ത്യാനികളുംതമ്മിൽ സാഹോദൎയ്യമില്ലാതായി.

പാലിയത്തച്ഛൻ ചെയ്യ വിലയേറിയ സഹായം ലന്തക്കാർ മറന്നില്ല. അതിനു പ്രതിഫലമായി അവർ അദ്ദേഹത്തെ കൊച്ചിരാജാവിൻെറ മന്ത്രിയാക്കി. രാജാവിനു് ഇഷ്ടമില്ലാത്ത ചില പ്രവൃത്തികഠം ചെയ്യുതിനാൽ അദ്ദേഹത്തെ മന്ത്രിസ്ഥാനത്തുനിന്നു് ഒഴിവാക്കി നിൎത്തിയിരിക്കയായിരുന്നു.

ലന്തക്കാർ വീരകേരളവൎമ്മയെ രാജാവായി അഭിഷേകം ചെയ്യപ്പോഠം ഒരു കരാറെഴുതി ഒപ്പിട്ടു വാങ്ങിട്ടുണ്ടായിരുന്നുവല്ലോ. അതിലെ നിശ്ചയങ്ങഠംപ്രകാരം (1) പറങ്കികളുടെ കൈവശത്തിൽ ഉണ്ടായിരുന്ന സ്ഥലങ്ങളെല്ലാം ലന്തക്കാൎക്കു വിട്ടുകൊടുത്തു് അവരെ അവിടെ പ്രവേശിപ്പാൻ സമ്മതിച്ചു. (2) തന്നേയും തൻെറ രാജ്യത്തേയും ലന്തക്കാരുടെ അധീനത്തിൽ വെക്കുവാൻ രാജാവു് അനുവദിച്ചു. (3) ചേറ്റുവാ, ആലപ്പുഴ, കൊച്ചി എന്നീ സ്ഥലങ്ങളിൽ കോട്ടകഠം കെട്ടുവാൻ അനുവദിച്ചു. (4) കുരുമുളകും, ഏലവൎങ്ങവും വ്യാപാരം ചെയ്യാൻ ലന്തക്കാൎക്കല്ലാതെ വേറെ ആൎക്കും സ്വാതന്ത്ര്യമില്ലെന്നും കൊച്ചിതുറമുഖത്തു് ആരെങ്കിലും അവീൻ ഇറക്കുമതി ചെയ്യാൽ അതിനെ വില്ക്കുവാനുള്ള സ്വാതന്ത്ര്യം അവൎക്കാണെന്നും നിശ്ചയിച്ചു. (5) കടൽക്കരയിൽ താമസിക്കുന്ന നാട്ടുക്രിസ്ത്യാനികളുടെ ഇടയിൽ നീതിന്യായം നടത്തുവാനുള്ള അധികാരം ലന്തക്കമ്പനിക്കാണെന്നു സമ്മതിച്ചു.

മററു രാജാക്കന്മാരെക്കൊണ്ടും ഇങ്ങനെയുള്ള ഉടമ്പടികൾ എഴുതിപ്പാൻ അവർ ശ്രമിച്ചു. പുറക്കാട്ട്, മങ്ങാട്ട്, വടക്കുംകൂർ, കൊല്ലം മുതലായ രാജാക്കന്മാർ അതിനു വഴിപ്പെട്ടില്ല. അതിനാൽ രാഷ്ട്രീയപദവികൾ കയ്ക്കലാക്കുവാൻ അവർ ഉത്സാഹിച്ചു. ഈ കാര്യസാദ്ധ്യത്തിനുവേണ്ടി അവർ വെച്ച വലയിൽ ഒന്നാമതു കുടുങ്ങിയതു കൊച്ചിരാജാവായിരുന്നു. സാമൂതിരിപ്പാട്ട് അപഹരിച്ചെടുത്ത മാപ്രാണം, ആറാട്ടുപുഴ, ഊരകം മുതലായ പ്രദേശങ്ങൾ വീണ്ടെടുപ്പാൻ സഹായിക്കാമെന്ന് അവർ വാഗ്ദാനം ചെയ്തു. പക്ഷെ, പണച്ചെലവുവരുന്ന ഒരു സഹായവും ചെയ്യാൻ അവർ ഒരുക്കമുണ്ടായിരുന്നില്ല. വാൻ റീഡ് എന്ന ലന്തഗവർണ്ണർ കൊച്ചിയിലെത്തിയതോടുകൂടി, കൊച്ചിരാജാവിന്റെ സകലസ്വാതന്ത്ര്യവും നശിച്ചു. രാജാവിന്റെ മാസംതോറുമുള്ള അടുത്തൂൺ ചുരുക്കി 3000 പണമാക്കി. മററു തമ്പുരാക്കന്മാരുടെ അടുത്തൂണും കുറച്ചു. കൊച്ചുതമ്പുരാക്കന്മാർ രാജ്യഭരണകാര്യത്തിൽ പ്രവേശിപ്പാൻ പാടില്ലെന്നു നിശ്ചയിച്ചു. ദത്തെടുക്കുന്ന കാര്യം ലന്തക്കമ്പെനിയുടെ സമ്മതമുണ്ടെങ്കിൽ മാത്രമേ ചെയ്യുകൂടു; പിൻതുടച്ച്യുക്ക് അപ്പോൾ നിലവിലുള്ള താവഴിക്കാക്കു മാത്രമേ അവകാശമുള്ളു; എന്നിങ്ങനെയുള്ള വ്യവസ്ഥകളാണു രാജാവിന്റെ സ്വാതന്ത്ര്യം നശിപ്പിച്ചതു്.

കൊച്ചിരാജാവിനുവേണ്ടി സാമൂതിരിയോടു യുദ്ധംചെയ്യാൻ തയ്യാറില്ലാതിരുന്ന ലന്തക്കാർ, 1671ൽ,

സ്വന്താവശ്യത്തിനുവേണ്ടി സാമൂതിരിപ്പാട്ടിലെ നേരേ യുദ്ധത്തിനൊരുങ്ങി. കൊടുങ്ങല്ലൂരിൽവെച്ച് ഇരുകൂട്ടരും തമ്മിൽ പലപ്പോഴം ഏററുമുട്ടിയിരുന്നു. അവസാനത്തെ യുദ്ധത്തിൽ സാമൂതിരിപ്പാട്ടിലെ സൈന്യം തോററു പിൻതിരിഞ്ഞു.

ലന്തക്കാരുടെ വരവിനുശേഷം കൊച്ചിക്കാർ അനുഭവിച്ചിരുന്ന കഷ്ടപ്പാടുകളുടെ രൂക്ഷത വദ്ധിച്ചതു മുൻപ്രസ്താവിച്ചിട്ടുള്ള പുതിയനിശ്ചയങ്ങൾ നടപ്പിൽ വരുത്തിയപ്പോഴാണ്. കൊച്ചുതമ്പുരാക്കന്മാർ കലഹിച്ചു യുദ്ധത്തിനൊരുങ്ങി. നാട്ടിലെ പ്രഭുക്കന്മാർ കൊച്ചുതമ്പുരാക്കന്മാരുടെ ഭാഗത്തുചേന്ന്, വിദേശീയരെ രാജ്യഭരണകാൎയ്യത്തിൽനിന്നു നീക്കം ചെയ്യണമെന്നു ശഠിച്ചു. ഈവക തടസ്സങ്ങളെക്കുറിച്ചു ലന്തക്കപ്പിത്താൻ ഒട്ടും ഭയപ്പെട്ടില്ല. അദ്ദേഹം രാജാവിനെക്കൊണ്ടു മറെറാരു ഉടമ്പടി എഴുതിച്ചു. കൊച്ചിരാജ്യകാൎയ്യം അന്വേഷിക്കുന്നതിൽ ലന്തക്കാൎക്കു പൂൎണ്ണാവകാശമുണ്ടെന്നും, അങ്ങനെ ചെയ്യുന്നതിൽ വല്ല തടസ്സങ്ങളും നേരിട്ടാൽ അതു ബലം പ്രയോഗിച്ചു നീക്കം ചെയ്യുവാൻ അവൎക്കു സ്വാതന്ത്ര്യമുണ്ടെന്നുമായിരുന്നു അതിൻെറ താല്പൎയ്യം. കൊച്ചുതമ്പുരാക്കന്മാർ ലന്തക്കപ്പിത്താൻെറ അടുക്കൽ ചെന്നുകൂടാ എന്നായിരുന്നു അതിലെ മറെറാരു നിശ്ചയം. രാജ്യകാൎയ്യം അന്വേഷിക്കുന്നതിനു പാലിയത്തച്ചനു പൂൎണ്ണാധികാരം കൊടുത്തു. രാജ്യകാൎയ്യങ്ങളെല്ലാം പാലിയത്തച്ചൻ രാജാവിൻെറ അറിവോടുകൂടി ലന്തക്കാരുടെ മേൽനോ

ട്ടത്തിൽ നടത്തിക്കൊള്ളണമെന്നും ഉടമ്പടിയിൽ നി ശ്ചയമുണ്ടായിരുന്നു.

ഇങ്ങനെ രാജ്യഭരണരീതി വ്യത്യാസപ്പെട്ടപ്പോൾ അതു നാട്ടിലെ പ്രഭുക്കന്മാരെ അത്യധികം പരിഭ്രമി പ്പിച്ചു. ഈ ഉടമ്പടികളെ റദ്ദാക്കണമെന്നു് അവർ രാജാവിനെ നിർബ്ബന്ധിച്ചു. രാജാവു് അപ്രകാരം ചെയ്യാൻ ഒരുങ്ങിയില്ലെങ്കിൽ അവർ അദ്ദേഹത്തിനെ സ്ഥാനഭ്രഷ്ടനാക്കുമെന്നു ശങ്കിച്ചു പരസ്യമായി ലഹള യ്ക്കൊരുങ്ങി. ഇങ്ങനെയുള്ള കുഴപ്പങ്ങൾ ഉണ്ടായപ്പോൾ ലന്തക്കാർ തങ്ങളുടെ സ്ഥാനം ഒന്നുകൂടി ഉറപ്പിച്ചു. മാട്ടിൻ ഹൈസ്സാൻ എന്ന ലന്തക്കപ്പിത്താൻ രാജാ വിനെക്കൊണ്ടു് 1681ൽ വീണ്ടുമൊരുടമ്പടി എഴുതി ച്ചു. അതിലെ പ്രധാനനിശ്ചയം രാജാവു് ഒരു ലന്ത ക്കാരൻമന്ത്രിയെ സ്വീകരിക്കണമെന്നും, ഭണ്ഡാരാധി പതിയായി കമ്പനി ഉദ്യോഗസ്ഥനായ പെരുമ്പാള ശേണായിയെ നിയമിക്കണമെന്നുമായിരുന്നു.

രാജാവിൻെറ പ്രധാനമന്ത്രിയായിരുന്ന പാലി യത്തച്ചൻ മരിച്ചപ്പോൾ, ആ സ്ഥാനത്തു ലന്തക്കാർ അവരുടെ ആളായ ഹെൻറിക്കു് വാൻ റീഡു് എന്ന കപ്പിത്താനെ നിയമിച്ചു. ഈവക പരിതഃസ്ഥിതി കൾ നിമിത്തം രാജ്യകാൎയ്യം തീരെ അലംകോലപ്പെട്ടു. രാജാവിനു് അദ്ദേഹത്തിൻെറ ഉദ്യോഗസ്ഥന്മാരെ നി യമിപ്പാനുംകൂടി സ്വാതന്ത്ര്യമില്ലാതെയായി. ഇത്ര ത്തോളമായപ്പോൾമാത്രമേ രാജാവു കണ്ണു തുറന്നുള്ളു. രാജ്യത്തെ അപകടത്തിൽ ചാടിക്കുവാൻ ഉതകുന്ന

സ്വന്ത പ്രവൃത്തികളെക്കുറിച്ച് അദ്ദേഹം പശ്ചാത്ത പിച്ചു. രാജാവ് ഉടനെ, സ്വാതന്ത്ര്യസമരം തുട ന്നിട്ടുണ്ടായിരുന്ന പ്രഭുക്കന്മാരുടെ കക്ഷിയിൽ ചേൎന്ന്, ലന്തക്കാരുടെ പിടിയിൽ നിന്നൊഴിഞ്ഞു. ഈ ക ലാപം കുറേക്കാലത്തേയ്ക്കു നീണ്ടുനിന്നുവെന്നല്ലാതെ അതുകൊണ്ടു പറയത്തക്ക ഗുണമൊന്നുമുണ്ടായില്ല. ല ന്തക്കാരുടെ ശക്തിയും പ്രഭുക്കന്മാരുടെ ബലഹീനതയു മായിരുന്നു ഇതിനുള്ള കാരണം.

ഈ കാലത്തു മൂത്തതാവഴിയിൽ സന്തതിയററു പോകാറായതിനാൽ ചാഴൂർത്താവഴിയിൽനിന്നു രണ്ടു പുരുഷന്മാരേയും നാലു കന്യകമാരേയും ദത്തെടുക്കണ മെന്നു മാട്ടിൻ ഹൈസ്മാൻ ഉപദേശിച്ചു. രാജാ വ് അതിനു സന്നദ്ധനായി. ഈ ആലോചന പ്രഭു ക്കന്മാൎക്കു രസിച്ചില്ല. അവരുടെ ആഗ്രഹം വെട്ടത്തു താവഴിയിൽനിന്നു ദത്തെടുക്കണമെന്നായിരുന്നു. വെ ട്ടത്തുരാജാക്കന്മാർ സമൎത്ഥന്മാരായ യോദ്ധാക്കളായിരു ന്നതിനാൽ അവരെക്കൊണ്ടല്ലാതെ സാമൂതിരിയോടു മല്ലിടുവാൻ ആൎക്കും സാധിക്കയില്ലെന്നായിരുന്നു പ്രഭു ക്കന്മാരുടെ അഭിപ്രായം. പക്ഷെ ദത്തിന്റെ കാൎയ്യം തീച്ചപ്പെടുന്നതിനുമുമ്പു 1687-ൽ വീരകേരളവൎമ്മ തീ പ്പെട്ടതിനാൽ ആ കാൎയ്യം തല്ക്കാലത്തേയ്ക്കു നിൎത്തിവെ ക്കേണ്ടതായി വന്നു.

## ൨. രാമവൎമ്മ (1687-1693.)

വീരകേരളവൎമ്മയെ പിൻതുടൎന്നു സ്ഥാനാരോ ഹണം ചെയ്തതു രാമവർമ്മയായിരുന്നു. അദ്ദേഹം

1687 മുതൽ 9 കൊല്ലം രാജ്യം വാണു. പറവൂർ, മങ്ങാട്ട്, മണക്കുളം മുതലായ രാജാക്കന്മാരും പേരാററവീഥിയിലെ പ്രഭുക്കന്മാരും കരപ്പുറത്തെ ഇടപ്രഭുക്കന്മാരും ചാഴൂർത്താവഴിയിൽനിന്നു ദത്തെടുക്കുന്നതിൽ വിരോധികളായിരുന്നു. അവർ സംഘം ചേൎന്നു ലന്തക്കാരെ ഓടിച്ചുകളയുന്നതിനും അതിനുശേഷം സാമൂതിരിപ്പാട്ടിലെ എതിക്കുന്നതിനും ഉള്ള ആലോചനകൾ നടത്തി. പാലിയത്തച്ചൻ ലന്തക്കാരുടേയും ചാഴൂർത്തമ്പുരാക്കന്മാരുടേയും ഭാഗത്തുതന്നെ നിന്നു. വെട്ടത്തുരാജാക്കന്മാർ ഒരു വലിയ സൈന്യത്തെ ശേഖരിച്ചു കൊച്ചിക്കു വന്നു. വെട്ടത്തുകാരുടെ വരവുണ്ടാകുമെന്നുകേട്ട്, അവരെ എതിക്കുവാനുള്ള ഏൎപ്പാട കാലേ ചെയ്തിട്ടുണ്ടായിരുന്നു. സാമൂതിരിപ്പാട്ടും ലന്തക്കാരുടെ സഹായത്തിനു വന്നുചേൎന്നു. ആലുവായിൽവെച്ച് ഒരു യുദ്ധമുണ്ടായി. അതിൽ ലന്തക്കപ്പിത്താനായ ഹെൻറിക്ക് വാൻ റീഡ് കൊച്ചിക്കാരെ തോല്പിച്ചു. വിജയികളായ ലന്തക്കാർ ആലങ്ങാട്ടും പറവൂരും ചെന്നു കൊള്ളയിടുകയും കെട്ടിടങ്ങൾ ചുട്ടു നശിപ്പിക്കുകയും ചെയ്തു. സാമൂതിരിപ്പാട ചെയ്ത സഹായത്തിനു പ്രതിഫലമായി ചേററുവായ് എന്ന സ്ഥലം ലന്തക്കാർ അദ്ദേഹത്തിനു വിട്ടുകൊടുത്തു. ഈ യുദ്ധം കഴിഞ്ഞയുടനെ, 1693ൽ, രാമവൎമ്മ പരലോകം പ്രാപിച്ചു.

## ൩. രവിവൎമ്മ (1693_1698).

രാമവൎമ്മയെ പിന്തുടൎന്നു സ്ഥാനാരോഹണം ചെ

യ്യത്തു രവിവൎമ്മയാണു്. അദ്ദേഹം ശക്തനായ ഒരു രാജാവും സമൎത്ഥനായ ഒരു ഭരണതന്ത്രജ്ഞനുമായിരുന്നു. മുൻഗാമികളെപ്പോലെ അദ്ദേഹം ലന്തക്കാരുടെ കുടുക്കിൽപെട്ടില്ല. കൊച്ചിയിലെ ഭരണകാൎയ്യങ്ങളിലുള്ള ലന്തക്കാരുടെ പ്രവേശനം അദ്ദേഹം വിരോധിച്ചു. ഈ കാൎയ്യത്തിൽ ലന്തക്കാരുടെ തലസ്ഥാനമായ ബറേറവിയായിലേയ്ക്കു പലപ്പോഴും അദ്ദേഹം എഴുതി അയയ്ക്കാറുണ്ടായിരുന്നു. കൊച്ചിയിലെ ഗവൎണ്ണറായ അഡ്രിയൻ വാൻ മേറെൺ രാജാവിന്റെ യോഗ്യത നല്ലപോലെ ധരിച്ചിട്ടുള്ള ആളായിരുന്നതിനാൽ അദ്ദേഹത്തെ മുഷിപ്പിക്കാതെ കഴിക്കാൻ പ്രത്യേകം മനസ്സിരുത്തി. തരം കിട്ടുമ്പോഴെല്ലാം ലന്തക്കാരേയും സാമൂതിരിപ്പാട്ടിലേയും കൂട്ടിമുട്ടിച്ചു്, അവർ തമ്മിൽ കലഹമുണ്ടാക്കണമെന്നായിരുന്നു രാജാവിന്റെ ഉദ്ദേശ്യം. അദ്ദേഹം അപ്രകാരം ചെയ്യിരുന്നതു സാമൂതിരിപ്പാട്ടിലെ ശക്തി വൎദ്ധിക്കാതിരിപ്പാനും, ലന്തക്കാർ തന്റെ രാജ്യകാൎയ്യങ്ങളിൽ പ്രവേശിച്ചു ശല്യപ്പെടുത്താതിരിപ്പാനും വേണ്ടിയായിരുന്നു. പക്ഷെ ലന്തക്കാർ ആ വലയിൽ കുടുങ്ങിയില്ല. രാജാവും സാമൂതിരിപ്പാടും തമ്മിലുണ്ടായ യുദ്ധങ്ങളിം കണ്ടു് അവർ മാറി നിന്നതേയുള്ളു. ലന്തക്കാരുടെ ഈ അലക്ഷ്യഭാവം കണ്ടിട്ടു രാജാവു് അവരെ പിന്നെയും ആക്ഷേപിച്ചു ബറേറവിയായിലേയ്ക്കു കത്തയച്ചു. പക്ഷെ അവിടെനിന്നു മറുപടി വരുന്നതിനുമുമ്പു് അദ്ദേഹം തീപ്പെട്ടു.

# അദ്ധ്യായം ൧൧.

## ലന്തക്കാരും സാമൂതിരിയും.

### ൧. രാമവൎമ്മ (1698_1701.)

രവിവൎമ്മയുടെ മരണശേഷം രാജാവായതു രാമവൎമ്മയാണു്. നാട്ടിലെ മുതലെടുപ്പെല്ലാം ലന്തക്കാർ ഓരോ കാരണം പറഞ്ഞു് അപഹരിച്ചതിനാൽ ഭരണം നടത്തുവാൻ പണം തീരെയില്ലാതെയായി. സാമൂതിരിയുമായിട്ടുള്ള യുദ്ധം അവസാനിച്ചിട്ടുണ്ടായിരുന്നില്ല. സാമൂതിരിപ്പാട്ടിലെ ഒതുക്കിനിൎത്തിയില്ലെങ്കിൽ അദ്ദേഹത്തിന്റെ ശക്തിക്കു താനും ലന്തക്കമ്പനിയും ഒരുപോലെ അധീനരാവുമെന്നു രാജാവു ബറേറവിയായിലേക്കു് എഴുതി അയച്ചു. ഈ സംഗതി തള്ളിക്കളയേണ്ട കാൎയ്യമല്ലാതിരുന്നതിനാൽ ലന്തക്കാർ കൊച്ചിയുടെ ഭാഗം ചേൎന്നു. പക്ഷെ അവർ മനസ്സില്ലാമനസ്സോടുകൂടി അപ്രകാരം ചെയ്യുതാണെന്നു് അവരുടെ പ്രവൃത്തികൾ ദൃഷ്ടാന്തപ്പെടുത്തി. ആവശ്യമുള്ള സൈന്യങ്ങളേയും പടക്കോപ്പുകളേയും അവർ അയച്ചുകൊടുത്തില്ല. ഈ വീഴ്ചയെക്കുറിച്ചു് ഉടനെ രാജാവു ബറേറവിയായിലേക്കു് എഴുതി. അതിന്റെ ഫലമായി കമ്മീഷണർ സ്പാദർ ക്രൂൺ കൊച്ചിയിലെത്തി. അദ്ദേഹം കൊച്ചിക്കു വന്നതു് അപ്പോൾ ബലത്തിലിരുന്ന ഉടമ്പടി മാററി എഴുതേണ്ട ആവശ്യമുണ്ടോ എന്നു് അന്വേഷിപ്പാനായിരുന്നു.

അദ്ദേഹം ഒരു പുതിയ ഉടമ്പടി നടപ്പിൽ വരുത്തുവാൻ തന്നെ നിശ്ചയിച്ചു.

ഈ ഉടമ്പടിയിലെ നിശ്ചയങ്ങൾ താഴെ പറയുന്നവയായിരുന്നു. (1) രാജാവിനും അദ്ദേഹത്തിന്റെ അടുത്ത അനന്തിരവനും 500 കണ്ടി കുരുമുളകുവരെ സ്വകാര്യമായി കച്ചവടം ചെയ്യാൻ അധികാരമുണ്ട്. അതിൽനിന്നുള്ള ലാഭം അവരുടെ സ്വകാര്യച്ചെലവുകൾക്ക് എടുക്കാം. (2) ചുങ്കംവക സംഖ്യയിൽ രാജാവിനവകാശപ്പെട്ട തുക അദ്ദേഹം ആവശ്യപ്പെട്ടപ്പോൾ എത്തിച്ചുകൊടുക്കണം. എന്നാൽ അതിന്റെ അധികഭാഗവും രാജ്യത്തെ ശത്രുക്കളിൽനിന്നു രക്ഷിക്കുന്നതിന്ന് ഉപയോഗിക്കണം. (3) ലന്തക്കാർക്കു കൊടുപ്പാനുള്ള ബാക്കി സംഖ്യ രാജ്യത്തിന്റെ ധനസ്ഥിതിക്ക് അഭിവൃദ്ധിയുണ്ടായതിനുശേഷം കൊടുത്താൽ മതി. (4) ആവശ്യമുള്ള സമയത്തെല്ലാം ലന്തക്കാരും രാജാവും അന്യോന്യം സഹായിക്കണം. ലന്തക്കമ്പനി സൈന്യത്തേയും പടക്കോപ്പുകളേയും അടപ്പിച്ചുകൊടുക്കണം. രാജാവു യോദ്ധാക്കളെ മാത്രം ശേഖരിച്ചാൽ മതി. ഈ ഉടമ്പടിയുടെ ഗുണദോഷം മനസ്സിലാക്കുവാൻ സാധിക്കുന്നതിനുമുൻപു രാജാവു് ഇഹലോകവാസം വെടിഞ്ഞു(?) തീപ്പെട്ടു.

## വ. രാമവർമ്മ (1701–1722.)

പിന്നീടു സ്ഥാനാരോഹണം ചെയ്ത രാമവർമ്മയുടെ കാലത്തു കൊച്ചിരാജ്യത്തെ ഒന്നാകെ പിടിച്ചട

കുവാൻ സാമൂതിരിപ്പാട്ട് ഒരുക്കം കൂട്ടി. ചേററുവായ്, പാപ്പിനിവട്ടം, കൊടുങ്ങല്ലൂർ മുതലായ സ്ഥലങ്ങളിൽ കോട്ടകൾ പണിയിച്ചു. കൊച്ചിയുടെ സാമന്തന്മാരായ പുറക്കാട്ട്, പറവൂർ, വടക്കുംകൂർ മുതലായ രാജാക്കന്മാരെ സ്വാധീനിപ്പാൻ ശ്രമിച്ചു. അവൎക്കു സാമൂതിരിപ്പാട്ടു ലഘുവായ പല ആനുകൂല്യങ്ങളും ചെയ്തുകൊടുത്തു. ഇതു കണ്ടപ്പോൾ ലന്തക്കാൎക്കും കൊച്ചീരാജാവിനും വലിയ ഭയമുണ്ടായി.

യുദ്ധം കൂടാതെ കഴിപ്പാൻ, ലന്തക്കാർ സാമൂതിരിയെ ഒരു സന്ധിസംസാരത്തിനു ക്ഷണിച്ചു. സാമൂതിരി അവരുടെ ക്ഷണം സ്വീകരിക്കുന്നതിനുപകരം കൊച്ചിയെ ആക്രമിക്കുകയാണു ചെയ്തതു്. ഇതു കണ്ടപ്പോൾ ലന്തക്കാർ അവരുടെ കണ്ണു തുറന്നു; മനസ്സില്ലാമനസ്സോടുകൂടി അവർ യുദ്ധത്തിൽ ഏൎപ്പെട്ടു. അവർ ചെയ്ത സഹായം വളരെ ലഘുവായിരുന്നതിനാൽ യുദ്ധത്തിന്റെ ഗതി അഞ്ചുകൊല്ലംവരെ നീണ്ടുനിന്നു. ഇതിനിടക്കു സാമൂതിരിപ്പാട്ടിലേക്കു പല ജയങ്ങളുമുണ്ടായി. സംഗതികളെല്ലാം കാണിച്ചു രാജാവു ബറേറവിയായിലേക്കു് ഒരു കത്തയച്ചു. അതിൽ 1698-ലെ ഉടമ്പടിയിലെ നിബന്ധനകളെ വ്യക്തപ്പെടുത്തുകയും ചെയ്തു.

1715ൽ സാമൂതിരിപ്പാട്ടും ലന്തക്കാരും തമ്മിൽ ഒരു യുദ്ധമുണ്ടായി. ചേററുവായ് എന്ന സ്ഥലം ലന്തക്കാരുടെ വകയായിരുന്നു. അവിടെ ഒരു കോട്ട കെട്ടണമെന്നു് അവർ തീൎച്ചപ്പെടുത്തി. ചേററുവായ്ക്കു

ട്ടത്തു കൊച്ചിരാജാവിൻെറ വകയായി കുറേ ഭൂമിയുണ്ടായിരുന്നു. കോട്ട കെട്ടേണ്ട ആവശ്യത്തിന്നു് അതു ലന്തക്കാൎക്കു കൊടുക്കാമെന്നു് അദ്ദേഹം പറഞ്ഞു. ആ സ്ഥലത്തു കോട്ടപണി ആരംഭിച്ചു. ആ സ്ഥലം തൻെറ രാജ്യാതിൎത്തിക്കുള്ളിൽപ്പെട്ടതാകയാൽ അവിടെ കോട്ട കെട്ടുവാൻ പാടില്ലെന്നു സാമൂതിരി ലന്തക്കാരെ അറിയിച്ചു. പക്ഷെ ലന്തക്കാർ അതു കൂട്ടാക്കിയില്ല. പണി മുറയ്ക്കു നടത്തി. ഈ കാലത്തു് ഇംഗ്ലീഷുകാൎക്കു തലശ്ശേരിയിൽ ഒരു പാണ്ടികശാലയുണ്ടായിരുന്നു. ലന്തക്കാരെ ചേററുവായിൽനിന്നു് ഓടിച്ചുകളയാമെങ്കിൽ, കോട്ട പിടിക്കുവാൻ വേണ്ട സഹായങ്ങളെല്ലാം ചെയ്തുകൊടുക്കാമെന്നു തലശ്ശേരിയിൽ താമസിച്ചിരുന്ന റോബെട്ടു് ആഡംസു് എന്ന ഇംഗ്ലീഷുകാരൻ സാമൂതിരിപ്പാടിനോടു വാഗ്ദാനം ചെയ്തു. കോട്ട പിടിക്കുവാൻ സാമൂതിരിപ്പാട്ടിലേയ്ക്കു് ആഡംസു് ഒരു സൂത്രം പറഞ്ഞുകൊടുത്തു. അദ്ദേഹത്തിൻെറ ഭടന്മാരിൽ കുറേ ആളുകളെ കൂലിക്കാരുടെ വേഷം കെട്ടിച്ചു കോട്ട പണിക്കയപ്പാൻ ഉപദേശിച്ചു. അദ്ദേഹം അപ്രകാരം ചെയ്തു. അവർ കാവല്ക്കാരെ കൊലപ്പെടുത്തിയശേഷം കോട്ടയ്ക്കുള്ളിലുണ്ടായിരുന്ന ലന്തക്കാരെ 'തലങ്ങും വിലങ്ങും' വെട്ടിവീഴ്ത്തി. ഈ വിധം കോട്ട സാമൂതിരിപ്പാട്ടിലെ കൈവശത്തിൽ വന്നു. പണി ചെന്നേടത്തോളം ഭാഗം അദ്ദേഹം ഉടനെ ഇടിച്ചുതകൎത്തു നിലത്തോടു സമമാക്കി.

ഈ തോൽവി ലന്തക്കാരുടെ പദവിക്കു ഹാനി

തട്ടിക്കളമെന്നുള്ള ഭയം നിമിത്തം അവർ ഒരു വലിയ സൈന്യത്തെ ശേഖരിച്ച്, നാലഞ്ചു വലിയതോക്കുകളോടുകൂടി ചേററവായക്കയച്ചു. അവരെ എതിക്കുവാൻ മങ്ങാട്ടച്ചനും സൈന്യങ്ങളും ചേററവായിൽ വന്നു താമസിക്കുന്നുണ്ടായിരുന്നു. പക്ഷെ വലിയതോക്കുകളിൽനിന്നു പുറപ്പെടുന്ന വെടിയുടെ ശബ്ദം കേട്ടപ്പോഠം അവരുടെ ധൈൎയ്യമെല്ലാം പോയി. ഉണ്ടകളേററ് അനവധിപേർ മരിച്ചു. ശേഷിച്ചവർ ഓടിപ്പോവുകയും ചെയ്തു. ഈ ജയത്തെ തുടൎന്നു പ്രവൎത്തിപ്പാൻ ആവശ്യമുള്ള സൈന്യമോ ആയുധങ്ങളോ ഉണ്ടായിരുന്നുവെങ്കിൽ ലന്തക്കാൎക്കു കോട്ട പിടിക്കാമായിരുന്നു. അതില്ലായിരുന്നതുകൊണ്ടു കോട്ട കൈവശപ്പെടുത്തുന്നതു് ഇനിയൊരവസരത്തിലാകാമെന്നു വെച്ചു ലന്തക്കാർ മടങ്ങിപ്പോന്നു. ഫെബ്രുവരിമാസത്തിൽ ലന്തക്കാർ അവരുടെ ആക്രമണം ആവൎത്തിച്ചുവെങ്കിലും ആ ഉദ്യമവും സഫലമായില്ല. വലിയ നഷ്ടത്തോടുകൂടി മടങ്ങിപ്പോരുകയാണു ചെയ്തതു്. ഈ ജയം സാമൂതിരിപ്പാട്ടിലെ അത്യന്തം സന്തോഷിപ്പിച്ചു. അദ്ദേഹം പഴയ കോട്ടയുടെ കേടുതീൎത്തു പുതുക്കുകയും, പുതിയ കോട്ടകഠം കെട്ടിക്കുകയും, അവയിലെല്ലാം പലതരത്തിലുള്ള ആയുധങ്ങളും വെടിമരുന്നും ശേഖരിച്ചു വെക്കുകയും ചെയ്തു. അതിനും പുറമെ, സൈന്യത്തെ ഇംഗ്ലീഷുകാരുടേയും പറങ്കികളുടേയും സഹായത്തോടുകൂടി പരിഷ്കരിച്ചു നന്നാക്കി.

നാട്ടുകാർ നിമിത്തമുണ്ടായ ഈ തോൽവി ഒരു

വലിയ അപമാനമായിട്ടാണ ലന്തക്കാർ പരിഗണി ച്ചതു്. എന്തു ചിലവായാലും വേണ്ടില്ല, ഈ അപ മാനം തീൎത്തു കഴിയൂ എന്നു കമ്പനിക്കാർ തീൎച്ചപ്പെ ടുത്തി. സാമൂതിരിപ്പാട്ടും ലന്തക്കാരും തമ്മിൽ ഒരു യുദ്ധമുണ്ടാവാൻ ഈശ്വരനെ പ്രാൎത്ഥിച്ചിരുന്ന കൊ ച്ചിരാജാവിനു് ഇതു വലിയ സന്തോഷത്തിനു കാ രണമായി.

1716 നവംബർമാസത്തിൽ, ബേക്കർ ജേക്ക ബ്ബ് എന്നു പേരായ ഒരു സൈന്യാധിപൻ, കൊച്ചി ക്കാൎക്കു പുറമെ 3226 ലന്തഭടന്മാരും 183 നാവിക ന്മാരും അടങ്ങിയ ഒരു സൈന്യത്തോടുകൂടി, ചേററു വായിൽ എത്തി. ധൎമ്മോത്തുപണിക്കരുടെ കീഴിൽ ലന്തക്കാരെ എതിൎക്കുവാൻ നിന്നിരുന്ന സൈന്യത്തോ ടു ലന്തക്കാർ ഏററുമുട്ടി. വളരെ ശക്തിയോടും ശൗൎയ്യ ത്തോടുംകൂടി അധികനേരം പൊരുതിനിന്നിട്ടും യാ തൊരു ഫലവും കാണാഞ്ഞതിനാൽ ധൎമ്മോത്തുപണി ക്കരും സൈന്യങ്ങളും പിന്മാറി.

1718ൽ ഊരകത്തുവെച്ചും ഒരു യുദ്ധമുണ്ടായി. അതിൽ 15000 കൊച്ചിക്കാരും 5000 ലന്തക്കാരുമുൾ പ്പെട്ടിട്ടുണ്ടായിരുന്നു. കോഴിക്കോട്ടുകാർ അതിലും ജ യിച്ചില്ല. സാമൂതിരി സന്ധിക്കാലോചിച്ചു. ലന്ത ക്കാൎക്കു കുറേ പണം ചെലവായിട്ടുണ്ടായിരുന്നതി നാൽ അവർ വമ്പിച്ച തുക പ്രതിഫലം ചോദിച്ചു. അത്രത്തോളം വലിയ സംഖ്യ കൊടുക്കാൻ സാമൂതിരി പ്പാട്ടിലേക്കു സമ്മതമുണ്ടായിരുന്നില്ല. ഇതിനിടക്കു

സാമൂതിരിപ്പാട്ടിലെ കൂറവകാരനായ പുന്നത്തൂർരാജാവു ലന്തക്കാരുടേയും കൊച്ചിരാജാവിന്റേയും അധീനത്തിലിരിക്കാമെന്നു സമ്മതിച്ചു വേറെ സന്ധി ചെയ്തു. സാമന്തന്മാർ, തന്നെ വിട്ടുപോകുന്നതായി കണ്ടപ്പോൾ, സാമൂതിരിപ്പാടും സന്ധിക്കു സമ്മതിച്ചു്, കരാറെഴുതി ഒപ്പിട്ടുകൊടുത്തു.

രാമവൎമ്മമഹാരാജാവിന്റെ കാലത്തുണ്ടായ മറെറാരു പ്രധാനസംഭവം പെരുമ്പടപ്പുമൂപ്പിൽസ്ഥാനം വേണ്ടെന്നുവെച്ചതാണു്. ചിത്രകൂടം എന്ന പ്രദേശം സാമൂതിരിപ്പാട്ടിലെ കയ്യിലകപ്പെട്ടതോടുകൂടി, കൊച്ചിരാജാക്കന്മാർ ചിത്രകൂടത്തിൽവെച്ചു കിരീടം ധരിക്കുന്ന പതിവു നിന്നുപോയിട്ടുണ്ടായിരുന്നു. ആ സ്ഥലം വീണ്ടെടുത്തല്ലാതെ കിരീടം ധരിക്കയില്ലെന്നു രാമവൎമ്മ സത്യംചെയ്തു. അതു തിരികെ കിട്ടായ്കയാൽ അദ്ദേഹം കിരീടം ധരിച്ചതുമില്ല.

---

## അദ്ധ്യായം ൧൧.

## കൊച്ചിയും തിരുവിതാംകൂറും.

പണ്ടുകാലത്തു വേണാട്ടിന്റെ സ്ഥിതി നന്നേ മോശമായിരുന്നുവെങ്കിലും, മാൎത്താണ്ഡവൎമ്മയുടെ കാലംമുതല്ക്കു് ആ രാജ്യത്തിന്റെ കാലം തെളിഞ്ഞു. അദ്ദേഹം സ്വശത്രുക്കളായ എട്ടുവീട്ടിൽപിള്ളമാർ എന്ന

പ്രസിദ്ധയോദ്ധാക്കളെ നിശ്ശേഷം നശിപ്പിച്ച്, രാജ്യത്തെ അവരുടെ കയ്യിൽനിന്നു വീണ്ടെടുത്തു. അതിനുശേഷം രാജ്യത്തിന്റെ വിസ്താരം വദ്ധിപ്പിക്കണമെന്നുകരുതി വിശ്വസ്തമന്ത്രിയായ രാമയ്യനോടുകൂടി വേണാട്ടിനു സമീപത്തുണ്ടായിരുന്ന ചെറുരാജ്യങ്ങൾ ഓരോന്നായി വെട്ടിപ്പിടിക്കുവാനാരംഭിച്ചു. അദ്ദേഹത്തിന്റെ ആക്രമണം ക്രമേണ വടക്കോട്ടു നീങ്ങി നീങ്ങി വന്നു. 1731ൽ കൊല്ലം കൈവശപ്പെടുത്തിയതിനുശേഷം അദ്ദേഹം കായംകുളത്തിനുനേരേ തിരിഞ്ഞു.

ചെറുരാജ്യങ്ങളെ ഓരോന്നായി ഗ്രസിക്കുവാനാണു ഭാവമെങ്കിൽ, ഒരുകാലത്തു് എല്ലാവരും മാത്താണ്ഡവമ്മയുടെ വായിൽപെട്ടുപോകുമെന്നു ഭയപ്പെട്ടു് അവരിൽ ചിലർ ഒത്തൊരുമിച്ചു പ്രവത്തിക്കണമെന്നു തീച്ച്പ്പെടുത്തി. കായംകുളം, പുറക്കാട്ട്, വടക്കുംകൂർ മുതലായ രാജാക്കന്മാർ ഒന്നിച്ചുകൂടി ആവശ്യം വരുമ്പോൾ അന്യോന്യം സഹായിക്കണമെന്നു തീരുമാനിച്ചു. കൊച്ചിരാജാവും മേൽപറയപ്പെട്ട സംഘത്തിൽ ചേന്നിട്ടുണ്ടായിരുന്നു. ഈ കാൎയ്യത്തിൽ മുന്നിട്ടുനിന്നു പ്രവത്തിച്ചിരുന്നതും അദ്ദേഹമായിരുന്നു. മരുത്തുകുളങ്ങരെ രാജാവിനെ എതിക്കുകയും, ദേശിംഗനാട്ടുരാജാവിനെ അദ്ദേഹത്തിന്റെ സ്ഥാനത്തു കേററുകയുമാണു് ഒന്നാമതായി ചെയ്യേണ്ടതെന്നു കൊച്ചിരാജാവു തീച്ച്പ്പെടുത്തി. അതുപോലെ ചെയ്വാൻ എല്ലാവരും സമ്മതിച്ചു.

തിരുവനന്തപുരത്തു തടവുകാരനായി പാൎത്തിരു
ന്ന കൊല്ലത്തെ രാജാവു ചാരന്മാരുടെ സഹായത്തോ
ടുകൂടി പുറത്തുചാടി കായംകുളത്തെത്തി. അദ്ദേഹം
ഒരു വലിയ സൈന്യസമേതം കൊല്ലത്തെത്തി അവി
ടെയുണ്ടായിരുന്ന തിരുവിതാംകൂർസൈന്യത്തെ തോ
ല്പിച്ചു. തോൽവിയുടെ വൎത്തമാനംകേട്ടു മാൎത്താണ്ഡ
വൎമ്മ ഒരു വമ്പിച്ച സൈന്യത്തോടുകൂടി കൊല്ലത്തെ
ത്തി. പാശ്ചാത്യരീതിയിൽ പണിചെയ്യിക്കപ്പെട്ടി
രുന്ന കൊല്ലത്തെ കോട്ടകൾ എളുപ്പത്തിൽ ഭേദിക്ക
ത്തക്കവയല്ലായിരുന്നു. അതിനാൽ മാൎത്താണ്ഡവൎമ്മ
യ്ക്കു തല്ക്കാലം മടങ്ങിപ്പോകേണ്ടതായിവന്നു. തിരുവി
താംകൂർസൈന്യത്തിന്റെ പിന്നത്തെ വരവു വിശേ
ഷതരം ആയുധങ്ങളോടും കുതിരപ്പട്ടാളത്തോടുംകൂടിയാ
യിരുന്നു. അവർ രണ്ടുഭാഗമായി പിരിഞ്ഞു്, ഒരു
ഭാഗം കൊല്ലത്തേയ്ക്കും, മറേറതു കായംകുളത്തേയ്ക്കും
പോയി. ഈ യുദ്ധത്തിൽ കായംകുളം രാജാവു
മരിച്ചതിനാൽ രാജാവിന്റെ അനുജൻ സന്ധിക്ക
പേക്ഷിച്ചു.

ഈ കാലത്തു ലന്തക്കാരുടെ ഗവൎണ്ണർ വാൻ ഇം
ഹോഫ് എന്നാളായിരുന്നു. തിരുവിതാംകൂറിന്റെ
ചാടിക്കയററം കണ്ടിട്ടു് അദ്ദേഹം അമ്പരന്നുപോയി.
മാൎത്താണ്ഡവൎമ്മയുടെ ശക്തി ഇങ്ങനെ വൎദ്ധിച്ചുവ
ന്നാൽ അതു് ഒടുവിൽ തങ്ങളേയും ഗ്രസിക്കുമെന്നു ല
ന്തക്കാർ കരുതി. അതിനാൽ തിരുവിതാംകൂർരാജാ
വിനെ ഒന്നു ഭയപ്പെടുത്തുവാൻ ലന്തക്കാർ നിശ്ചയി

ച്ചു. പെരിത്തലറാണി തങ്ങളുടെ രക്ഷയിൽ ഇരിക്കു ന്നതിനാൽ തിരുവിതാംകൂർമഹാരാജാവു് അവരെ സ്ഥാനഭ്രഷ്ടയാക്കിയതു് അനുചിതമായി എന്നു ലന്ത ഗവൎണ്ണർ അദ്ദേഹത്തെ അറിയിച്ചു. മാൎത്താണ്ഡവർമ്മ ആ വക ന്യായങ്ങളൊന്നും കേൾപ്പാൻ തയ്യാറുണ്ടാ യിരുന്നില്ല.

ലന്തക്കാൎക്കു തങ്ങളുടെ മാനം രക്ഷിപ്പാൻ തിരു വിതാംകൂറിനോടു് ഒരു യുദ്ധം വേണ്ടതായിവന്നു. യുദ്ധസാമൎത്ഥ്യം വളരെ കുറഞ്ഞിരുന്ന ലന്തക്കാരെ തോല്പിക്കാൻ തിരുവിതാംകൂർകാൎക്കു യാതൊരു പ്രയാ സവുമുണ്ടായില്ല. ലന്തക്കാരുടെ വകയായ കോട്ടക ളിൽനിന്നു് അവരെ എളുപ്പത്തിൽ പുറത്താക്കി. ഈ തോൽവിയോടുകൂടി ലന്തക്കാരുടെ സകല പ്രാബ ല്യവും നശിച്ചു.

1750ൽ സ്ഥാനാരോഹണംചെയ്തു രാമവർമ്മ മഹാരാജാവിന്റെ കാലത്തു പെരുമ്പടപ്പുമൂപ്പിൽ സ്ഥാനം രണ്ടാമതും ഏറ്റെടുത്തണമെന്നു ചാഴൂർത മ്പാന്മാർ ശാഠ്യംപിടിച്ചു. രാജാവു് അതിനു സമ്മ തിക്കായ്കയാൽ അവർ മാൎത്താണ്ഡവർമ്മയെ ചെന്നുക ണ്ടു വിവരം ധരിപ്പിച്ചു. കൊച്ചിരാജ്യത്തു ചാടിവീഴു വാനുള്ള തക്കം നോക്കിക്കൊണ്ടിരുന്ന തിരുവിതാം കൂർമഹാരാജാവിനെ തമ്പാന്മാരുടെ ഈ അപേക്ഷ അത്യന്തം സന്തോഷിപ്പിച്ചു.

തമ്പാന്മാരുടെ അപേക്ഷയെക്കുറിച്ചു മാൎത്താണ്ഡ വർമ്മ കൊച്ചിരാജാവിനെ അറിയിച്ചു. അദ്ദേഹം

അതിനു വഴിപ്പെട്ടില്ല. മാൎത്താണ്ഡവൎമ്മ ഒരു സൈ
ന്യത്തോടുകൂടി ആലുവായിൽ എത്തി. അവിടെവെ
ച്ചുണ്ടായ യുദ്ധത്തിൽ കൊച്ചിക്കാർ തോററു പിൻവാ
ങ്ങി. തമ്പാന്മാരുടെ കരപ്പുറം എന്ന ദേശം കൈവശം
കൊടുത്തതിനുശേഷം തിരുവിതാംകൂർമഹാരാജാവു മ
ടങ്ങിപ്പോയി. 1753 വരെ ഈ പ്രദേശം തമ്പാന്മാർ
കൈവശംവെച്ചു. അതിനുശേഷം കൊച്ചിയും തിരു
വിതാംകൂറും തമ്മിലുണ്ടായ ഒരു ഉടമ്പടി അനുസരി
ച്ച് ആ പ്രദേശത്തിന്മേലുണ്ടായിരുന്ന കൊച്ചിയുടെ
സകലാധികാരങ്ങളും തിരുവിതാംകൂറിലേയ്ക്കു വിട്ടു
കൊടുത്തു.

കായംകുളംരാജാവിനോടു മാൎത്താണ്ഡവൎമ്മ മു
മ്പുചെയ്ത യുദ്ധത്തിൽ ചെമ്പകശ്ശേരിരാജാവു കായം
കുളംരാജാവിനെ സഹായിച്ചിട്ടുണ്ടായിരുന്നു. ആ പക
വീട്ടുവാൻവേണ്ടി മാൎത്താണ്ഡവൎമ്മ ചെമ്പകശ്ശേരിരാ
ജാവിനെ എതിൎത്തു. കൊച്ചിരാജാവ് അദ്ദേഹത്തി
ന്റെ സഹായിയായിരുന്നു. കൊച്ചിസൈന്യാധി
പൻ പള്ളിയിൽ ഇടിക്കേളമേനോനായിരുന്നു. കൊ
ച്ചിക്കാർ കുടമാളൂരിനും അമ്പലപ്പുഴയ്ക്കും സമീപത്തു
ചെന്നു പാളയമടിച്ചു. 1753 ഡിസംബർ അവസാ
നത്തോടുകൂടി ഇരുഭാഗക്കാരും തോട്ടപ്പിള്ളിൽവെച്ചു
തമ്മിലേററുമുട്ടി. അവിടെവെച്ചുണ്ടായ യുദ്ധം അതി
ഭയങ്കരമായിരുന്നു. ഡിലനായി എന്നു പേരായ യൂ
റോപ്യൻ കപ്പിത്താന്റെ മേൽനോട്ടത്തിൽ പരിഷ്കരി
ക്കപ്പെട്ട തിരുവിതാംകൂർസൈന്യത്തിനു്, യാതൊരു

യുദ്ധപരിശീലനവുമില്ലാത്ത കൊച്ചിക്കാരെ തോല്പിപ്പാൻ വലിയ പ്രയാസമുണ്ടായില്ല. എങ്കിലും രണ്ടു കക്ഷികൾക്കും വമ്പിച്ച നഷ്ടം സംഭവിച്ചു. വിജയികളായ തിരുവിതാംകൂർസൈന്യം അമ്പലപ്പുഴകൊട്ടാരത്തിൽ കടന്നു പാലിയത്തു കോമി അച്ചൻ, കോടശ്ശേരിക്കയ്മൾ, പനമുക്കത്തുകയ്മൾ, ചങ്ങരംകോതക്കയ്മൾ, ഇടിക്കേളമേനോൻ മുതലായവരെ തടവുകാരാക്കിപ്പിടിച്ച്, തിരുവനന്തപുരത്തേക്കയച്ചു. അമ്പലപ്പുഴ രാജാവിനേയും പിടിച്ചു ബന്ധനത്തിൽ വെച്ചു. ഇവരിൽ ചിലർ ബന്ധനത്തിൽകിടന്നു മരിച്ചു; ബാക്കിയുള്ളവർ കോഴക്കൊട്ടത്തു ബന്ധനമുക്തരായി.

1754ൽ തിരുവിതാംകൂർ സൈന്യം കൊച്ചിയെ ആക്രമിച്ചു. പൂത്തോട്ട തെക്കുംഭാഗം, കരീക്കാട്ട്, കണയന്നൂർ മുതലായ പ്രദേശങ്ങളിലുണ്ടായിരുന്ന കോവിലകങ്ങൾക്കു തീവെച്ചു. മാമല, ഉദയംപേരൂർ എന്നീ പ്രദേശങ്ങൾവരേയുള്ള സ്ഥലങ്ങളെല്ലാം രാമയ്യൻ വെട്ടിപ്പിടിച്ചു. കണ്ടനാട്ട്, കന്നത്തുനാട്ട് മുതലായ സ്ഥലങ്ങളെ തിരുവിതാംകൂറിലേയ്ക്കു കൂട്ടിച്ചേർത്തു. ഇതിനുശേഷം രാമയ്യൻ അരൂക്കുററിയിൽ എത്തി പാളയമടിച്ചു. കൊച്ചിരാജാവു ലന്തക്കാരുടെ സഹായം വീണ്ടും ആവശ്യപ്പെട്ടുവെങ്കിലും അവർ യാതൊരു സഹായവും ചെയ്തില്ല. ഇനി എതിത്തു നിന്നിട്ടു ഫലമില്ലെന്നു വിചാരിച്ചു കൊച്ചിരാജാവു സന്ധിക്കപേക്ഷിച്ചു. തിരുവനന്തപുരത്തു തടവുകാരനായി താമസിച്ചിരുന്ന പാലിയത്തച്ചന്റെ മാദ്ധ്യസ്ഥ്യമനു

സരിച്ചു്, 1756ൽ എഴുതിയ ഉടമ്പടി സമ്മതിച്ചു്, ഒപ്പിട്ടു യുദ്ധം അവസാനിപ്പിക്കുകയും ചെയ്തു.

---

## അദ്ധ്യായം ൧൩.

### 18-ാംനൂററാണ്ടിലെ കൊച്ചി.

### ൧. കോഴിക്കോട്ടും തിരുവിതാംകൂറും.

തിരുവിതാംകൂറുകാരുടെ തെക്കുനിന്നുള്ള ശല്യം നിലച്ചപ്പോൾ, കൊച്ചിയുടെ പഴയശത്രുവായ സാമൂതിരിപ്പാട്ടു വടക്കുനിന്നും പുറപ്പെട്ടു. തിരുവിതാംകൂർ മഹാരാജാവു രാജ്യങ്ങൾ പിടിച്ചടക്കുന്നതു കണ്ടപ്പോൾ, അപ്രകാരം ചെയ്യാൽ കൊള്ളാമെന്നു സാമൂതിരിക്കും തോന്നി. വള്ളുവനാട്ടും പാലക്കാട്ടും രാജാക്കന്മാരെ തോല്പിച്ചതിനുശേഷം അദ്ദേഹം ചേററുവായിൽ ചെന്നു ലന്തക്കാരെ അവരുടെ കോട്ടയിൽനിന്നോടിച്ചു. അനന്തരം കൊച്ചിരാജ്യത്തെ പല സ്ഥലങ്ങളിൽനിന്നും ഏകസമയത്തു് ആക്രമിച്ചു; 1756ൽ ആലങ്ങാട്ടും, പറവൂരും കൈവശപ്പെടുത്തി. ആലുവാ, വരാപ്പുഴ, മഞ്ഞുമ്മൽ, കോതാട്ടു്, ചാത്തനാട്ടു് മുതലായ സ്ഥലങ്ങളിൽ സൈന്യങ്ങളെ സ്ഥാപിക്കയും, പിടിച്ചടക്കിയ പ്രദേശങ്ങളെ ഭരിക്കുവാൻ കാര്യക്കാരന്മാരെ നിയമിക്കുകയും ചെയ്തു.

ഏനാമാക്കലെ നാട്ടുവാഴി സ്വാമിദ്രോഹം ചെയ്തു സാമൂതിരിയുടെ പക്ഷത്തിൽ ചേൎന്നു. അവിടെനി

ന്നു സാമൂതിരിപ്പാട്ട തൃശ്ശിവപേരൂർ പട്ടണത്തെ ആക്രമിച്ചു കൈവശപ്പെടുത്തി. അദ്ദേഹത്തിന്റെ കൂററകാരനായിരുന്ന ചിററൂർ നമ്പൂതിരിപ്പാട്ട്, ചങ്ങരംകോതക്കയ്മൾ, വേളോസ്സ് നമ്പിയാർ മുതലായവർ ഊരകം, ആറാട്ടപുഴ, മാപ്രാണം തുടങ്ങിയുള്ള സ്ഥലങ്ങളിലേയ്ക്കു അദ്ദേഹത്തെ ക്ഷണിച്ചു. ചങ്ങരംകോതക്കയ്മളെ തുടന്നു് ആറനാട്ടിൽപ്രഭുക്കന്മാർ സാമൂതിരിയെ തങ്ങളുടെ മേല്ക്കോയ്മയായി സ്വീകരിച്ചു. അയിർനാട്ട നാട്ടവാഴിയും, തലപ്പിള്ളി രാജാക്കന്മാരും, ചെങ്ങഴിനമ്പിയാർമാരും, സാമൂതിരിപ്പാട്ടിലെ ഭാഗത്തുചേന്നു. സാമൂതിരിപ്പാട്ട തുടന്നു ചേന്ദമംഗലത്തെ ആക്രമിച്ചു കൊള്ളചെയ്തു.

സാമൂതിരിയുടെ തുടരെത്തുടരെയുള്ള ജയം കണ്ടു പരിഭ്രമിച്ചു ലന്തക്കാർ ഉടനെ ലങ്കയിൽനിന്നു സൈന്യങ്ങളെ വരുത്തി. കൊച്ചിയിലെ ഇളയരാജാവും പാലിയത്തച്ചനും അവരുടെ സൈന്യങ്ങളോടുകൂടി ലന്തക്കാരെ സഹായിച്ചു. എല്ലാവരുംകൂടി തിരുവഞ്ചിക്കളത്തുനിന്നും പുറപ്പെട്ടു്, മതിലകത്തു പാളയമടിച്ചു താമസിച്ചിരുന്ന ശത്രുവിനെ എതിത്തു. യുദ്ധത്തിൽ സാമൂതിരിപ്പാട്ടിലേയ്ക്കു വമ്പിച്ച നഷ്ടം സംഭവിച്ചു. പക്ഷേ അദ്ദേഹം ഉപായേന ലന്തക്കാരെ സ്വാധീനിക്കയാൽ അവർ യുദ്ധഭൂമിവിട്ടു പിൻമാറി. അതിലേയ്ക്കു ചേററുവായ് അവക്കു തിരികെ കൊടുക്കാമെന്നായിരുന്നു സാമൂതിരിയുടെ വാഗ്ദാനം. ലന്തക്കാർ പിൻമാറിയതുനിമിത്തം ശക്തി ക്ഷയിച്ച കൊച്ചി

ക്കാർ ഉടനെ പടനിലത്തുനിന്നു പിൻവാങ്ങി. സാമൂതിരി തൃശ്ശിവപേരൂർ നിൎത്തിയിട്ടുണ്ടായിരുന്ന സൈന്യത്തിൽ ഏതാനുംഭാഗത്തെ പിൻവലിച്ചപ്പോൾ കൊച്ചിക്കാർ തൃശ്ശിവപേരൂർ ചെന്നു ബാക്കിയുണ്ടായിരുന്ന സൈന്യത്തെ തോല്പിച്ചോടിച്ചു. എങ്കിലും സാമൂതിരി ആ സ്ഥലത്തെ വീണ്ടും കൈക്കലാക്കി.

ഈ കാലത്തു രാജ്യം ഭരിച്ചിരുന്ന രാമവൎമ്മരാജാവു 1760ൽ തീപ്പെട്ടു. അദ്ദേഹത്തിന്റെ ഭരണകാലം എല്ലാംകൊണ്ടും കൊച്ചിക്കു ദുഷ്ക്കാലമായിരുന്നു. പിന്നീടു വാഴ്ചതുടങ്ങിയ രാമവൎമ്മരാജാവു പാലിയത്തുകോമി അച്ചൻവഴി, തിരുവിതാംകൂർ രാജാവായിട്ടു സഖ്യംചെയ്തു. ഈ ഉടമ്പടിപ്രകാരം സാമൂതിരി പിടിച്ചെടുത്ത പ്രദേശങ്ങൾ തിരികെ കൈവശപ്പെടുത്തുവാൻ, വേണ്ട സഹായം ചെയ്യാമെന്നു തിരുവിതാംകൂർമഹാരാജാവു സമ്മതിച്ചു. ഈ സഹായത്തിനു പ്രതിഫലമായി ആലങ്ങാടും പറവൂരും തിരുവിതാംകൂറിലേക്കു വിട്ടുകൊടുക്കാമെന്നു കൊച്ചിരാജാവും സമ്മതിച്ചു.

ഉടമ്പടിപ്രകാരം തിരുവിതാംകൂർ മഹാരാജാവു ഡിലനായിയുടെ നേതൃത്വത്തിൽ, ഒരു സൈന്യത്തെ കൊച്ചിക്കയച്ചു. അവരും കൊച്ചിസൈന്യവും ഒന്നിച്ചുചേൎന്നു പറവൂർ എത്തി, അവിടെ താവളമുറപ്പിച്ചിരുന്ന സാമൂതിരിയുടെ സൈന്യത്തെ ഓടിച്ചുകളഞ്ഞു. മാപ്രാണത്തു താമസിച്ചിരുന്ന സൈന്യത്തെയും തോല്പിച്ച് ഓടിച്ചു. ഓടിപ്പോയ കോഴിക്കോട്ടു

കാർ കവളപ്പാറക്കാരുടേയും പേരാററവീഥിക്കാരുടേയും മുമ്പിൽചെന്നു ചാടുകയാൽ, ശത്രുക്കളുടെ മദ്ധ്യത്തിൽപ്പെട്ടുപോയി. ഇരുപുറത്തുനിന്നും വന്നിരുന്ന ശരങ്ങളും വെടിയുണ്ടകളുമേററു നില്ക്കുവാൻ പൊരുതിയില്ലാതെ അവർ പലവഴിക്കും ചിന്നിപ്പോയി. ചിലർ ചേലക്കരയിലും മററുചിലർ കുന്നംകുളത്തും ചെന്നുചേർന്നു.

ഡിലനായി കടൽപ്പുറംവഴിക്കു കൊടുങ്ങല്ലൂരിൽ എത്തി അവിടെയുണ്ടായിരുന്ന ശത്രുസൈന്യത്തെ തോല്പിച്ചു വടക്കോട്ടോടിച്ചു. പിന്നീടു ചേലക്കരെ വെച്ചു ഒരു ഘോരയുദ്ധമുണ്ടായി. ശത്രുക്കൾ തോററു്, യാതൊരേടത്തും നിലകിട്ടാതെ ഓടി, തങ്ങളുടെ രാജ്യാതിർത്തിക്കുള്ളിൽ പ്രവേശിച്ചു രക്ഷപ്പെട്ടു. കുന്നംകുളത്തു രക്ഷപ്രാപിച്ചിട്ടുണ്ടായിരുന്ന കോഴിക്കോട്ടുകാർ, ശത്രുക്കളുടെ വരവുണ്ടെന്നു കേട്ടപ്പോൾ അവിടംവിട്ടു് ഓടി പൊന്നാനിയിൽ ചെന്നുചേർന്നു. തിരുവിതാംകൂർസൈന്യത്തിന്റെ ജയഭേരി ചെവിയിൽ വന്നലച്ചപ്പോൾ സാമൂതിരിപ്പാട്ടിലേക്കു ഭയം ജനിച്ചു. അദ്ദേഹം ഉടനെ സമാധാനത്തിനപേക്ഷിച്ചു.

തിരുവിതാംകൂർസൈന്യങ്ങൾക്കു സാമൂതിരിപ്പാട്ടിലെ രാജ്യത്തേക്കു കടന്നാൽ കൊള്ളാമെന്നുണ്ടായിരുന്നു. പക്ഷെ തിരുവിതാംകൂർരാജാവു് അതിനു സമ്മതിച്ചില്ല. സാമൂതിരിപ്പാട്ടിലെ കൈവശത്തിൽനിന്നു പിടിച്ചെടുത്ത സ്ഥലങ്ങൾ കാക്കുവാൻ ആവശ്യമുള്ള സൈന്യവിഭാഗത്തെ അവിടവിടെ നിർത്തിയതു.

ൻെറശേഷം ബാക്കിയുണ്ടായിരുന്നവരോട തിരിച്ചു പൊയ്ക്കൊള്ളുവാൻ ഉത്തരവുകൊടുത്തു. സന്ധിനിശ്ചയങ്ങളെക്കുറിച്ചുള്ള ആലോചനകളെല്ലാം പൂൎത്തിയായപ്പോൾ അവയെ അടിസ്ഥാനപ്പെടുത്തി തിരുവിതാംകൂർ മഹാരാജാവും സാമൂതിരിപ്പാടും തമ്മിൽ, 1763ൽ, ഒരു ഉടമ്പടി എഴുതി. അതിലെ പ്രധാനനിശ്ചയങ്ങൾ താഴെ പറയുന്നവയായിരുന്നു :—

(1) യുദ്ധച്ചിലവിലേയ്ക്കു 1,50,000 ഉറുപ്പിക സാമൂതിരി തിരുവിതാംകൂറിലേയ്ക്കു കൊടുക്കുക. (2) സാമൂതിരി തിരുവിതാംകൂർമഹാരാജാവിനോട സൗഹാൎദ്ദത്തോടുകൂടി വൎത്തിക്കുക. (3) കൊച്ചിയെ ഉപദ്രവിക്കാതിരിക്കുക. (4) കൊച്ചിയും സാമൂതിരിയും തമ്മിൽ മേലിലുണ്ടാകുന്ന തൎക്കങ്ങൾ തിരുവിതാംകൂർ മഹാരാജാവിനെ അറിയിച്ച് അദ്ദേഹത്തിൻെറ തീൎപ്പു അനുസരിച്ചു നടക്കുക.

1761ലെ ഉടമ്പടിനിശ്ചയപ്രകാരം തിരുവിതാംകൂർ സകലവും ചെയ്തുതീൎത്തു. പക്ഷെ, വന്നേരിയും പെരുമ്പടപ്പും തിരികെ പിടിക്കണമെന്നു കൊച്ചിരാജാവിനുണ്ടായിരുന്ന ആഗ്രഹം സാധിച്ചില്ല. മാൎത്താണ്ഡപ്പിള്ളയുടെ സൽസ്വഭാവത്തേയും, യുദ്ധപാടവത്തേയും കണ്ടു കൊച്ചിരാജാവിനു സന്തോഷം തോന്നി. തന്മൂലം പുത്തൻചിറ എന്ന പ്രദേശം തമ്പുരാൻ അദ്ദേഹത്തിനു ഇനാമായി കൊടുത്തു. അതു അപ്പോൾതന്നെ അദ്ദേഹം തൻെറ മഹാരാജാവിനു അടിയറവെക്കുകയും ചെയ്തു.

## ௨. പുതിയ ഭരണസമ്പ്രദായം.

യുദ്ധത്തിന്റെ ശല്യമെല്ലാം തീൎന്നു സ്വസ്ഥതയുണ്ടായപ്പോൾ തമ്പുരാൻ രാജ്യഭരണകാൎയ്യത്തിൽ മനസ്സിരുത്തി. പഴയ നാടുവാഴികളുടെ ശല്യവും സ്വാമിദ്രോഹവും കൊണ്ടാണു കൊച്ചിരാജ്യത്തിന്റെ സ്ഥിതി ഇത്രത്തോളം അലംകോലപ്പെട്ടതു്. അതിനാൽ ഭരണസംബന്ധമായി അവൎക്കുണ്ടായിരുന്ന സകല അധികാരങ്ങളും, തിരുവിതാംകൂർമഹാരാജാവു ചെയ്തുപോലെ, അവരിൽനിന്നു് എടുത്തുകളഞ്ഞു. രാജദ്രോഹം ചെയ്ത നാടുവാഴികളിൽ ചിലരുടെ വസ്തുക്കൾ കണ്ടുകെട്ടുകയും, മററു ചിലരെ കഠിനമായി ശിക്ഷിക്കുകയും ചെയ്തു.

നികുതിയുടെ തുക നിജപ്പെടുത്തുവാൻവേണ്ടി നിലങ്ങളും പറമ്പുകളുമെല്ലാം കണ്ടെഴുതി ആവശ്യക്കാൎക്കു പതിച്ചുകൊടുത്തു. രാജ്യത്തെ ഒട്ടാകെ പത്തു താലൂക്കുകളായി തിരിച്ചു്, അവ ഓരോന്നിലും ഓരോ കാൎയ്യക്കാരെ നിയമിച്ചു. ഈ കാൎയ്യക്കാരുടെ ചുമതലയായിരുന്നു നികുതിപിരിക്കലും നീതിന്യായം നടത്തലും. രാജ്യത്തെ രണ്ടു ഭാഗങ്ങളാക്കി വേർതിരിച്ചു് അവയുടെ ഭരണത്തിനു് ഓരോ സൎവ്വാധികാൎയ്യക്കാരേയും നിയമിച്ചു. ഇവർ എല്ലാവരുടേയും മേലുദ്യോഗസ്ഥനായി വലിയസൎവ്വാധികാൎയ്യക്കാർ എന്നൊരാളുണ്ടായിരുന്നു. രാജ്യഭരണസംബന്ധമായ സകല ചുമതലകളും വഹിച്ചിരുന്നതു് ആ ഉദ്യോഗസ്ഥനാണു്. വലി

യസർവ്വാധികാര്യക്കാരുടെ കീഴിൽ രണ്ടു സൈന്യാധിപന്മാരും ഒട്ടേറെ കപ്പിത്താന്മാരുമുണ്ടായിരുന്നു. സൈന്യത്തെ വേണ്ടതുപോലെ പരിഷ്കരിച്ചു. കൊച്ചി രാജ്യത്തു നികുതിപിരിക്കുവാൻ ആരംഭിച്ചതു 1763 മുതല്ക്കാണു്.

കൊച്ചി പട്ടണത്തിന്റെ പരിസരങ്ങളിൽ താമസിച്ചിരുന്ന ക്രിസ്ത്യാനികൾ, കൊങ്ങിണിമാർ, വാണിയന്മാർ, തട്ടാന്മാർ മുതലായ ജാതിക്കാരുടെ ഇടയിൽ നീതിന്യായം നടത്തുന്നതിനുള്ള അവകാശം ലന്തക്കാർക്കായിരുന്നു. കൊച്ചിരാജാവിനു് ആ സ്ഥലങ്ങളിന്മേലുള്ള അവകാശം നാമമാത്രമായിരുന്നതിനാൽ, അവിടങ്ങളിൽനിന്നു ചുങ്കവും, ഭൂനികുതിയും പിരിക്കുവാൻ യാതൊരവകാശവുമില്ലെന്നു ലന്തഗവൎണ്ണർ ശഠിച്ചു. രാജാവിന്റെ അവകാശം സ്ഥാപിക്കുവാൻ വിവാദസ്ഥലത്തു് അദ്ദേഹം ഒരു കോട്ടകെട്ടുവാനാരംഭിച്ചു. കോട്ടയുടെ പണി പൂൎത്തിയായപ്പോൾ ലന്തക്കാർ കോട്ടമതിലിന്മേൽ അവരുടെ കൊടിമരം കൊണ്ടുവന്നു നാട്ടി. ഇതു കണ്ടപ്പോൾ രാജാവിനു ദേഷ്യം തോന്നി; തിരുവിതാംകൂറിൽനിന്നു 1500 ഭടന്മാരെ വരുത്തി. ഈ വിവരം ബറേറവിയാഗവൎമ്മേണ്ടറിഞ്ഞപ്പോൾ അന്നത്തെ ലന്തഗവൎണ്ണരെ തിരിച്ചുവിളിച്ചു. അഡ്രിയൻ വാൻ മോയൻ എന്നാളെ പകരം ഗവൎണ്ണരായി നിശ്ചയിച്ചു. മട്ടാഞ്ചേരി, ചെറളായി, അമരാവതി എന്നീ സ്ഥലങ്ങളിൽനിന്നു നിലനികുതി, ചുങ്കം തുടങ്ങിയുള്ള വരുമാനങ്ങൾ പിരി

ക്കുവാൻ രാജാവിനു് അധികാരമുണ്ടെന്നു പുതിയ ഗവൎണ്ണർ തീൎച്ചപ്പെടുത്തി. കൊങ്കിണിമാരേയും അവരുടെ ക്ഷേത്രത്തേയും രാജാവിനു വിട്ടുകൊടുത്തു.

---

## അദ്ധ്യായം ൧൪.

### ൧. കൊച്ചിയും മൈസൂരും.

മൈസൂർസൈന്യത്തിൽ കേവലം ഒരു യോദ്ധാവായിരുന്ന ഹൈദർ ആലി ആദ്യം ആ സൈന്യത്തിന്റെ നേതാവും, പിന്നീടു് ആ രാജ്യത്തിലെ നവാബും ആയി. ശത്രുക്കളുടെ, പ്രത്യേകിച്ചു് ഇംഗ്ലീഷുകാർ പരന്ത്രീസുകാർ മുതലായ വിദേശികളുടെ, ആക്രമണത്തിൽനിന്നു സ്വരാജ്യത്തെ രക്ഷിക്കുന്നതിലേക്കു ശക്തിമത്തായ ഒരു നാവികസൈന്യവും സൈന്യസങ്കേതവും അനുപേക്ഷണീയമാണെന്നു് അദ്ദേഹത്തിനു തോന്നി. അങ്ങനെ അദ്ദേഹത്തിന്റെ ദൃഷ്ടി മലയാളത്തിലേക്കു തിരിഞ്ഞു. ഇക്കാലത്താണു സാമൂതിരി പാലക്കാടു് ആക്രമിച്ചതു്. പാലക്കാട്ടുരാജാവു ഹൈദരാലിയുടെ സഹായം ആവശ്യപ്പെട്ടു. മലയാളത്തിലേക്കു കണ്ണോടിച്ചുകൊണ്ടിരുന്ന ഹൈദരാകട്ടെ, മാക്കു് ഡും ആലി എന്ന സേനാനിയുടെ കീഴിൽ, പാലക്കാടിനെ സഹായിക്കുവാൻ, ഒരു സൈന്യത്തെ അയച്ചുകൊടുത്തു.

മൈസൂർസൈന്യത്തെ എതിക്കുവാൻ സാമൂതിരിക്കു ധൈൎയ്യം മതിയായില്ല. അതിനാൽ യുദ്ധച്ചിലവിലേക്കു 12 ലക്ഷം ഉറുപ്പിക നഷ്ടം കൊടുക്കാമെന്നും, പിടിച്ചെടുത്ത സ്ഥലങ്ങളെല്ലാം മടക്കിക്കൊടുക്കാമെന്നും സാമൂതിരി വാഗ്ദാനം ചെയ്തു. അതോടെ മാക്ക് ഡം ആലി മടങ്ങിപ്പോയി. ഈ സംഖ്യ കൊടുത്തു തീൎക്കായ്കയാൽ അതു പിരിക്കുവാനായി ഒരു വലിയ സൈന്യത്തോടുകൂടി ഹൈദർതന്നെ മലനാട്ടിലേക്കുവന്നു. അതറിഞ്ഞു സാമൂതിരിപ്പാട് ആത്മഹത്യ ചെയ്തു; ഹൈദർ ഉടനെ കോഴിക്കോടു കൈവശപ്പെടുത്തി. ഹൈദരാലി തന്റെ പടനായകനായ ശ്രീനിവാസ റാവുവിനെ മലയാളത്തിലെ പൌസേദാരാക്കി. അദ്ദേഹത്തെ സഹായിപ്പാൻ സർദാർ ഖാനേയും നിയമിച്ചു. പൌസേദാർ കൊച്ചിരാജാവിനോടു മൈസൂരിന്റെ സാമന്തനാകണമെന്നും, കൊല്ലംതോറും 4 ലക്ഷം ഉറുപ്പിക കപ്പം കൊടുക്കണമെന്നും ശഠിച്ചു. രാജാവു ഗത്യന്തരമില്ലാതെ അതിനു വഴിപ്പെട്ടു.



1760ൽ രാജ്യഭാരം കയ്യേറ്റ രാമവൎമ്മരാജാവും

അദ്ദേഹത്തിന്റെ അനുജൻ വീരകേരളവൎമ്മരാജാവും രാജ്യഭരണവിഷയത്തിൽ പ്രാപ്തി പോരാത്തവരായതിനാൽ ഭരണകാൎയ്യം, 1769ൽ, മൂന്നാംമുറയായിരുന്ന രാമവൎമ്മരാജാവിനൊഴിഞ്ഞു കൊടുത്തിട്ടുണ്ടായിരുന്നു. അവർ രണ്ടുപേരുടേയും പ്രതിനിധിയായി, ശക്തൻതമ്പുരാൻ എന്ന അപരനാമത്താൽ സുപ്രസിദ്ധനായ രാമവൎമ്മരാജാവാണു രാജ്യം ഭരിച്ചുപോന്നതു്. അദ്ദേഹവും ഹൈദരാലിഖാനും തമ്മിൽ വലിയ താല്പൎയ്യമായിരുന്നു. കൊച്ചിരാജാവിനോടുള്ള പെരുമാററത്തിൽ ഹൈദരാലി എല്ലായ്പോഴും ആദരവും വിട്ടുവീഴ്ചയും കാണിച്ചിരുന്നു. നാലുദേശവും കൊടകരനാടും പാലക്കാട്ടുരാജാവിന്റെ വകയാണെന്നു കരുതി ആ രണ്ടു സ്ഥലങ്ങളും ഒരിക്കൽ ഹൈദർ മൈസൂറിനോടു കൂട്ടിച്ചേൎത്തു. പക്ഷെ അവ തന്റെ വകയാണെന്നു കൊച്ചിരാജാവു് ആക്ഷേപിച്ചപ്പോൾ, അദ്ദേഹത്തിനു മടക്കികൊടുക്കുകയുണ്ടായി.

അതുപോലെ തലപ്പിള്ളി മേൽവട്ടത്തിൽപ്പെട്ട വടുതല, കണ്ടാണശ്ശേരി, ആത്താററു്, അഞ്ഞൂർ, കാട്ടകാമ്പൽ, കടവല്ലൂർ, കൊരട്ടിക്കര മുതലായ സ്ഥലങ്ങൾ സാമൂതിരിപ്പാട്ടിലെ വകയാണെന്നും, അവിടങ്ങളിൽനിന്നു പിരിച്ചെടുത്ത ഭൂനികുതി മൈസൂരിലേക്കു കിട്ടണമെന്നും തൎക്കമുണ്ടായി. കൊച്ചിരാജാവു് അതിനെ ബലമായി ആക്ഷേപിച്ചു. അദ്ദേഹം തന്റെ മന്ത്രിയായ കോമി അച്ചനേയും ഇരശപ്പരപട്ടർ കാൎയ്യക്കാരേയും ഹൈദരാലിയുടെ അടുക്കലേക്കയച്ചു.

നവാബു ക്ഷമയോടുകൂടി അവരുടെ നിവേദനം കേട്ടു വസ്തുസ്ഥിതി മനസ്സിലാക്കി കപ്പത്തിന്റെ തുക കുറച്ചു. ഈ സംഖ്യയിൽ കൊടുങ്ങല്ലൂരിൽനിന്നു കൊടുക്കേണ്ട കപ്പവും ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. സാമൂതിരിപ്പാട്ടിലെ നായന്മാരെ ഒതുക്കിനിൎത്തുവാൻ 1000 ഭടന്മാരടങ്ങിയ ഒരു സൈന്യത്തെ കൊച്ചിരാജാവു കോഴിക്കോട്ടുപട്ടണത്തിൽ നിൎത്തണമെന്നും നിശ്ചയിച്ചു.

ഹൈദരാലിക്കു തിരുവിതാംകൂർരാജ്യം ആക്രമിക്കണമെന്നു് ആഗ്രഹമുണ്ടായിരുന്നു. അതിനു ലന്തക്കാരോടു് അവരുടെ വക സ്ഥലത്തുകൂടി കടന്നുപോകുവാൻ അദ്ദേഹം അനുവാദം ചോദിച്ചു. അവർ അതിനു മറുപടിയൊന്നും കൊടുത്തില്ല. തന്മൂലം സർദാർഖാൻ ഒരു സൈന്യത്തോടുകൂടി വന്നു ലന്തക്കാരെ ചേററുവായിൽ നിന്നാട്ടിയോടിച്ചു. ഈ അപമാനം സഹിച്ചു മൗനമായിരിപ്പാൻ ലന്തക്കാർ ഒരുക്കമുണ്ടായിരുന്നില്ല. അവർ യുദ്ധത്തിനു വട്ടംകൂട്ടി. മൈസൂർ സൈന്യത്തോടു മത്സരിപ്പാനുള്ള യുദ്ധപാടവം ലന്തക്കാൎക്കില്ലാതിരുന്നതിനാൽ അവർ യുദ്ധത്തിൽ തോററു. അതിനുശേഷം ലന്തക്കാർ ഹൈദരാലിയോടു സഖ്യം ചെയ്യാനാലോചിച്ചു. അദ്ദേഹം അതിനു വഴിപ്പെട്ടില്ല. ലന്തക്കാരെ താമസംകൂടാതെ മലയാളക്കരയിൽനിന്നോടിച്ചുകളയണമെന്നാണു തന്റെ ആന്തരമായ ഉദ്ദേശ്യമെന്നു് അദ്ദേഹം മറുപടി പറഞ്ഞു.

കൊച്ചിയിലെ ലത്തീൻക്രിസ്ത്യാനികൾ ഈ കാലത്തു ചില കുഴപ്പങ്ങൾ ഉണ്ടാക്കി. അവരിൽ

ചിലരുടെ താമസം കൊച്ചിരാജ്യാതിൎത്തികളിലായി രുന്നുവെങ്കിലും, അവരുടെ ഇടയിൽ നീതിന്യായം ന ടത്തുന്നതിനുള്ള അവകാശം ലന്തക്കാൎക്കായിരുന്നു. അ വരോടു നേരിട്ടു നികുതിപിരിക്കുവാൻ കൊച്ചിരാജാ വിന്നു് അധികാരമുണ്ടായിരുന്നില്ല. അതു ലന്തക്കാർ പിരിച്ചു രാജാവിന്നു കൊടുക്കുകയായിരുന്നു. ആ സംഖ്യ മററുള്ളവർ കൊടുക്കുന്നതിനേക്കാൾ വളരെ കുറവുമായിരുന്നു. കൊച്ചിയിൽവെച്ചു കുററം ചെയ്തു വരെ രാജാവിന്നു ശിക്ഷിപ്പാൻ അധികാരമില്ലെന്നു വന്നപ്പോൾ, അവരുടെ ശല്യം മുഴുത്തു; രാജാവിനെ വകവെയ്ക്കാതെയായി. 1763ലും 1776ലും മൈസൂർ കാരെ സമാധാനിപ്പിക്കുവാനും അവർ നിശ്ചയിച്ച കപ്പം കൊടുക്കുവാനും കുറേ പണം ആവശ്യമായി വന്നപ്പോൾ, നികുതിയുടെ തോതുപ്രകാരമുള്ള സംഖ്യ അടയ്ക്കുവാൻ അവർ തയ്യാറില്ലായിരുന്നു. ഈവക ബുദ്ധിമുട്ടുകൾ മേലിൽ നേരിടാതിരിപ്പാനായി രാജാ വു് അവരെ ഇടവിടാതെ ഉപദ്രവിച്ചുതുടങ്ങി. ഉപ ദ്രവം കലശലായപ്പോൾ ലന്തക്കാർ മദ്ധ്യസ്ഥതയ്ക്കു വന്നു. അവർ ക്രിസ്ത്യാനികൾക്കു സമ്മതമായ വി ധത്തിൽ കാൎയ്യം അവസാനിപ്പിക്കുകയും ചെയ്തു.

## ൨. ടിപ്പുവിന്റെ പടയോട്ടം.

1782 ഡിസംബർ 7-ാംനു- ഹൈദരാലി മരി ച്ചു. അദ്ദേഹത്തിന്റെ മകൻ ടിപ്പുസുൽത്താൻ നവാ ബിനെ പിന്തുടൎന്നു രാജ്യഭരണം കയ്യേററു. ടിപ്പു

സുൽത്താൻ നല്ല പഠിപ്പും യോഗ്യതയുമുള്ള രാജാവും അതിധീരനായ യോദ്ധാവുമായിരുന്നു. അപകടമായ കാൎയ്യങ്ങളിൽ പ്രവേശിച്ചു മല്ലിടുന്നതിനു് അദ്ദേഹത്തിനു യാതൊരു ശങ്കയുമുണ്ടായിരുന്നില്ല. ഉദാരമതിയായ സുൽത്താൻ രാജ്യഭരണവിഷയത്തിൽ പാടവവും പ്രജകളോടു പിതൃനിൎവ്വിശേഷമായ വാത്സല്യവും പ്രദൎശിപ്പിച്ചിരുന്നു.



മലയാളദേശത്തെ അടുത്തകാലത്തു മൈസൂർ രാജ്യത്തോടുകൂടി ചേൎത്തിട്ടുണ്ടായിരുന്നു വല്ലോ. 1788ൽ ടിപ്പു മലയാളത്തിലേക്കു വന്നു. തിരുവിതാംകൂർ ആക്രമിക്കണമെന്നു് അദ്ദേഹത്തിനുദ്ദേശ്യമുണ്ടായിരുന്നു; പക്ഷെ തക്ക കാരണം കിട്ടായ്കയാൽ ഒഴിഞ്ഞു നില്ക്കുകയായിരുന്നു. കൊച്ചിരാജാവിനെ ആളയച്ചു വരുത്തി, ആലങ്ങാടും പറവൂരും വിട്ടുകിട്ടണമെന്നു തിരുവിതാംകൂർ മഹാരാജാവിനോടു് ആവശ്യപ്പെടുവാൻ, ടിപ്പു ഉപദേശിച്ചു. ആ രണ്ടു സ്ഥലങ്ങളും, സാമൂതിരിയെ കൊച്ചിരാജ്യത്തിൽ നിന്നോടിച്ചതിനു പ്രതിഫലമായി കൊടുത്തവയാകയാൽ അവ തിരികെ

ചോദിച്ചുകൂടാ എന്നു കൊച്ചിരാജാവു മറുപടി പറഞ്ഞു. പക്ഷെ, തിരുവിതാംകൂർമഹാരാജാവിനെ സുൽത്താന്റെ സാമന്തനാക്കുവാൻ ശ്രമിക്കാമെന്നു വാഗ്ദാനവും ചെയ്തു. കൊച്ചിരാജാവു തിരുവിതാംകൂർമഹാരാജാവിനെ കണ്ടു വിവരം ധരിപ്പിച്ചു. തന്റെ മേൽക്കോയ്മയായ കർണ്ണാടകനവാബിന്റേയും, ബന്ധുക്കളായ ഇംഗ്ലീഷുകാരുടേയും അറിവും സമ്മതവും കൂടാതെ മൈസൂർസുൽത്താന്റെ സാമന്തനാവാൻ നിവൃത്തിയില്ലെന്നായിരുന്നു തിരുവിതാംകൂർമഹാരാജാവിന്റെ മറുപടി.

ഈ വിവരം ധരിച്ചപ്പോൾ സുൽത്താൻ അത്യന്തം ക്ഷോഭിച്ചു. വടക്കേ മലയാളം വഴിയായി അദ്ദേഹം തിരുവിതാംകൂറിലേക്കു പുറപ്പെട്ടു. ഈ യാത്രയിൽ ജനങ്ങൾക്കു പല ഉപദ്രവങ്ങളും ചെയ്തതായി പറയപ്പെടുന്നു. തന്നിമിത്തം പലരും അവിടങ്ങളിൽ നിന്നോടി തിരുവിതാംകൂറിൽചെന്നു രക്ഷപ്പെട്ടു. അവർ തന്റെ രാജ്യത്തുനിന്നു് ഓടിപ്പോയവരാകയാൽ ഉടനെ മടക്കി അയയ്ക്കണമെന്നു സുൽത്താൻ മഹാരാജാവിനെ അറിയിച്ചു. അദ്ദേഹം അതു വകവെച്ചതേയില്ല. അനന്തരം സുൽത്താൻ കൊച്ചിരാജാവിനു് ആളെ അയച്ചു. ശരീരസുഖമില്ലായ്കയാൽ വഴിയാത്ര ചെയ്വാൻ നിവൃത്തിയില്ലെന്നു് അദ്ദേഹം മറുപടി കൊടുത്തു. മാത്രമല്ല ബ്രിട്ടീഷ്പ്രതിനിധിയായ പൗണിയുടെ ഉപദേശപ്രകാരം രാജാവു് 1788ൽ ഇംഗ്ലീഷുകാരുമായി ഒരു സഖ്യവും ചെയ്തു. ഇതുമുതല്ക്കു കൊച്ചി

രാജാവു മൈസൂർരാജ്യത്തിൻെറ ശത്രുവായിത്തീൎന്നു.

സുൽത്താൻെറ ആക്രമണത്തെ തടയുവാൻവേണ്ടി, രാജ്യത്തിൻെറ വടക്കേ അതിൎത്തികളിൽ കുറേ കോട്ടകൾ വേണമെന്നു തിരുവിതാംകൂർമഹാരാജാവിനാലോചനയുണ്ടായിരുന്നു. ഈ ഉദ്ദേശ്യത്തോടുകൂടി കൊടുങ്ങല്ലൂർ, ആയക്കോട്ട മുതലായ സ്ഥലങ്ങൾ ലന്തക്കാരുടെ പക്കൽനിന്നു് അദ്ദേഹം വിലയ്ക്കു വാങ്ങി. ആ സ്ഥലങ്ങൾ സുൽത്താനു വേണമെന്നു അദ്ദേഹവും ശഠിച്ചു. ഒടുവിൽ നെടുങ്കോട്ട വെട്ടിപ്പൊളിച്ചു ധാരാളം വിസ്താരത്തിൽ ഒരു വഴിയുണ്ടാക്കുവാൻ സുൽത്താൻ സൈന്യത്തിനു കല്പന കൊടുത്തു. അവർ ഉടനെ ഒരു വഴി വെട്ടിത്തുറന്നു് അതിനുള്ളിൽക്കൂടി പ്രയാണം തുടങ്ങി. കോട്ടയുടെ പ്രധാന പ്രവേശനദ്വാരം കാത്തുനിന്നിരുന്ന തിരുവിതാംകൂർദിവാൻ കേശവപിള്ള മൈസൂർസൈന്യങ്ങളുടെ ഗതി ബലമായി തടുത്തു. തുടൎന്നുണ്ടായ യുദ്ധത്തിൽ സുൽത്താൻെറ കാലൊടിഞ്ഞുപോയി. ഈ പരുക്കു് അദ്ദേഹത്തെ മരണപൎയ്യന്തം മുടന്തനാക്കി. സുൽത്താൻെറ വാളും മുദ്രമോതിരവും മററുവസ്തുക്കളും വിജയികളായ തിരുവിതാംകൂർസൈന്യം കൈക്കലാക്കി.

1790ൽ അന്നത്തെ രാജാവു തീപ്പെട്ടപ്പോൾ, രാജപ്രതിനിധിയായി രാജ്യം ഭരിച്ചിരുന്ന രാമവൎമ്മ തമ്പുരാൻ മുറപ്രകാരം രാജാവായി. ശക്തൻതമ്പുരാൻ എന്നു പ്രഖ്യാതനായ അദ്ദേഹം കാൎയ്യക്ഷമതയുള്ള ഒരു ഭരണകൎത്താവായിരുന്നു. ലഘുവായ ഭരണ

വൈകല്യംകൊണ്ടു രാജ്യം അന്യാധീനപ്പെട്ടുപോവാനിടയുള്ള ഒരു ദുർഘടഘട്ടമായിരുന്നു അദ്ദേഹത്തിൻെറ ഭരണകാലം. കൊച്ചി ഒന്നുകിൽ ബ്രിട്ടീഷ്മലയാളത്തിൻെറ ഒരു ഭാഗമാവും; അല്ലെങ്കിൽ തിരുവിതാംകൂറിനു ചേരും; ഇതായിരുന്നു അപ്പോഴത്തെ കാലസ്ഥിതി. തിരുവിതാംകൂർമഹാരാജാവിനോടു ചെയ്തു സഖ്യം, ഹൈദരാലിയോടും ടിപ്പുസുൽത്താനോടുമുള്ള മര്യാദയായ പെരുമാററം, ഇംഗ്ലീഷുകാരോടു ചെയ്തു സമയോചിതമായ കരാറ്, ഇവ എല്ലാംകൊണ്ടുമാണു കൊച്ചിരാജ്യം നാമാവശേഷമായിപ്പോകാതിരുന്നതു്.

ടിപ്പുസുൽത്താൻ 1790ൽ നെടുങ്കോട്ടയ്ക്കുനേരെ വീണ്ടും പുറപ്പെട്ടു. അദ്ദേഹത്തിൻെറ സൈന്യത്തിൽ 30,000 കാലാളും 5,000 കുതിരപ്പടയാളികളും ഇരുപതു വലിയതോക്കുകളും ഉണ്ടായിരുന്നു. തിരുവിതാംകൂർമഹാരാജാവു് ഈ സംഗതി വേഗത്തിൽ മദ്രാസ് ഗവർണ്ണരെ അറിയിച്ചുവെങ്കിലും, ഗവർണ്ണർ യാതൊന്നും പ്രവർത്തിച്ചുകണ്ടില്ല. കോട്ടമതിലിൽ ഒരു ഭാഗം, മൈസൂർസൈന്യം വലിയതോക്കുകൾ കൊണ്ടു വെടിവെച്ചു പൊളിച്ചു. ഇനി എതിർത്തുനിന്നിട്ടു പ്രയോജനമില്ലെന്നു കരുതി തിരുവിതാംകൂർ സൈന്യം പിൻവാങ്ങി. കോട്ട തകർത്തതിനു ശേഷം ടിപ്പുസുൽത്താൻ കൊടുങ്ങല്ലൂർ, ആയക്കോട്ട, കുരിയാപ്പിള്ളി മുതലായ കോട്ടകൾ പിടിച്ചെടുത്തു. അതോടുകൂടി നെടുങ്കോട്ട മുഴുവൻ സുൽത്താനു് അധീനമായി.

വിജയിയായ സുൽത്താൻ ഉത്തരതിരുവിതാംകൂ

റിൽ കടന്നു കൊള്ളയും കൊലപാതകവും തുടങ്ങി. പ്രതീക്ഷിച്ചിരുന്നതുപോലെ ഇംഗ്ലീഷ്കാർ തിരുവിതാംകൂർമഹാരാജാവിനെ സഹായിച്ചില്ല. എന്നാൽ ആശ്രിതരക്ഷകനായ ഈശ്വരൻ അദ്ദേഹത്തെ കൈവെടിഞ്ഞില്ല. അപ്രതീക്ഷിതമായി ആരംഭിച്ച കാലവഷത്താൽ പെരിയാററിൽ ജലം പെരുകുകയും, ആലുവാ മുതലായ പ്രദേശങ്ങൾ വെള്ളത്തിനടിയിലാകുകയും ചെയ്തു. വെള്ളത്തിൽ മുങ്ങിയും രോഗം പിടിച്ചും സുൽത്താൻെറ സൈന്യത്തിൽ അനേകം പേർ മരിച്ചു. സുൽത്താൻ നിരാശനായി. ഈ ഘട്ടത്തിൽ ഇംഗ്ലീഷ്കാർ ശ്രീരംഗപട്ടണത്തെ ആക്രമിച്ചിരിക്കുന്നതായി സുൽത്താനു് അറിവുകിട്ടി. തലസ്ഥാനത്തെ രക്ഷിക്കുന്നതിനുവേണ്ടി ശേഷിച്ച സൈന്യത്തോടുകൂടിടിപ്പു ഉടനെ അങ്ങോട്ടുപോയി. പിന്നീടു് ഒരിക്കലും കേരളം കാണുവാൻ അദ്ദേഹത്തിനിടവന്നിട്ടില്ല.

അങ്ങനെ പെരുമ്പടപ്പുരാജ്യം അവസാനത്തിൽ കുരുക്ഷണഞ്ഞു. അന്നു രാജ്യകാര്യങ്ങളുടെ അമരത്തലക്കൽ ഇരുന്നിരുന്ന രാജാവു ശക്തൻ എന്ന പേരിനു് എല്ലാംകൊണ്ടും അഹനായിരുന്നു. അദ്ദേഹം വലിയ ശൂരനും പ്രതാപശാലിയും ദുഷ്ടന്മാരോടു നിദ്ദയനുമായിരുന്നു. സ്വന്തം വകയായി അനവധി കപ്പലുകൾ ഉണ്ടായിരുന്ന അദ്ദേഹം നേരിട്ടു കച്ചവടം നടത്തിക്കൊണ്ടിരുന്നു. ശിക്ഷാവിധികളുടെ കാഠിന്യം നിമിത്തം അദ്ദേഹത്തെ ഭയപ്പെടാത്തവരാരുമുണ്ടായിരുന്നില്ല. അതിനാൽ രാജ്യത്തിൽ കുററം ചെയ്യുന്നവർ

തീരെയില്ലാതെയായി.

ശ്രീരംഗപട്ടണത്തിൽവെച്ച ടിപ്പുസുൽത്താനും ഇംഗ്ലീഷുകാരുംതമ്മിൽ 1792ൽ ഉണ്ടായ സന്ധിക്കു ശേഷം മലയാളദേശം ഇംഗ്ലീഷുകാരുടെ വകയായി. അവിടത്തെ നാടുവാഴികളുടേയും രാജാക്കന്മാരുടേയും അവകാശങ്ങളേക്കുറിച്ച് അന്വേഷണവിസ്താരം നടത്തി തീർപ്പ ചെയ്യുവാൻ ഒരു കമ്മിഷൻ ഏർപ്പെടുത്തപ്പെട്ടു. കൊച്ചിരാജാവു കവളപ്പാറ, തെമ്മലപ്പുറം, വടമലപ്പുറം, ചേററുവായ്, കൊടുങ്ങല്ലൂർ, വന്നേരി, പറവൂർ, കുന്നത്തുനാട്, ആലങ്ങാട് എന്നീ പ്രദേശങ്ങളിന്മേൽ അവകാശം പുറപ്പെടുവിച്ചു. പക്ഷെ കൊടുങ്ങല്ലൂർ മാത്രമേ അദ്ദേഹത്തിനു വിട്ടുകൊടുക്കുവാൻ കമ്മീഷൻ തീരുമാനിക്കുകയുണ്ടായുള്ളു.

ലന്തക്കാരുടെ പ്രതാപത്തെക്കുറിച്ചും ഒടുവിൽ തിരുവിതാംകൂർമഹാരാജാവും ഹൈദരാലിയും അവരെ തോല്പിച്ചതിനേക്കുറിച്ചും മുകളിൽ വിവരിച്ചുവല്ലോ. ഇങ്ങനെയിരിക്കുന്ന കാലത്താണ്, 1795ൽ നെപ്പോളിയൻ ഹോളണ്ടു പിടിച്ചടക്കിയതു്. അതോടുകൂടി കേരളത്തിലുള്ള ലന്തക്കാരുടെ വക സ്ഥലങ്ങളും ഫ്രഞ്ചുകാർക്കധീനപ്പെടാതിരിക്കുന്നതിനായി, അവ ഇംഗ്ലീഷുകാർക്കു വിട്ടുകൊടുക്കുവാൻ ലന്തഗവർമെൻറു തീരുമാനിച്ചു. അങ്ങനെ ലന്തക്കൊച്ചി ബ്രിട്ടീഷ്കൊച്ചിയായിത്തീന്നു.

ഏകദേശം 36 കൊല്ലത്തോളം ശക്തൻതമ്പുരാൻ രാജ്യം ഭരിച്ചു. ഈ കാലത്തിനിടയ്ക്കു തമ്പു

രാൻ അനവധി ബുദ്ധിമുട്ടുകൾ അനുഭവിച്ചുവെങ്കിലും രാജ്യത്തിന്റെ സ്ഥിതി നന്നാക്കുവാൻവേണ്ടി ചെയ്ത പ്രവൃത്തികളുടെ ഫലം തികച്ചും അനുഭവിച്ചതിനുശേഷം മാത്രമേ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞുള്ളു. അദ്ദേഹം തീപ്പെട്ടതു് 1805ലാണു്.

---

## അദ്ധ്യായം ൧൫.

## 19-ാംനൂററാണ്ടിലെ കൊച്ചി.

### ൧. ഭരണസമ്പ്രദായം.

ശക്തൻതമ്പുരാൻ തിരുമനസ്സിലെ കാലശേഷം സ്ഥാനത്തുവന്ന രാജാക്കന്മാരുടെ അശക്തിനിമിത്തം രാജ്യഭരണം നന്നേ ദുഷിച്ചു. നിയമലംഘനവും അക്രമപ്രവൃത്തികളും രാജ്യമെങ്ങും പരന്നു. തിരുവിതാംകൂറിൽ വേലുത്തമ്പിദളവായുടെ നേതൃത്വത്തിൽ അക്കാലത്തുണ്ടായ രാജ്യകലഹത്തിന്റെ ശല്യം കുറഞ്ഞൊന്നു കൊച്ചിയേയും ബാധിച്ചു. സൈനികവൃത്തിയിൽ ഏർപ്പെട്ടിരുന്ന കൊച്ചിക്കാർക്കു ജോലിയില്ലാതായതുകൊണ്ടു് അവർ സംഘം ചേർന്നു് അവിടവിടെ അക്രമപ്രവൃത്തികൾ നടത്തിയിരുന്നു. ഇക്കാലത്തു റസിഡൻറായിരുന്ന കർണ്ണൽ മൺറോ, 1812 ജൂൺ മാസത്തിൽ, നേരിട്ടു ഭരണകാര്യം കയ്യേററു.

അരാജകത്വവും അക്രമങ്ങളും നിൎത്തുവാനാണു മൺറോ ഒന്നാമതായി ശ്രമിച്ചതു്. ബ്രിട്ടീഷുകാരുടെ വക സഹായസൈന്യത്തെ അദ്ദേഹം പലദിക്കിലും താമസിപ്പിച്ചു്, കൊള്ളക്കാരേയും കൂട്ടായ്മക്കവെച്ചുക്കാരേയും തേടിപ്പിടിച്ചു് ഉന്മൂലനം ചെയ്തു. കൈക്കൂലി മേടിച്ചിരുന്ന ഉദ്യോഗസ്ഥന്മാരെ പരസ്യമായ സ്ഥലത്തുവെച്ചു്, മുക്കാലിയിൽ കെട്ടി അടിച്ചിരുന്നു. ഈ തരത്തിലുള്ള നിഷ്കൎഷയായ പ്രവൃത്തികൾ തുടങ്ങിയപ്പോൾ രാജ്യത്തു സമാധാനമുണ്ടായി. പണ്ടത്തെ കാൎയ്യക്കാരന്മാരെ നീതിന്യായം നടത്തുന്ന ജോലിയിൽനിന്നു് ഒഴിവാക്കി, നികുതി പിരിക്കുവാൻ മാത്രം ചുമതലപ്പെടുത്തി. നീതിന്യായഭരണത്തിനു പ്രത്യേകകോടതികൾ സ്ഥാപിച്ചു. രാജ്യത്തിൻെറ രക്ഷയ്ക്കുവേണ്ടി ഒരു പോലീസ്സുസൈന്യത്തെ ഏൎപ്പെടുത്തി. ഉദ്യോഗസ്ഥന്മാരുടെ മാസപ്പടി ക്രമീകരിച്ചു. ഉദ്യോഗത്തിൽനിന്നു പിരിഞ്ഞുപോകുന്നവൎക്കു് അടുത്തൂൺ കൊടുപ്പാനുള്ള ഏൎപ്പാടും ചെയ്തു. ഭക്ഷണപദാൎത്ഥങ്ങളും ധാന്യങ്ങളും ഏററുമതിയും ഇറക്കുമതിയും ചെയ്യുന്ന കാൎയ്യത്തിൽ പിരിച്ചിരുന്ന ചുങ്കവും മററു ചില പ്രത്യേകനികുതികളും നിൎത്തൽ ചെയ്തു.

1809വരെ കുടിശ്ശികയായി കിടന്നിരുന്ന നികുതിബാക്കിയെല്ലാം ഇളച്ചുകൊടുത്തു. അനവധി നിരത്തുകളും പാലങ്ങളും പണിചെയ്യിച്ചു ഗതാഗതസൗകൎയ്യമുണ്ടാക്കി. ഭൂനികുതി, ചുങ്കം, മലവക വരവു്, മുതലായ വരുമാനങ്ങളെ കുത്തകയായി ഏല്പിക്കുന്ന

പതിവു നിൎത്തി, ആവക വരവുകൾ നേരിട്ടു പിരിച്ചു തുടങ്ങി. ദേവസ്വങ്ങളുടേയും ഊട്ടുപുരകളുടേയും ഭരണം ക്രമപ്പെടുത്തി. അവയുടെ ചിലവിനുവേണ്ട വ്യവസ്ഥ ചെയ്തു. വരവുചിലവുകളുടെ കണക്കു ശരിയായി വെയ്ക്കുന്നുണ്ടോ എന്നും, അധികച്ചിലവോ മറേറാ വരുന്നുണ്ടോ എന്നും നോക്കാൻ ഒരു പ്രത്യേക വകുപ്പു് ഏൎപ്പെടുത്തി. ഓരോ പ്രവൃത്തിയിലും ഓരോ പാഠശാല സ്ഥാപിച്ചു കുട്ടികളെ വിദ്യാഭ്യാസം ചെയ്യിച്ചു. ഭരണവൈശിഷ്ട്യംമൂലം രാജ്യത്തെ മുതലെടുപ്പു 5ലക്ഷം ഉറപ്പികയായിരുന്നതു് 7½ ലക്ഷമായി വൎദ്ധിച്ചു. റസിഡൻറിൻെറ ശുപാൎശയനുസരിച്ചു ബ്രിട്ടീഷ്ഗവൎമ്മെണ്ടു് കപ്പത്തിൻെറ തുക രണ്ടുലക്ഷമായി കുറച്ചു.

ക്രിസ്ത്യാനികളും, ജൂതന്മാരും, കൊങ്ങിണികളും ബ്രിട്ടീഷ്കോയ്മയുടെ അധികാരത്തിലാണു വൎത്തിച്ചിരുന്നതു്. അവരുടെ മേലുള്ള അധികാരം മുഴുവനും കൊച്ചിക്കു് ഒഴിഞ്ഞുകൊടുക്കേണ്ടതാണെന്നു റസിഡണ്ടു് ചെയ്ത ശുപാൎശ ബ്രിട്ടീഷ്ഗവൎമ്മെണ്ടു സ്വീകരിച്ചു. ഇതിൻെറ ഫലമായി കൊച്ചി അപ്പീൽക്കോടതിയിൽ ഒരു ക്രിസ്ത്യൻജഡ്ജിയെ നിയമിക്കണമെന്നു വ്യവസ്ഥ ചെയ്തു.

കൊച്ചിരാജ്യത്തിലെ കുഴപ്പങ്ങളെല്ലാം തീൎത്തു രാജ്യഭരണം നല്ല നിലയിലെത്തി എന്നു കണ്ടപ്പോൾ, തന്നെ ഭരണകാൎയ്യത്തിൽനിന്നു് ഒഴിവാക്കിയാൽ കൊള്ളാമെന്നു മൺറോ രാജാവിനോടു് അപേക്ഷിക്കു

കയും, തമ്പുരാൻ അതു സമ്മതിക്കുകയും ചെയ്തു. ദുൎഭരണം നീക്കി സൽഭരണത്തിന്റെ അസ്ഥിവാരമുറപ്പിക്കുന്നതിന്നു് അത്യന്തം പ്രയത്നിച്ച കൎണ്ണൽ മൺറോവിന്റെ പേരിനെ കൊച്ചിക്കാർ എന്നെന്നും സ്മരിക്കേണ്ടതാണു്.

## ൨. ദിവാൻ ശങ്കരവാരിയർ.

കൎണ്ണൽ മൺറോ കെട്ടിപ്പൊക്കിയ അസ്ഥിവാരത്തിന്മേൽ ശങ്കരവാരിയർ തന്റെ ഭരണസൗധം പണിതു. അദ്ദേഹത്തിന്റെ കാലത്തു കൊച്ചിരാജ്യത്തിന്നു നാനാമുഖമായ പുരോഗതിയുണ്ടായി; ഭരണസംബന്ധമായ സകലതിലും അദ്ദേഹം ദൃഷ്ടിപതിച്ചു. പ്രത്യേകിച്ചു മുതലെടുപ്പു്, മരാമത്തു്, കച്ചവടം, കൃഷി മുതലായവ വൎദ്ധിപ്പിക്കുന്നതിലും രാജ്യത്തു കഠിനകുററങ്ങൾ ഉണ്ടാകാതെ നോക്കുന്നതിലും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. പണം ശരിയായി പിരിച്ചെടുപ്പാനും, കണക്കുകൾ കൃത്യമായി വെക്കുവാനും, അനാവശ്യച്ചിലവുകൾ വരാതിരിപ്പാനും അദ്ദേഹം പ്രത്യേകം ദൃഷ്ടിവെച്ചു. തീക്ഷ്ണമായ മേൽനോട്ടം നിമിത്തം ആദായം വൎദ്ധിച്ചു. ആറേഴുകൊല്ലംകൊണ്ടു രാജ്യത്തിന്റെ ഒരു തലയ്ക്കൽനിന്നു മറേറത്തലയ്ക്കൽവരെ വണ്ടിയാത്രയ്ക്കു സൗകൎയ്യമുള്ള നിരത്തുകളുണ്ടാക്കി. ഇപ്പോൾ നമ്മുടെ രാജ്യത്തുള്ള മിക്ക ഇരുമ്പുപാലങ്ങളും അദ്ദേഹത്തിന്റെ കാലത്തുണ്ടാക്കിയവയാണു്. വഴിയാത്രക്കാൎക്കു താമസിപ്പാൻവേണ്ടി സത്രങ്ങളും ബ

ക്ളാവുകളും അദ്ദേഹം ഉണ്ടാക്കി. അരണ്ണാട്ടുകര ത്തോട്ടും ഇടത്തുരുത്തിത്തോട്ടും കഴിപ്പിച്ചതും, തേവര-കുണ്ടന്നൂർ തോടുണ്ടാക്കിയതും അദ്ദേഹമാണു്. വെള്ളം കെട്ടിനിൎത്തുവാനും ഉപ്പുവെള്ളം കടക്കാതിരിപ്പാനും വേണ്ട ചിറകൾ മിക്കതും അന്നാണു് ഉണ്ടാക്കപ്പെട്ടതു്. ഈ മരാമത്തുകൾമൂലം തരിശായി കിടന്നിരുന്ന വളരെ സ്ഥലം കൃഷിക്കുപയുക്തമായി.

അദ്ദേഹത്തിന്റെ കാലത്തുണ്ടായ മററു പരിഷ്കാരങ്ങളിൽവെച്ചു് എററവും പ്രധാനപ്പെട്ടതു് അടിമകളെ സ്വാതന്ത്ര്യരാക്കിയതാണു്. അങ്ങനെ സ്വാതന്ത്ര്യം ലഭിച്ച അടിമകളുടെ എണ്ണം 58,000ത്തിൽ കുറവല്ലായിരുന്നു. എറണാകുളത്തു് ഒരു ഇംഗ്ലീഷു സ്കൂളും, രോഗികളെ ധൎമ്മമായി ചികിത്സിപ്പാൻ ഒരു ആസ്പത്രിയും അദ്ദേഹം സ്ഥാപിച്ചു. ഈവിധം പതിനേഴു സംവത്സരക്കാലത്തോളം ചെയ്ത കായികവും മാനസികവും ആയ അദ്ധ്വാനംനിമിത്തം ശരീരം ക്ഷയിച്ചു്, 1856 ഒക്ടോബർ 23-ാം൹, അദ്ദേഹം പരലോകപ്രാപ്തനായി.

## ൩. ദിവാൻ ശങ്കുണ്ണിമേനോൻ.

പിന്നീടു്, ശങ്കരവാരിയരുടെ മൂത്തപുത്രനായ തോട്ടക്കാട്ടു ശങ്കുണ്ണിമേനോൻ ദിവാനായി. ഉദ്യോഗം കയ്യേററു മൂന്നുനാലു കൊല്ലം കഴിയുന്നതുവരെ പരമേശ്വരപട്ടർ സൎവ്വാധികാൎയ്യക്കാരുടെ മത്സരം നിമിത്തം ഭരണം വേണ്ടതുപോലെ നടത്തുവാൻ അദ്ദേ

ഹത്തിനു സാധിച്ചില്ല. 1864ൽ, അന്നത്തെ രാജാവു തീപ്പെട്ടതിനുശേഷം, രാജ്യഭാരം കയ്യേററ രാമവമ്മ ത്തമ്പുരാൻ ദിവാൻജിയെ പൂണ്ണമായി വിശ്വസിക്കു കയും, ഭരണകാൎയ്യം മുഴുവനും അദ്ദേഹത്തെ ഏല്പിച്ചു കൊടുക്കുകയും ചെയ്തു. ഉടനെ പരമേശ്വരപട്ടരെ ഉദ്യോഗത്തിൽനിന്നും ഒഴിവാക്കി നെമ്മാറയ്ക്കു നാടു കടത്തി.

നീതിന്യായവകുപ്പിനെ ഒന്നു് ഉടച്ചുവാക്കാനാ ണു ശങ്കുണ്ണിമേനോൻ ഒന്നാമതായി ശ്രമിച്ചതു്. അദ്ദേഹം അന്നത്തെ ന്യായാധിപന്മാരെയെല്ലാം ഉദ്യോഗത്തിൽനിന്നു് ഒഴിവാക്കി, യോഗ്യന്മാരായ അഭിഭാഷകന്മാരേയും മററും ന്യായാധിപന്മാരായി നിയമിച്ചു. അവരുടെ പ്രവൃത്തി ശരിയായി നിൎവ്വഹിക്കേണ്ടതിനാവശ്യമായ നിയമങ്ങളും നടപ്പാക്കി. മറെറാരു പരിഷ്കാരം ഉൾനാട്ടുചുങ്കവും, പുകയിലക്കുത്തകയും നിൎത്തൽചെയ്യുകയും, ഉപ്പിൻെറ വില ബ്രിട്ടീഷ്‌വിലയ്ക്കൊപ്പിക്കുകയും ചെയ്യുതാണു്. ചുങ്കവും മററും നിൎത്തിയതുകൊണ്ടുണ്ടായ നഷ്ടത്തെ പരിഹരിപ്പാൻ ബ്രിട്ടീഷ്‌ഗവമ്മേണ്ടിൽനിന്നു് ഒരുലക്ഷത്തിൽപരം ഉറുപ്പിക കൊല്ലംതോറും കൊച്ചിക്കു കൊടുക്കാമെന്നു കരാറു ചെയ്തു. അദ്ദേഹത്തിൻെറ കാലത്തു ഭൂനികുതിയിൽനിന്നുള്ള വരവു 35 ശതമാനം വൎദ്ധിച്ചു.

മരാമത്തുവകയ്ക്കു് അദ്ദേഹം ധാരാളം പണം ചിലവഴിച്ചിരുന്നു. പഴയ നിരത്തുകളിൽ മിക്കതും കല്ലിട്ടുതല്ലി ഉറപ്പിച്ചതും, ഷൊർണ്ണൂർപാലം കെട്ടിച്ചു

തും, രാജ്യത്തുള്ള മിക്ക സക്കാർകെട്ടിടങ്ങളും സ്കൂളുകളും പണിചെയ്യിച്ചതും, ചിററൂർത്താലൂക്കിൽ ചില അണകഠം കെട്ടിച്ചതും, കടൽവെള്ളം തിരയടിച്ചു കയറാതിരിപ്പാൻ വയ്യ് ചിറയിട്ടതും ഈ ദിവാൻജിയുടെ കാലത്താണു്.

ദിവാൻ ശങ്കുണ്ണിമേനോനാണു് എറണാകുളം ഹൈസ്കൂഠം ഒരു രണ്ടാം ഗ്രേഡ് കോളേജാക്കുകയും എല്ലാത്താലൂക്കുകളിലും ഇംഗ്ലീഷ് സ്കൂളുകഠം സ്ഥാപിക്കുകയും ചെയ്തതു്. തൃശ്ശിവപേരൂരിലും മററു സ്ഥലങ്ങളിലും ആസ്പത്രികഠം ഏപ്പെടുത്തി. വസൂരി കുത്തിവെക്കുന്ന സമ്പ്രദായം പൂവ്വാധികം വദ്ധിപ്പിച്ചു. 19 കൊല്ലത്തെ ഭരണത്തിനുശേഷം ശങ്കുണ്ണിമേനോൻ ദിവാനുദ്യോഗത്തിൽനിന്നു് ഒഴിഞ്ഞു. അദ്ദേഹത്തിന്റെ യോഗ്യത മനസ്സിലാക്കിയ ബ്രിട്ടിഷ് ചക്രവത്തി അദ്ദേഹത്തിനു സി. എസ്സ്. ഐ. എന്ന ബഹുമതി കല്പിച്ചുകൊടുത്തു.

---

## അദ്ധ്യായം ൧൬.

## മൂന്നു രാജഷിമാർ.

### ൧. സർ ശ്രീരാമവമ്മ (1895_1914.)

1895 സെപ്തംബർ 11_ാംനു-മുതൽ സർ ശ്രീരാമവമ്മ മഹാരാജാവു വാഴ്ചതുടങ്ങി. ശക്തൻതമ്പു

രാൻ, കണ്ണൽ മൺറോ, ദിവാൽ ശങ്കരവാരിയർ, ദിവാൻ ശങ്കുണ്ണിമേനോൻ എന്നീ രാജ്യഭരണധുരന്ധരന്മാർക്കുശേഷം ഇത്ര യോഗ്യനായ ഒരു ഭരണകർത്താവു നമ്മുടെ നാട്ടിൽ വേറെ ഉണ്ടായിട്ടില്ല. സകലത്തേയും ചുഴിഞ്ഞുനോക്കുന്ന അദ്ദേഹത്തിൻെറ ദൃഷ്ടിക്കു ഗോചരമല്ലാത്ത ഭരണകാൎയ്യങ്ങൾ യാതൊന്നുമുണ്ടായിരുന്നില്ല. പല വകുപ്പുകളേയും അദ്ദേഹം പരിഷ്ക്കരിച്ചു കാലോചിതമാക്കുകയും, മററു ചിലതു പുതിയതായുണ്ടാക്കുകയും ചെയ്തു. ചൈതന്യവും ഓജസ്സും കുറവായിരുന്ന വകുപ്പുകൾ വീൎയ്യവും ഉത്സാഹവുമുള്ള ഉദ്യോഗസ്ഥന്മാരെ ഏല്പിച്ചു. അവരുടെ സാന്നിദ്ധ്യം ആവക വകുപ്പുകളെ സജീവവും കൎമ്മക്ഷമവുമാക്കി.

ബ്രിട്ടീഷ് ഇന്ത്യയിലെപ്പോലെയുള്ള ഒരു ഭരണരീതി തൻെറ രാജ്യത്തും ഏൎപ്പെടുത്തണമെന്നു കരുതി മദ്രാസ് സംസ്ഥാനത്തിലെ പ്രധാനോദ്യോഗസ്ഥന്മാരിൽ ഒരാളായിരുന്ന സർ രാജഗോപാലാചാരിയെ അദ്ദേഹം ദിവാൻജിയായി വരുത്തി. അതുമുതൽ 15 കൊല്ലത്തേക്കു രാജ്യത്തിനുണ്ടായ മേൽഗതി ഏറ്റവും പ്രശംസാർഹമായിരുന്നു. അങ്ങനെ ഇൻഡ്യയിലെ പ്രധാനപ്പെട്ട നാട്ടുരാജ്യങ്ങളുടെ കൂട്ടത്തിൽ കൊച്ചിക്കു് ഉന്നതമായ ഒരു സ്ഥാനം സിദ്ധിച്ചു.

ഈ മഹാരാജാവിൻെറ കാലത്തുണ്ടായ പരിഷ്കാരങ്ങളിൽ മുഖ്യമായവ മുതൽക്കുട്ടവകുപ്പുപരിഷ്കാരം, തീവണ്ടി നടപ്പാക്കൽ, കണ്ടെഴുത്തു്, വനം വകുപ്പു പരിഷ്കാരം, ട്രാംവണ്ടി ഏൎപ്പെടുത്തൽ മുതലായവയാ

യിരുന്നു. റവന്യൂക്രിമിനൽവകുപ്പുകളെ വേർതിരിച്ച് അവയെ ഭരിപ്പാൻ പ്രത്യേകോദ്യോഗസ്ഥന്മാരെ നിയമിച്ചു. കൃഷിപരസ്പരസഹായവകുപ്പുകൾ പുതിയതായി ഏർപ്പെടുത്തി. ഇതിനും പുറമെ ചില പട്ടണങ്ങളിൽ അദ്ദേഹം ദേശീയഭരണക്രമവുമേർപ്പെടുത്തി. വിദ്യാഭ്യാസവകുപ്പു ക്രമാതീതമായി വലുതാവുകയാൽ അതിൻെറ നടത്തിപ്പിലേയ്ക്കു് ഒരു വമ്പിച്ചതുക കൊല്ലംതോറും ചിലവിട്ടിരുന്നു.

അദ്ദേഹത്തിൻെറ ഭരണത്തിൽ സന്തുഷ്ടരായ അധീശഗവമ്മെണ്ടു കെ. സി. എസ്സ്. ഐ., ജി. സി. എസ്സ്. ഐ., ജി. സി. ഐ. ഇ. എന്നീ ബിരുദങ്ങൾ അദ്ദേഹത്തിനു കല്പിച്ചുകൊടുത്തു. 1902-ലെ ഡൽഹി ഡർബാറിൽ ക്ഷണപ്രകാരം അദ്ദേഹവും പങ്കുകൊണ്ടു. 1906-ൽ മദ്രാസിൽവെച്ച് അന്നത്തെ വെയിൽസു രാജകുമാരനേയും പത്നിയേയും മുഖം കാണിച്ചു. ഇൻഡ്യയുടെ എല്ലാഭാഗങ്ങളുംതന്നെ അദ്ദേഹം സന്ദർശിക്കുകയുണ്ടായിട്ടുണ്ടു്. ഇൻഡ്യാവൈസ്രോയി, മദ്രാസ്ഗവർണ്ണർ, തിരുവിതാംകൂർ മഹാരാജാവു മുതലായവർ ഇവിടെയെത്തി അദ്ദേഹത്തിൻെറ ആതിത്ഥ്യം സ്വീകരിച്ചു. ശ്രീമാൻ സുബ്രഹ്മണ്യപ്പിള്ള, സർ രാജഗോപാലാചാരി, ശ്രീമാൻ പട്ടാഭിരാമറാവു, സർ ഏ. ആർ. ബാനർജി, സർ ജെ. ഡബ്ളിയു. ഭോർ എന്നിവർ ആയിരുന്നു അദ്ദേഹത്തിൻെറ ദിവാൻജിമാർ. ഇവർ എല്ലാവരും നാട്ടിൻെറ നന്മയ്ക്കുവേണ്ടി അത്യന്തം പ്രയത്നിച്ചിട്ടുള്ളവ

രാണ്. 19 കൊല്ലക്കാലത്തോളം പ്രശംസമായവിധ ത്തിൽ രാജ്യം ഭരിച്ചതിനുശേഷം തിരുമനസ്സുകൊണ്ടു 1914ൽ സ്ഥാനത്യാഗം ചെയ്തു സ്വസ്ഥവൃത്തിയിൽ പ്രവേശിച്ചു. 1932ൽ അവിടുന്നു നാടുനീങ്ങി.

## ൨. സർ ശ്രീ രാമവൎമ്മ (1914-1932.)

അനന്തരം അത്തം തിരുനാറം സർ ശ്രീരാമവൎമ്മ മഹാരാജാവായി 17 കൊല്ലത്തോളം വാണു. ധനതത്വവിശാരദനായ അദ്ദേഹത്തിന്റെ കാലത്തു രാജ്യത്തിന്റെ ക്ഷേമവും ഐശ്വൎയ്യവും പൂൎവ്വാധികം വൎദ്ധിച്ചു. പ്രജകളുടെ പ്രധാനജീവിതമാൎഗ്ഗമായ കൃഷിയെ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന് അദ്ദേഹം വേണ്ട ശ്രമങ്ങറം ചെയ്തു. കടക്കാരായ കൃഷിക്കാരുടെ കടം തീക്കുവാനും, കൃഷിസ്ഥലങ്ങറം നന്നാക്കുവാനും വേണ്ടി അവക്കു ചുരുങ്ങിയ പലിശയ്ക്കു പണം കടംകൊടുത്തു. അശ്രദ്ധകൊണ്ടും മൂലധനമില്ലാഞ്ഞിട്ടും നശിച്ചുകിടന്നിരുന്ന വ്യവസായങ്ങളെ പുനൎജ്ജീവിപ്പിച്ചു. കുടിൽവ്യവസായങ്ങറംവഴി സാധുക്കളായ അനേകംപേക്കു് ഉപജീവനമാൎഗ്ഗം ഉണ്ടാക്കിക്കൊടുത്തു. അതോടുകൂടി കച്ചവടം വൎദ്ധിക്കുകയാൽ കടൽച്ചുങ്കം, തീവണ്ടി മുതലായ ഇനങ്ങളിൽ നിന്നുള്ള വരവിനു് അഭിവൃദ്ധിയുണ്ടായി. ഈ മഹാരാജാവുതിരുമനസ്സിലെ കാലത്തുണ്ടായ പ്രധാനപരിഷ്കാരം നിയമനിൎമ്മാണസഭ ഏൎപ്പെടുത്തിയതാണ്.

തിരുമനസ്സിലെ ദിവാൻജിമാർ സർ ജേ. ഡബ്ലിയൂ. ഭോർ, സർ വിജയരാഘവാചാരി, റാവു ബഹ

ദ്ദൂർ നാരായണമേനോൻ, ദിവാൻ ബഹദ്ദൂർ ടി. എസ്സ്. നാരായണയ്യർ, സി. ജി. ഹെർബർട്ട് എന്നിവരായിരുന്നു. തിരുമനസ്സിലെ കാലത്തു പല നിയമങ്ങളേയും പുതുക്കി കാലോചിതമാക്കുകയും, പുതിയ ചില നിയമങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്തു. കൊച്ചിരാജാക്കന്മാൎക്കു "മഹാരാജാവു്" എന്ന ഉന്നത പദവി കിട്ടിയതു് അവിടുത്തെ കാലത്താണു്. പ്രാഥമികവിദ്യാഭ്യാസം അവിടുന്നു സൗജന്യമാക്കുകയും, എറണാകുളം കോളെജിനെ ഒന്നാംഗ്രേഡാക്കുകയും ചെയ്തു. 1932ൽ തമ്പുരാൻ ചികിത്സയ്ക്കുവേണ്ടി മദ്രാസിലേക്കു് എഴുന്നെള്ളി; അവിടെവെച്ചു തീപ്പെട്ടു.

## ൩. ധാൎമ്മികചക്രവൎത്തി (1932-1941.)

അതിനെത്തുടൎന്നു ശ്രീമൂലം തിരുനാൾ സർ രാമവൎമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു സ്ഥാനാരോഹണം ചെയ്തു. ചെറുവണ്ണൂർ-എറണാകുളം റെയിൽവേ ബ്രോഡ്ഗേജാക്കി വെല്ലിംഗ്ഡൺദ്വീപുവരെ നീട്ടിയതും, കൊച്ചിത്തുറമുഖത്തിൻെറ പണി പൂൎത്തിയാക്കി അതൊരു വലിയ തുറമുഖമാക്കിയതും, ഈ തിരുമേനിയുടെ കാലത്താണു് ഇതുമൂലം കൊച്ചിയിലെ മുതലെടുപ്പു ഗണ്യമായവിധം വൎദ്ധിക്കുകയും, രാജ്യത്തിൻെറ ഖ്യാതി വിദൂരരാജ്യങ്ങളിൽപ്പോലും പ്രചരിക്കുകയും ചെയ്തു. തിരുമനസ്സിലെ ഭരണാരംഭകാലത്തു മി. സി. ജി. ഹെർബർട്ടായിരുന്നു ദിവാൻജി. അദ്ദേഹം ബ്രിട്ടീഷ് സൎവ്വീസിലേയ്ക്കു തിരിച്ചുപോയപ്പോൾ,

സർ ആർ. കെ. ഷൺമുഖംചെട്ടി അവർകളെ ദിവാനായി നിയമിച്ചു. "വിപുലമായ ഗ്രാമീണജനസാമാന്യത്തിന്റെ അഭിവൃദ്ധിയിലാണു നമ്മുടെ നിരന്തരമായ ശ്രദ്ധ; അവരുടെ സൗഭാഗ്യത്തിലാണു നമ്മുടെ കൃതാൎത്ഥത" എന്നതായിരുന്നു ഈ മഹാരാജാവു തിരുമനസ്സിലെ ആദൎശം. ഭൂസ്വത്തുജാമ്യബാങ്ക്, ഋണരഞ്ജനസമിതി, കൎഷകസഹായനിയമം, മുതലായി അവിടുന്നു നടപ്പാക്കിയ ഏൎപ്പാടുകൾ മൂലം കരിയും കൈക്കോട്ടും ഉപജീവനമാൎഗ്ഗമായി സ്വീകരിച്ചുപോന്ന സാധുക്കൾക്കുണ്ടായ സഹായം അസാമാന്യമായിരുന്നു.

അവിടുത്തെ ഭരണകാലത്തു നിയമസഭയെ പരിഷ്കരിക്കുകയും, ഡിപ്യൂട്ടി പ്രസിഡൻറിനെ തിരഞ്ഞെടുക്കുന്നതിനും ഉപചോദ്യങ്ങൾ ചോദിക്കുന്നതിനുമുള്ള അവകാശം അതിനു നല്കുകയും ചെയ്തു. സ്കൂൾഫൈനൽ പരീക്ഷായോഗ്യതയുള്ളവൎക്കും സൎക്കാരിലേയ്ക്കു് എന്തെങ്കിലും നികുതി കൊടുക്കുന്നവൎക്കും സമ്മതിദാനാവകാശം നല്കി. നാട്ടുരാജ്യങ്ങളിൽ ആദ്യമായി ഗവമ്മെണ്ടു് ആക്ടു് നടപ്പാക്കിയതും, ഉത്തരവാദിത്വഭരണം ഏൎപ്പെടുത്തിയതും അവിടുന്നാണു്. നിയമസഭയോടു് ഉത്തരവാദിത്വമുള്ള ഒരു ജനകീയമന്ത്രിയേക്കൂടി ദിവാനോടൊപ്പം അവിടുന്നു് ഉപദേഷ്ടാവായി സ്വീകരിച്ചു. ഗ്രാമോദ്ധാരണപരമായ വകുപ്പുകളുടെ ഭരണം ആ മന്ത്രിയെ ഏല്പിച്ചുകൊടുത്തു. ആദ്യത്തെ മന്ത്രി ശ്രീമാൻ അമ്പാട്ടു ശിവരാമമേനോനായിരുന്നു. അദ്ദേഹത്തിന്റെ അകാലചരമത്തിൽ,

ഡോക്ടർ എ. ആർ. മേനോൻ മന്ത്രിയായി.

ഈ തിരുമേനി നാട്ടിൽ പല വ്യവസായങ്ങളേർപ്പെടുത്തുകയും, പ്രധാനപട്ടണങ്ങളിൽ വിദ്യുച്ഛക്തി നടപ്പാക്കുകയും ചെയ്തു. ജലദൗർല്ലഭ്യമുള്ള സ്ഥലങ്ങളിൽ കുഴൽവെള്ളം ഏർപ്പെടുത്തി. കായലിനടിയിൽ പൈപ്പുകളിട്ടു മട്ടാഞ്ചേറിയിൽ ആലുവാവെള്ളം സുലഭമാക്കി. ഇൻഡ്യയിൽ ഇത്തരമൊരു സംരംഭം ഇതാദ്യമായിട്ടാകുന്നു. ജലമാൎഗ്ഗമായുള്ള കച്ചവടത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കായി ഷൺമുഖം കനാൽ പോലെയുള്ള തോടുകൾ കുഴിപ്പിച്ചു. എറണാകുളം, തൃശ്ശിവപേരൂർ മുതലായ പട്ടണങ്ങളെ ആധുനികരീതിയിൽ പരിഷ്ക്കരിച്ചു. പല പുതിയ നിരത്തുകളും കെട്ടിടങ്ങളും പണികഴിപ്പിച്ചു. പള്ളുരുത്തി, വടക്കാഞ്ചേരി മുതലായി പല ആശുപത്രികളും പുതുതായി സ്ഥാപിക്കുകയും, എറണാകുളത്തും തൃശ്ശൂരും നവീനചികിത്സാസമ്പ്രദായങ്ങൾ പലതും നടപ്പാക്കുകയും, തൃശ്ശൂർ ഒരു ക്ഷയരോഗക്ലിനിക്കു് സ്ഥാപിക്കുകയും ചെയ്തു. ആയുർവ്വേദം, വ്യവസായം മുതലായവയ്ക്കു പുതിയ വകുപ്പുകൾതന്നെ ഏർപ്പെടുത്തി. സിക്രട്ടറിയേററ പരിഷ്ക്കരിച്ചു. ചീഫ്കോടതിയെ ഒരു ഹൈക്കോടതിയായി ഉയൎത്തി. ഇവിടത്തെ നിയമങ്ങളേയും ചട്ടങ്ങളേയും ക്രോഡീകരിച്ചു പ്രസിദ്ധപ്പെടുത്തി. ഉദ്യോഗങ്ങളിൽ എല്ലാ സമുദായങ്ങൾക്കും പ്രാതിനിധ്യം നല്കുന്നതിലേയ്ക്കായി സ്റ്റാഫ് സിലക്ഷൻ ബോഡു് ഏർപ്പെടുത്തി. തൃശ്ശൂർ ഒരു ചിത്രകലാലയം തുട

ങ്ങുകയും, കേരളകലാമണ്ഡലം ഗവർമെൻറവഭരണത്തിലെടുക്കുകയും ചെയ്തു.

വെല്ലിംഗ്ഡൺപ്രഭു, ലിൻലിത്ത്ഗോ പ്രഭു എന്നീ വൈസ്രോയിമാർ അവിടുത്തെ കാലത്തു കൊച്ചി സന്ദർശിച്ചു. തിരുമനസ്സുകൊണ്ടു ഭാരതത്തിൻെറ നാനാഭാഗങ്ങളിലുമുള്ള മഹാക്ഷേത്രങ്ങളേയും പുണ്യതീത്ഥങ്ങളേയും സന്ദശിക്കുകയുണ്ടായി. അവിടുത്തെ മതനിഷ്ഠയെ ശ്ലാഘിച്ച് അഖിലഭാരതസനാതനവർണ്ണാശ്രമധമ്മപരിഷത്തുകാർ അവിടുത്തേക്കു 'ധാമ്മികചക്രവത്തി' എന്ന ബിരുദവും, കാശി ഹിന്ദുസർവ്വകലാശാലാധികൃതന്മാർ എൽ. എൽ. ഡി. ബിരുദവും, ചക്രവത്തി തിരുമനസ്സുകൊണ്ടു ജി. സി. ഐ. ഇ. എന്ന ബഹുമതിയും അവിടേക്കു പ്രദാനം ചെയ്തു. പ്രജാക്ഷേമൈകനിരതനായിരുന്ന ഈ തിരുമേനി 1941ൽ ചൊവ്വരവെച്ചു തീപ്പെട്ടു.

---

## അദ്ധ്യായം ൧൭.

## ശ്രീ കേരളവമ്മമഹാരാജാവ്.

ധാമ്മികചക്രവത്തിതിരുമേനിയെത്തുടന്ന്, "മിടുക്കൻ" എന്ന അന്വത്ഥനാമാവായ ശ്രീ ഉത്രാടം തിരുനാൾ കേരളവമ്മമഹാരാജാവു തിരുമനസ്സുകൊണ്ട്, 1941 ഏപ്രിൽമാസത്തിൽ സ്ഥാനാരോഹണം ചെയ്തു. മദ്രാസ്സിൽവെച്ചു തീപ്പെട്ട സർ രാമവമ്മ തിരു

മനസ്സിലെ നേരേ അനുജനായ ഈ തിരുമേനി ജ്യേഷ്ഠനെപ്പോലെതന്നെ ധനതത്വശാസ്ത്രത്തിലും വിഷവൈദ്യത്തിലും അസാമാന്യനിപുണനാകുന്നു. അവിടത്തെ സ്ഥാനാരോഹണം ഏററവും അനാഡംബരമായ തോതിലാണു നടത്തപ്പെട്ടതു്. സാധുക്കളോടും കഷ്ടപ്പെടുന്നവരോടും അവിടത്തേയ്ക്കു പുത്രനിവ്വിശേഷമായ വാത്സല്യവും അനുകമ്പയുമുണ്ടു്. അവിടത്തെ സിംഹാസനാരോഹണച്ചെലവു കുറച്ചിട്ടു്, ആ തുക യുദ്ധംമൂലം ദുരിതമനുഭവിക്കുന്നവരുടെ സഹായാത്ഥം അയച്ചുകൊടുത്തു. 1941 ജൂൺമാസാരംഭത്തിൽ കൊടുങ്കാററുനിമിത്തമുണ്ടായ ദുരിതങ്ങളെ പരിഹരിക്കുവാൻ ഉടനടി അവിടുന്നു വേണ്ട നിഷ്കഷ ചെയ്തു. കടക്കാരുടെ മേലുള്ള നടപടി ഏതാനും നാളത്തേയ്ക്കു നിത്തിവെച്ചും, ഭവനരഹിതക്കു ഭവനനിമ്മാണത്തിനായി സൗജന്യമായും വായ്പയായും തുകകഠം അനുവദിച്ചും, ഭൂനികുതി ഇളച്ചും, സ്കൂഠംഫീസു കുറച്ചും, കൃഷിവായ്പകഠം അനുവദിച്ചും, മററും ദുരിതനിവാരണത്തിനു് അവിടുന്നു് ഉടനടി യത്നിച്ചു.

1941_ൽ സർ ആർ. കെ. ഷൺമുഖംചെട്ടി ദിവാൻപദത്തിൽനിന്നു വിരമിച്ചപ്പോഠം മദ്രാസുസവ്വീസിൽ നിന്നു മി. ഏ. എഫ്. ഡബ്ളിയൂ. ഡിക്സനെ ദിവാനായി നിയമിച്ചു. ഗ്രാമോദ്ധാരണമന്ത്രി ഡോക്ടർ ഏ. ആർ. മേനോനിൽ നിയമസഭ അവിശ്വാസം രേഖപ്പെടുത്തിയപ്പോഠം, സഭയ്ക്കു വിശ്വാസമുള്ള മി. ടി. കെ. നായരെ മന്ത്രിയായി നിയമിച്ചു. യു

ദ്ധസഹായാർത്ഥമുള്ള യത്നങ്ങളെ വിപുലപ്പെടുത്തുകയും അതിലേയ്ക്കു് ഒരു പ്രത്യേകവകുപ്പുതന്നെ ആരംഭിക്കുകയും ചെയ്തു. യുദ്ധം മൂലമുണ്ടായിരിക്കുന്ന പരിതഃസ്ഥിതികളെ അഭിമുഖീകരിക്കുവാൻ വേണ്ട നടപടികളെടുക്കുകയും ഭക്ഷ്യോല്പാദനവർദ്ധനവിനും തൊഴിലില്ലാത്തവർക്കു തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനുമുള്ള പദ്ധതികൾ ആരംഭിക്കുകയും ചെയ്തു.

കഴിഞ്ഞ 50 കൊല്ലത്തിനുള്ളിൽ കൊച്ചിക്കുണ്ടായിരിക്കുന്ന അഭിവൃദ്ധി വാചാമഗോചരമാണു്. തൽഫലമായി ഈ ചെറിയ രാജ്യം ഇന്നു് ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളുടെ മുന്നണിയിലെത്തിയിരിക്കുന്നു. മഹാരാജാവു തിരുമനസ്സുകൊണ്ടു് ഒരു വ്യവസ്ഥാപിതഭരണാധികാരിയായി രാജ്യം ഭരിക്കുന്നു. ജനസാമാന്യത്തിന്റെ സൗഭാഗ്യമാണു് തിരുമനസ്സിലെ ലക്ഷ്യം. ഇങ്ങനെ പ്രജാക്ഷേമൈകനിരതമായ മാടരാജവംശവും, ആ വംശത്തിന്റെ മണിവിളക്കായ ശ്രീകേരളവർമ്മമഹാരാജാവു തിരുമേനിയും നീണാൾ വിജയിക്കുമാറാകട്ടെ.

---

*Printed at the Viswanath Press, Ernakulam.*